# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ഡിസംബർ 2025 | വാല്യം 52 ലക്കം 9 | പേജ് 12 | വില ₹10.00

UNITY Monthly | December 2025 | Volume 52 Issue 9 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00





# വോട്ടവകാശം നിഷേധിക്കുന്ന തീവ്ര വോട്ടർപട്ടിക പരിഷ്കരണം

**ഇന്ത്യയിലെ കോടിക്കണക്കിന് ജനങ്ങൾ ഇന്ന് ഭീതിയാൽ നെട്ടോട്ടമോടുകയാണ്. എസ്ഐആർ എന്ന ഓമനപ്പേരിൽ വോട്ടേഴ്സ് ലിസ്റ്റിന്റെ തീവ്ര പുനഃപരിശോധനയ്ക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ തുടക്കം കുറിച്ചിരിക്കുന്നതാണ് കാരണം. എസ്ഐആർ ആവശ്യപ്പെടുന്ന രേഖകൾ കൈവശമില്ലാത്തതുകൊണ്ട് സാധാരണപൗരന്മാരുടെയും ജോലിസമ്മർദ്ദം താങ്ങാനാകാതെ കേരളത്തിലുൾപ്പെടെ ബിഎൽഒമാരുടെയും ആത്മഹത്യകൾ ഇതിനകം റിപ്പോർട്ടുചെയ്യപ്പെട്ടുകഴിഞ്ഞു.**

തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ നിഷ്പക്ഷനാട്യങ്ങളും കളഞ്ഞ് ഫലത്തിൽ ഭരണകക്ഷിയുടെ ഭാഗം പോലെ പ്രവർത്തിക്കുകയാണ്. അവരുടെ തിട്ടൂരങ്ങൾക്ക് വഴങ്ങാത്തവരെയൊക്കെ വോട്ടർ പട്ടികയിൽനിന്ന് നീക്കം ചെയ്യാനാണ് ശ്രമം. ബീഹാറിനുശേഷം ഇനി തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന 12 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 52 കോടി ജനങ്ങൾ തികച്ചും അപകടകരവും അസംബന്ധം നിറഞ്ഞതുമായ എന്യൂമറേഷൻ ഫോം പൂരിപ്പിക്കുകയും മറ്റ് അനുബന്ധ രേഖകൾ ഹാജരാക്കുകയും വേണം. ഡിസംബർ നാലിനു മുൻപ് ഈ പ്രക്രിയ പൂർത്തിയാക്കിയാൽ മാത്രമേ അവർക്ക് വോട്ടേഴ്സ് ലിസ്റ്റിൽ തുടരാൻ അർഹതയുള്ളൂ. വോട്ടേഴ്സ് ലിസ്റ്റിൽ പേരുണ്ടാവുക എന്നാൽ ഇന്ത്യൻ പൗരൻ ആയിരിക്കുക എന്നർത്ഥം. അഥവാ അവരുടെ പൗരത്വംതന്നെ അനിശ്ചിതത്വത്തിൽ ആയിരിക്കുകയാണ്. സാധാരണക്കാർ നിത്യജീവിതം നയിക്കാൻ നെട്ടോട്ടം ഓടിക്കൊണ്ടിരിക്കുമ്പോഴാണ് അവർക്ക് മുകളിൽ ഡെമോക്ലിസിന്റെ വാളുപോലെ പൗരത്വപ്രശ്നം തൂങ്ങിനിൽക്കുന്നത്.

### വോട്ടേഴ്സ് ലിസ്റ്റ് പുതുക്കാൻ ഇതുവരെ പിന്തുടർന്ന പ്രക്രിയ എന്താണ്?

വോട്ടേഴ്സ് ലിസ്റ്റ് പുതുക്കുന്നത് എല്ലാവർഷവും ചെയ്യുന്ന കാര്യമാണ്. എല്ലാവർഷവും പുതിയ വോട്ടർമാരെ കൂട്ടിച്ചേർക്കുകയും മരിച്ചുപോയവരെ ഒഴിവാക്കുകയും ചെയ്യുന്നു. അങ്ങനെ പുതുക്കിയ ലിസ്റ്റ് എല്ലാവർഷവും ജനുവരി ഒന്നിന് പ്രസിദ്ധീകരിക്കും. ഇതിനിടയിൽ തന്നെ തിരുത്താനും കൂട്ടിച്ചേർക്കാനും ഒഴിവാക്കാനും അവസരങ്ങൾ ഉണ്ടുതാനും. ഏതൊരു വ്യക്തിക്കും സംഘടനകൾക്കും ഇത്തരം ലിസ്റ്റുകളെക്കുറിച്ച് പരാതികൾ ഉന്നയിക്കുകയും ചെയ്യാം. മൂന്ന് തരത്തിലുള്ള പരിശോധനയാണ് വോട്ടർ പട്ടികയിൽ നടത്തുന്നത്. തീവ്രമായ അവലോകനം(ഇന്റൻസീവ് റിവിഷൻ), ചുരുക്കത്തിലുള്ള അവലോകനം(സമ്മറി റിവിഷൻ), നിരന്തരമായ അവലോകനം(കണ്ടിന്യൂസ് റിവിഷൻ) എന്നിവയാണവ. അവസാനത്തെ വോട്ടർപട്ടികയുമായി ഉദ്യോഗസ്ഥർ വീട്

(ശേഷം 2–ാം പേജിൽ)




പൊരുതിനേടിയ തൊഴിലവകാശങ്ങൾ കോർപ്പറേറ്റുകൾക്കുവേണ്ടി പൊളിച്ചെഴുതുന്ന മോദിസർക്കാരിന്റെ തൊഴിലാളിവിരുദ്ധ ലേബർ കോഡുകൾക്കെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടിയുടെ നേതൃത്വത്തിൽ ഭുവനേശ്വറിൽ നടന്ന പതിനായിരങ്ങൾ പങ്കെടുത്ത റാലി

# തദ്ദേശ തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ നിലപാടെന്താകണം?

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുന്ന വേളയിൽ സംസ്ഥാനത്തെ മൂന്നരക്കോടി ജനങ്ങൾ അഭിമുഖീകരിക്കുന്നത് അസാധാരണമായ ഒരു ജീവിതത്തകർച്ചയാണ്. വിലക്കയറ്റവും വരുമാനരാഹിത്യവും കടക്കെണിയും സാമൂഹ്യഅരക്ഷിതത്വവും ജനങ്ങളെ വരിഞ്ഞുമുറുക്കുന്നു. മറ്റെല്ലാ തിരഞ്ഞെടുപ്പുകളിലുമെന്ന പോലെ ഈ തിരഞ്ഞെടുപ്പിന്റെയും ഫലമെന്തുതന്നെയായാലും ജനങ്ങളുടെ ജീവിതദുരിതങ്ങൾ അന്തമില്ലാതെ തന്നെ തുടരും, അവയുടെ പരിഹാരത്തിനായുള്ള ജനകീയപ്രക്ഷോഭത്തിന്റെ ചേരിയിൽ ജനങ്ങൾ അണിനിരക്കാത്തിടത്തോളം.

കഴിഞ്ഞ രണ്ടരപ്പതിറ്റാണ്ടിലേറെയായി നമ്മുടെ സംസ്ഥാനത്ത് അധികാരവികേന്ദ്രീകരണം, ജനകീയാസൂത്രണം, പങ്കാളിത്ത വികസനം തുടങ്ങിയ മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെയാണല്ലോ പഞ്ചായത്ത്-മുനിസിപ്പൽ ഭരണം ആഘോഷിക്കപ്പെടുന്നത്. തികഞ്ഞ കാപട്യത്തിന്റെ ഈ മുദ്രാവാക്യങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം ഒറ്റക്കെട്ടായി ഉയർത്തുന്നുണ്ടെങ്കിലും ഇടതെന്ന ലേബലിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് ഏറ്റവും വഞ്ചനാപരമായി ഇവയ്ക്കുവേണ്ടി നിലകൊള്ളുന്നത്. രാജ്യത്തെ ജനങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ രാഷ്ട്രീയ-സാമ്പത്തിക നയങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന ഒരു നാട്ടിൽ അധികാര വികേന്ദ്രീകരണമെന്നത് ഒരു വമ്പൻ നുണ മാത്രമാണെന്ന് ജനങ്ങൾക്ക് ഉത്തമമായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. താഴേത്തട്ടിലേക്ക് ജനങ്ങൾക്ക് എന്ത് അധികാരമാണ് നൽകപ്പെട്ടിട്ടുള്ളത്? ഒരു മദ്യശാലയോ, മലിനീകരണം സൃഷ്ടിക്കുന്ന ഒരു വ്യാവസായിക സംരംഭമോ തങ്ങളുടെ പരിധിക്കുള്ളിൽ വേണ്ട എന്ന തീരുമാനിക്കാനെങ്കിലുമുള്ള അധികാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കുണ്ടോ? എന്തിന്, പഞ്ചായത്തുകൾ ഈടാക്കുന്ന നികുതി എത്രവേണമെന്നോ നികുതിതന്നെ വേണ്ടെന്നോ തീരുമാനിക്കാനുള്ള അധികാരമുണ്ടോ? സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങളിലെ ആർക്കെങ്കിലും സാമ്പത്തികസഹായം സ്വതന്ത്രമായി നൽകുന്നതിന് അധികാരമുണ്ടോ? ആശാ പ്രവർത്തകർക്ക് പ്രതിമാസ അലവൻസ് നൽകാനുള്ള പഞ്ചായത്ത് ഭരണസമിതികളുടെ തീരുമാനം സംസ്ഥാന സർക്കാർ റദ്ദാക്കുന്നത് നാം കണ്ടില്ലേ. കേന്ദ്രത്തിലെയും സംസ്ഥാനത്തെയും സർക്കാരുകൾ വരയ്ക്കുന്ന കളത്തിനുപുറത്ത് ചെറുവിരലനക്കാൻപോലും അധികാരമില്ലാത്ത പഞ്ചായത്തുകൾ 'ലോക്കൽ സെൽഫ് ഗവൺമെന്റ്'കളാണത്രേ! അധികാരങ്ങളെല്ലാം കേന്ദ്രീകരിക്കപ്പെടുന്ന ഒരു മുതലാളിത്ത വ്യവസ്ഥയിൽ ഉത്തരവാദിത്തങ്ങൾ ജനങ്ങളുടെ ചുമലിലേക്ക് ഇറക്കിവെക്കാനുള്ള ഒരു ഗൂഢവേലയാണ് പങ്കാളിത്ത വികസനവും അധികാരവികേന്ദ്രീകരണവും. ഗുണഭോക്താക്കളെന്ന വിശേഷണം നൽകി, ജനങ്ങളിൽ നിന്ന് യൂസർഫീ പിരിച്ച് 'വികസനം' നടത്തുന്ന പുതിയ രീതിയുടെ പേരാണ് ജനകീയാസൂത്രണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുൻനിർത്തി നടത്തുന്ന മുതലാളിത്ത രാഷ്ട്രീയ തന്ത്രങ്ങളുടെ യഥാർത്ഥ ലക്ഷ്യങ്ങൾ ഈ തിരഞ്ഞെടുപ്പിൽ വിധിയെഴുതാൻ തയ്യാറെടുക്കുന്ന ജനങ്ങൾ തിരിച്ചറിയുകതന്നെ വേണം. അല്ലെങ്കിൽ അധികാരവികേന്ദ്രീകരണത്തിന്റെ പേരിലുള്ള ഈ വഞ്ചന തുടരുകതന്നെ ചെയ്യും.

പഞ്ചായത്ത് തലങ്ങളിൽ നടമാടുന്ന അഴിമതിയാണ് മറ്റൊരു ഗുരുതരമായ പ്രശ്നം. നട്ടുവൊടിക്കുന്ന നികുതികളിലൂടെ കവർന്നെടുക്കുന്ന പണത്തിൽ വലിയൊരു പങ്കും അഴിമതിയിലൂടെ ചോരുകയാണ്. വികസനപ്രവർത്തനങ്ങളുടെ പേരിൽ അഴിമതിയുടെ പങ്കുപറ്റി ഉദരപൂരണം നടത്താൻ താഴേത്തട്ടിലുള്ള നേതാക്കൾക്കും അണികൾക്കും അവസരം സൃഷ്ടിക്കുകയാണ് രാഷ്ട്രീയ നേതൃത്വം.

അഞ്ചുവർഷം ജനങ്ങളെ ദ്രോഹിക്കുകയും തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ ചില്ലറ ആനുകൂല്യങ്ങൾ എറിഞ്ഞുകൊടുക്കുകയും ചെയ്യുന്ന തനിവലതുപക്ഷരീതിയാണ് എൽഡിഎഫ് പിന്തുടരുന്നത്. തിരഞ്ഞെടുപ്പിനെ മാത്രം ലക്ഷ്യമാക്കിക്കൊണ്ട് നടത്തുന്ന ഈ കസർത്തുകളുടെ ഭാഗമായി നവംബർ ഒന്നിന് കേരളം അതിദാരിദ്ര്യമുക്ത സംസ്ഥാനമായി മാറി എന്ന് പ്രഖ്യാപിക്കുകയുണ്ടായി. പരമദരിദ്രർക്കുള്ള അന്ത്യോദയ റേഷൻ സംസ്ഥാനത്ത് 6 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് നൽകുന്നത്. ഒരു മാറ്റവുമില്ലാതെ അവരുടെ ജീവിതയാതനകൾ തുടരുമ്പോൾ എങ്ങിനെയാണ് അതിദാരിദ്ര്യം തുടച്ചുനീക്കിയത്? ഇത് പച്ചനുണയാണ്. എന്നുമാത്രമല്ല, പരമദരിദ്രരില്ല എന്ന പ്രഖ്യാപനത്തോടെ, അവർക്ക് നിലവിലുള്ള സർക്കാർ സഹായങ്ങളും ആനുകൂല്യങ്ങളും റദ്ദാക്കപ്പെടും. ചുരുക്കത്തിൽ ദാരിദ്ര്യത്തിന്റെ ഭാരത്തോടൊപ്പം ഈ പ്രഖ്യാപനത്തിന്റെ പ്രത്യാഘാതവും ഇനി ദരിദ്രർ ഏറ്റുവാങ്ങേണ്ടി വരും.

തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുക, പ്രതിഷേധങ്ങൾ അനുവദിക്കാതിരിക്കുക തുടങ്ങിയ ഇടതുവിരുദ്ധമായ ചെയ്തികളാണ് സംസ്ഥാന സർക്കാർ തുടരുന്നത്. ആശാ സമരത്തോട് കൈക്കൊണ്ട ശത്രുതാപരമായ സമീപനം ഇതിന്റെ ഉത്തമോദാഹരണമാണ്. കേരളം ദർശിച്ച ഏറ്റവും മാതൃകാപരമായ ഒരു തൊഴിൽ സമരത്തെ -സ്ത്രീതൊഴിലാളി സമരത്തെ - അപമാനിക്കുകയും അവഗണിക്കുകയും ചെയ്തു. കോർപ്പറേറ്റുകളുടെ നിർദ്ദയമായ ചൂഷണത്തിന് വഴിയൊരുക്കുന്നതിനായി, തൊഴിലാളിദ്രോഹത്തിന് മാതൃക കാട്ടുന്ന സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിൽ നിന്ന് നിരന്തരം പുരസ്കാരങ്ങൾ വാങ്ങുന്നു. തൊഴിലവകാശങ്ങളെ ഒന്നാകെ ഹനിക്കുന്ന ലേബർ കോഡുകൾ നടപ്പാക്കുന്നതിനായി കരട്

(ശേഷം 9–ാം പേജിൽ)

# ന്യൂനപക്ഷങ്ങളുടെ പൗരത്വം നിഷേധിക്കാനാണ് തിരഞ്ഞെടുപ്പ് കമ്മീഷനെക്കൊണ്ട് വോട്ടർപട്ടിക പരിഷ്കരിക്കാൻ തിരക്കിടുന്നത്

*(1–ാം പേജിൽ നിന്ന്)*

വീടാന്തരം കയറിയിറങ്ങി പേരുകൾ പരിശോധിക്കുകയും മരിച്ചുപോയവരെയും സ്ഥലം മാറിപ്പോയവരെയും നീക്കുകയും ചെയ്യും. 2002ലെ പരിശോധനക്കാലത്തു പോലും രേഖകൾ ഒന്നും ആവശ്യപ്പെട്ടിരുന്നില്ല. പുതിയ വോട്ടർമാരെ ചേർക്കുന്ന കാര്യം തിരഞ്ഞെടുപ്പ് കമ്മീഷൻ നേരത്തെ പ്രഖ്യാപിക്കുകയും ജനന സർട്ടിഫിക്കറ്റിന്റെയും ആധാർ കാർഡിന്റെയും അടിസ്ഥാനത്തിൽ ആളുകളെ ചേർക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോഴത്തേതുപോലുള്ള പ്രത്യേക തീവ്രപരിഷ്കരണ പരിപാടി ഇതിനുമുൻപ് ഉണ്ടായിട്ടില്ല. 2002ലെ വോട്ടർ പട്ടികയിൽ പേരില്ലാത്ത എല്ലാവരും പുതിയ എന്യൂമറേഷൻ ഫോം പൂരിപ്പിക്കുകയും പുതിയ രേഖകളും ഫോട്ടോയും സമർപ്പിക്കുകയും വേണം. അതിന് സാധിക്കാത്തവരൊക്കെ വോട്ടർ പട്ടികയിൽനിന്ന് പുറത്താകും. ബീഹാറിൽ ഇതാണ് നടന്നത്. ഈപ്രക്രിയ ഇനി മറ്റുസ്ഥലങ്ങളിലേക്കുംകൂടി വ്യാപിപ്പിക്കാനാണ് നീക്കം.

## എസ്ഐആർ എന്തിനുവേണ്ടി?

കടുത്ത ഹിന്ദു വർഗീയവാദികളായ ബിജെപിക്ക് ഇപ്പോൾ ഉണ്ടായ ബോധോദയമാണ് – നമ്മുടെ വോട്ടർമാരിൽ വലിയൊരു പങ്കും വിദേശികളും അനധികൃത കടിയേറ്റക്കാരും ആണെന്ന്. ഇങ്ങനെ അനധികൃതമായി കുടിയേറിയവരിൽ വലിയ പങ്കും മുസ്ലീങ്ങളും ബംഗ്ലാദേശികളും ആണെന്നാണ് ബിജെപി പറയുന്നത്. അത്തരക്കാരെ തിരിച്ചറിഞ്ഞ് വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കുകയാണ് എസ്ഐആറിന്റെ ലക്ഷ്യം.

ആർക്കാണ് വോട്ടവകാശം ഉള്ളത്? 1950ലെ ജനപ്രാതിനിധ്യ നിയമത്തിന്റെ പതിനാറാം അനുച്ഛേദം പറയുന്നത്, "ഇന്ത്യൻ പൗരന്മാർ അല്ലാത്തവർക്ക് വോട്ടേഴ്സ് ലിസ്റ്റിൽ രജിസ്റ്റർ ചെയ്യാൻ അവകാശം ഉണ്ടായിരിക്കില്ല" എന്നാണ്. തിരഞ്ഞെടുപ്പ് കമ്മീഷനാണ് ഇത് തയ്യാറാക്കേണ്ടത്. ഏതെങ്കിലും ഒരാളുടെ പേര് വോട്ടേഴ്സ് ലിസ്റ്റിൽ ഉണ്ടെന്നുപറഞ്ഞാൽ അതിനർത്ഥം അവർ ഇന്ത്യൻ പൗരന്മാരാണെന്നാണ്. എന്നാൽ 2003ൽ അടൽ ബിഹാരി വാജ്പേയിയുടെ ഗവൺമെന്റ് ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്തു. 1987നു ശേഷം ജനിച്ചവരെ നേരിട്ട് ഇന്ത്യൻ പൗരന്മാരായി പരിഗണിക്കാനാവില്ല. സ്വന്തം മാതാപിതാക്കളിൽ ഒരാൾ ഇന്ത്യൻ പൗരൻ ആണെന്ന രേഖ ഹാജരാക്കിയാൽ മാത്രമേ അവരെ പൗരന്മാരായി പരിഗണിക്കുകയുള്ളൂ. ഇപ്പോൾ തിരഞ്ഞെടുപ്പ് കമ്മീഷൻ പറയുന്നത് അത്തരക്കാർക്ക് വോട്ടവകാശം ലഭിക്കണമെങ്കിൽ അവരുടെ മാതാപിതാക്കളിൽ ഒരാൾ 2002ലെ വോട്ടർ പട്ടികയിൽ ഉണ്ടായിരുന്നു എന്ന് തെളിയിക്കണമെന്നാണ്. ഈ ആവശ്യം 2003ലെ പൗരത്വ ഭേദഗതി നിയമത്തിന് സമാനമാണ്. 1955 ലെ പൗരത്വ നിയമത്തെ അടിമുടി മാറ്റുന്ന ഈ ഭേദഗതിയിലാണ് അനധികൃത കുടിയേറ്റക്കാർ എന്ന പദം ആദ്യമായി ഉപയോഗിക്കുന്നതും ദേശീയ പൗരത്വ രജിസ്റ്റർ ഉറപ്പാക്കുന്നതിനുള്ള നിയമം വരുന്നതും. പൗരത്വം ജനനം വഴിയോ മാതാപിതാക്കൾ വഴിയോ രജിസ്ട്രേഷൻ വഴിയോ ലഭിക്കുന്നതിനെക്കുറിച്ചുള്ള നിയമങ്ങളും ഈ ഭേദഗതിയിലൂടെ മാറ്റി. അസമിലെ എൻആർസി പ്രക്രിയ എല്ലാവരും ഓർക്കുന്നുണ്ടാകും വോട്ടർപട്ടികയിൽ നിന്ന് മുസ്ലീങ്ങളെ ഒഴിവാക്കാൻ എല്ലാ ശ്രമങ്ങളും നടത്തിയെങ്കിലും അധികൃതർ കണ്ടെത്തിയ 19 ലക്ഷം അനധികൃത കുടിയേറ്റക്കാരിൽ 12 ലക്ഷം പേരും ഹിന്ദുക്കളായിരുന്നു. ഇപ്പോൾ വീണ്ടും പൗരത്വ വിഷയം കുത്തിപ്പൊക്കി മുസ്ലീം വിരുദ്ധ വികാരം ഇളക്കിവിടാനുള്ള ശ്രമമാണ്.

തിരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കാനുള്ള ശ്രമത്തിന്റെ ആദ്യപടിയായിരുന്നു തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിക്കുന്നതിനുള്ള ചട്ടങ്ങൾ മാറ്റിയത്. ഇത്രയും കാലം തിരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിച്ചിരുന്നത് പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും സുപ്രീംകോടതി ചീഫ് ജസ്റ്റിസും അടങ്ങിയ ഒരു കമ്മിറ്റിയായിരുന്നു. 2023ൽ ഈ ചട്ടം മാറ്റി, ചീഫ് ജസ്റ്റിസിന് പകരം ഒരു ക്യാബിനറ്റ് മന്ത്രി എന്നാക്കി. അതായത് ഗവൺമെന്റ് തീരുമാനിക്കുന്നയാളേ തിരഞ്ഞെടുപ്പ് കമ്മീഷണർ ആവുകയുള്ളൂ. അങ്ങനെ തിരഞ്ഞെടുപ്പ് കമ്മീഷൻ ഗവൺമെന്റിന്റെ വെറും റബർ സ്റ്റാമ്പ് ആയി മാറി. വോട്ടർ പട്ടികയുടെ പുനഃപരിശോധനയ്ക്ക് എന്ന വ്യാജേന പൗരത്വം പരിശോധിക്കുന്ന പ്രക്രിയയിലേക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ വരുന്ന വഴി ഇതാണ്. പൗരത്വം തീരുമാനിക്കാനുള്ള അധികാരം തിരഞ്ഞെടുപ്പ് കമ്മീഷന് ഇല്ല എന്നോർക്കണം.

വോട്ടർമാരെ ദ്രോഹിക്കുന്ന എസ്ഐആർ അപേക്ഷാ ഫോമിന്റെ കൂടെ നിർബന്ധമായും സമർപ്പിക്കേണ്ട രേഖകളുടെ ലിസ്റ്റ് ഇലക്ഷൻ കമ്മീഷൻ പ്രഖ്യാപിച്ചിട്ടുണ്ട്. പാസ്പോർട്ട്, ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, ഭൂമിയുടെ രേഖകൾ എന്നിങ്ങനെ 11 രേഖകളിൽ ഒന്ന് നിർബന്ധമായും ഉണ്ടാകണം. സുപ്രീംകോടതി വിധിയെത്തുടർന്ന് ആധാർ കാർഡും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എത്രപേരുടെ കൈവശം ഇത്തരം രേഖകൾ കാണും? എത്രപേരുടെ കൈവശം മാതാപിതാക്കളുടെ ജനന രേഖകൾ കാണും? പ്രളയം, ഭൂമികുലുക്കം, മലയിടിച്ചിൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ മൂലമോ, തീപിടുത്തം തുടങ്ങിയ അപകടങ്ങൾ കാരണമോ രേഖകൾ നഷ്ടപ്പെട്ട ഒട്ടനവധി മനുഷ്യരുണ്ട്. അസമിൽ എൻആർസി നടന്നപ്പോൾ ഇത് വ്യക്തമായതാണ്. രേഖകൾ സമർപ്പിച്ച് എസ്ഐആർ എന്യൂമറേഷൻ ഫോം എല്ലാവരും പൂരിപ്പിക്കണം. സാധാരണക്കാരായ മനുഷ്യർക്ക്, പാവങ്ങൾക്കും നിരക്ഷരർക്കും ഇത് സാധിക്കുമോ? രേഖകൾ കൈയിൽ ഇല്ലാത്തതുകാരണം ആളുകൾ ആത്മഹത്യ ചെയ്യുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. ഇങ്ങനെ ജനങ്ങളെ ഭീതിയിലാഴ്ത്തി ആത്മഹത്യയിലേക്ക് തള്ളിവിടാനാണോ ഗവൺമെന്റിനെ നാം തിരഞ്ഞെടുക്കുന്നത്? ഒരാൾ പൗരനല്ല എന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ആരോപിച്ചാൽ അത് തെളിയിക്കാനുള്ള ബാധ്യത തിരഞ്ഞെടുപ്പ് കമ്മീഷനാണ്, ആരോപിതനായ വ്യക്തിക്കല്ല.

## എസ്ഐആറിന് പിന്നിലെ രഹസ്യ അജണ്ട

പല അനധികൃത കുടിയേറ്റക്കാരും, ആധാർ കാർഡും, റേഷൻ കാർഡും എന്തിന് വോട്ടേഴ്സ് ഐഡിവരെ കരസ്ഥമാക്കിയിട്ടുണ്ടെന്നാണ് ഗവൺമെന്റ് പറയുന്നത്. അത് ശരിയാണെങ്കിൽ ആരുടെ പിടിപ്പുകേടാണ്? അഴിമതിയിൽ മുങ്ങിയിരിക്കുന്ന ഗവൺമെന്റും ഉദ്യോഗസ്ഥരും തന്നെയല്ലേ ഇതിനുത്തരവാദികൾ? അത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയേണ്ട ബാധ്യതയും ഗവൺമെന്റിനു തന്നെയല്ലേ? ആധാർകാർഡ് ലഭിക്കണമെങ്കിൽ ബയോമെടിക് വിവരങ്ങൾ കൂടെ വേണം. അതുപോലും കൃത്രിമമായി ഉണ്ടാക്കി ആധാർ കാർഡുകൾ ഉണ്ടാക്കിയെന്നത് ഗവൺമെന്റിന്റെ പിടിപ്പുകേടല്ലേ? രാജ്യത്തിന് ചുറ്റും 24 മണിക്കൂറും കാവലുള്ളപ്പോൾ അനധികൃത കുടിയേറ്റക്കാർ എങ്ങനെ എത്തി എന്നതിനും ഗവൺമെന്റ് ഉത്തരം പറയണം. അതിർത്തിരക്ഷാസേന നേരിട്ട് ആഭ്യന്തരമന്ത്രിയുടെ കീഴിലാണ്. ഒന്നുകിൽ അവർ തീർത്തും കഴിവുകെട്ടവരാണ്, അല്ലെങ്കിൽ ഈ കുടിയേറ്റത്തിൽ അവർക്കും പങ്കുണ്ട്. രണ്ടിനും ഉത്തരം പറയേണ്ടത് ആഭ്യന്തരമന്ത്രിയാണ്. കോൺഗ്രസ് ഭരണകാലത്ത് അനധികൃത കുടിയേറ്റത്തിന്റെ പേരിൽ മോദി അന്നത്തെ ഗവൺമെന്റിനെ വിമർശിച്ചിരുന്നു. ഇന്നിപ്പോൾ അവർ ഗവൺമെന്റിന്റെ പങ്കിനെക്കുറിച്ച് മൗനം പാലിക്കുന്നു.

ആഭ്യന്തരമന്ത്രി അമിത് ഷാ പറയുന്നത്, രാജ്യത്ത് രണ്ടുകോടിയിൽപരം അനധികൃത കുടിയേറ്റക്കാർ ഉണ്ടെന്നാണ്. 2019ൽ ബംഗ്ലാദേശ് ഗവൺമെന്റ്, ഇന്ത്യയിൽ അനധികൃതമായി താമസിക്കുന്ന ബംഗ്ലാദേശികളുടെ ലിസ്റ്റ് കൈമാറാൻ ഇന്ത്യാഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. അത്തരക്കാരെ പരിശോധിച്ച് തിരികെ കൊണ്ടുപോകാൻ അവർ തയ്യാറായിരുന്നു. എന്നാൽ തങ്ങളുടെ കൈയിൽ അത്തരം ലിസ്റ്റ് ഒന്നുമില്ല എന്നാണ് ഇന്ത്യാഗവൺമെന്റ് മറുപടി പറഞ്ഞത്. പിന്നെ എവിടെ നിന്നാണ് അമിത് ഷായ്ക്ക് ഈ രണ്ടു കോടിയുടെ കണക്ക് കിട്ടിയത്? ബംഗാൾ നിയമസഭയിലെ ബിജെപി നേതാവായ സുവേന്ദു അധികാരി പറയുന്നത് ഒരു ലക്ഷത്തോളം രോഹിംഗ്യൻ അഭയാർത്ഥികൾ ബംഗാളിൽ ഉണ്ടെന്നാണ്. അയാൾക്ക് അത് തെളിയിക്കാനാകുമോ? ഇല്ല. മ്യാൻമറിലെ പട്ടാള ഭരണകൂടം അനധികൃതമായി പുറത്താക്കിയവരാണ് രോഹിംഗ്യകൾ. ബംഗാളിൽ അവരുടെ എണ്ണം ആയിരത്തിൽ കൂടില്ല. രോഹിംഗ്യകൾ ഇസ്ലാം മതവിശ്വാസികളായതുകൊണ്ടാണ് അവരെ ഉന്നം വയ്ക്കുന്നത്. ഇത്തരം വിലകെട്ട ആരോപണങ്ങൾക്കു പിന്നിൽ അവരുടെ വർഗീയ വിഷം നിറഞ്ഞ മനസ്സല്ലാതെ മറ്റെന്താണ്? മതന്യൂനപക്ഷങ്ങളെ വോട്ടേഴ്സ് ലിസ്റ്റിൽനിന്ന് പുറത്താക്കാനാണ് ബിജെപിയും ആർഎസ്എസും ശ്രമിക്കുന്നത്. പകരം അവിടെ തങ്ങൾക്ക് വേണ്ടപ്പെട്ടവരെ തിരുകിക്കയറ്റാനും അവർക്ക് മടിയില്ല.

## ബീഹാറിൽ നടന്നത്

സമീപകാല സംഭവങ്ങൾ നമ്മുടെ ആശങ്കകൾ ശരിവെക്കുന്നു. ആഗസ്റ്റ് ആദ്യം വന്ന കരട് വോട്ടർ പട്ടികയിൽ 7.24 കോടി വോട്ടർമാർ ഉണ്ടായിരുന്നു. അതിൽനിന്നും 47 ലക്ഷം പേരെ ഒഴിവാക്കി. മാത്രവുമല്ല, 21.53 ലക്ഷം പുതിയ പേരുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു. ബീഹാറിലെ പ്രക്രിയകൾ ഒരുപാട് വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ്. ഉദാഹരണത്തിന് ഇലക്ഷൻ കമ്മീഷൻ പറയുന്നത് പുതിയതായി വോട്ടർ പേര് ചേർക്കാൻ അപേക്ഷിച്ചത് കേവലം 16.93 ലക്ഷം പേർ മാത്രമാണ് എന്നാണ് രജിസ്റ്റർ ചെയ്തതോ 21.6 ലക്ഷം പേരും. ബാക്കി 3.7 ലക്ഷം പേരെ തിരഞ്ഞെടുപ്പ് കമ്മീഷൻ എവിടെനിന്ന് കൊണ്ടുവന്നു?

മറ്റൊരു പ്രധാന കാര്യം ഒഴിവാക്കപ്പെട്ടതിന്റെ മൂന്നിലൊന്നും മുസ്ലീം വിഭാഗക്കാരാണെന്നതാണ്. ആകെ വോട്ടർമാരുടെ 16 ശതമാനം മാത്രമാണ് മുസ്ലീങ്ങൾ എന്നോർക്കണം. ബീഹാറിൽ ഒരു തിരഞ്ഞെടുപ്പ് റാലിയിൽ പ്രധാനമന്ത്രി ചോദിച്ചത്, "ബീഹാറിന്റെ ഭാവി ആര് തീരുമാനിക്കും, നിങ്ങളോ അതോ വിദേശത്തുനിന്ന് കുടിയേറി വന്നവരോ?" എന്നാണ്. ഇത്തരക്കാരെ എസ്ഐആർ വഴി നീക്കംചെയ്യു എന്ന് അമിത് ഷായും പറഞ്ഞു. ഇലക്ഷനോടടുപ്പിച്ച് എസ്ഐആർ നടത്താൻ കാരണം വോട്ടർ പട്ടികയിൽ അനവധി വിദേശികൾ ഉള്ളതുകൊണ്ടാണ് എന്നായിരുന്നു തിരഞ്ഞെടുപ്പ് കമ്മീഷൻ പറഞ്ഞത്. എന്നാൽ എത്ര വിദേശികളെ അങ്ങനെ കണ്ടെത്തി എന്ന വിവരം പുറത്തുവിടാൻ അവർ തയ്യാറായിട്ടില്ല. 47 ലക്ഷം പേരെ പുറത്താക്കാനുള്ള കാരണം എന്താണെന്നു പോലും അവർ വ്യക്തമാക്കിയിട്ടില്ല.

മാധ്യമ റിപ്പോർട്ട് പ്രകാരം 7.42 കോടി വോട്ടർമാരിൽ യോഗ്യതയില്ലാത്തവരായി ആകെ കണ്ടെത്തിയത് 9500 പേരെ മാത്രമാണ്. അതായത് 0.012%. ഇതിനുവേണ്ടിയായിരുന്നു പൊതുഖജനാവിൽനിന്ന് ഇത്രയും പണം ചെലവാക്കി, ഏഴര കോടിയോളം വോട്ടർമാരെ ബുദ്ധിമുട്ടിച്ചത്? ദളിത് വിഭാഗത്തിൽപ്പെട്ടവരുടെയും സ്ത്രീകളുടെയും പേരുകൾ പലയിടത്തും യാതൊരു കാരണവുമില്ലാതെ നീക്കം ചെയ്തിരിക്കുന്നു. ഒട്ടനവധി അന്യസംസ്ഥാന തൊഴിലാളികൾക്കും സമയത്ത് രേഖകൾ സമർപ്പിക്കാൻ സാധിച്ചിട്ടില്ല. ചേരി പ്രദേശങ്ങളിൽ ശരിയായ രീതിയിൽ സർവ്വേ നടന്നു പോലുമില്ല.

ഒഴിവാക്കപ്പെട്ട വോട്ടർമാരുടെ 85% നേപ്പാളിനോട് ചേർന്നുള്ള സുപാൾ, കിഷൻഗഞ്ജ്, ഈസ്റ്റ് ചമ്പാരൻ, വെസ്റ്റ് ചമ്പാരൻ തുടങ്ങിയ അതിർത്തി ജില്ലകളിൽ പെട്ടവരാണ്. മറ്റൊരു റിപ്പോർട്ടുപ്രകാരം കുടിയേറ്റക്കാരെന്ന് കണ്ടെത്തിയ 313 പേരിൽ 78 പേർ മാത്രമാണ് മുസ്ലീങ്ങൾ. ബംഗ്ലാദേശിൽ നിന്ന് ആയിരക്കണക്കിന് മുസ്ലീങ്ങൾ അനധികൃതമായി വോട്ടർ പട്ടികയിൽ കയറിക്കൂടി എന്നുപറഞ്ഞായിരുന്നു ബിജെപിയുടെ തിരഞ്ഞെടുപ്പ് പ്രചാരണം മുഴുവൻ. മാത്രവുമല്ല ബിജെപിക്ക് സ്വാധീനമുള്ള മേഖലകളിൽ വോട്ടുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുമുണ്ട്.

'റിപ്പോർട്ടേഴ്സ് കളക്ടീവി'ന്റെ അന്വേഷണപ്രകാരം ഫൈനൽ വോട്ടർ പട്ടികയിൽ ഏതാണ്ട് 14.35 ലക്ഷം വോട്ടർമാർ ഒന്നിൽ കൂടുതൽ സ്ഥലത്ത് പേരുള്ളവരാണ്. അതിൽ തന്നെ 3.4 ലക്ഷം പേരുടെ കാര്യത്തിൽ പേരും വയസ്സും ബന്ധുവിന്റെ പേരും ഒരേപോലെ രണ്ട് മണ്ഡലങ്ങളിൽ കാണാം. ഇലക്ഷൻ കമ്മീഷന് ഇവരെ കണ്ടെത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ദുരൂഹമാണ്. ഇത്തരം കാര്യങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കാവുന്ന ERONET സോഫ്റ്റ്‌വെയർ ആണ് 2018 മുതൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിക്കുന്നത്. അതിന് വോട്ടർ പട്ടികയിലുള്ള ഫോട്ടോവരെ ഒത്തുനോക്കാൻ സാധിക്കും. പല ബിജെപി നേതാക്കന്മാരും ബീഹാറിലും ഡൽഹിയിലും വോട്ട് ചെയ്തിരുന്നതായി ആരോപണമുണ്ട്. ഏതാണ്ട് 650 വോട്ടർമാരുടെ അഡ്രസ്

*(ശേഷം 3–ാം പേജിൽ)*

## ശാസ്ത്രവും ദർശനവും

# ദ്വന്ദ്വാത്മക ഭൗതികവാദം ആവിഷ്കരിക്കപ്പെട്ടത് ശാസ്ത്രത്തിന്റെ വികാസത്തെ അടിസ്ഥാനമാക്കി

*'മാർക്സിസം ആന്റ് സയൻസസ്' എന്ന അന്താരാഷ്ട്ര ജേണൽ, 2025 സെപ്റ്റംബർ 1 മുതൽ 6 വരെ "ശാസ്ത്രവും ദർശനവും: സാർവ്വദേശീയ വിമർശനാത്മക വിജ്ഞാനശൃംഖലയിലേക്ക്" എന്ന വിഷയത്തിൽ രണ്ടാമത് അന്താരാഷ്ട്ര സിമ്പോസിയം സംഘടിപ്പിച്ചു. റൊമാനിയയിലെ പർവതപ്രദേശമായ ട്രാൻസിൽവാനിയ മേഖലയിലെ ഹൈഫ എന്ന കൊച്ചുഗ്രാമമായിരുന്നു വേദി. ജർമ്മനി, നെതർലാൻഡ്സ്, ഫ്രാൻസ്, സ്വിറ്റ്സർലൻഡ്, ഇറ്റലി, റൊമാനിയ, ഇന്ത്യ, ഹംഗറി, തുർക്കി, യുഎസ്എ എന്നിവിടങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ചിലർ അതതു രാജ്യങ്ങളിലെ രാഷ്ട്രീയപ്രവർത്തകരായിരുന്നു. മറ്റു ചിലർ അക്കാദമിക് രംഗത്ത് പ്രവർത്തിക്കുന്ന മാർക്സിസ്റ്റ് തത്വചിന്തകരായിരുന്നു. വൈരുദ്ധ്യാത്മകഭൗതികവാദം, ശാസ്ത്രത്തിന്റെ ചരിത്രവിജ്ഞാനീയം, ആധുനികസമൂഹത്തിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ചുള്ള മാർക്സിസ്റ്റ് വിശകലനം എന്നിവയുടെ വിവിധ വശങ്ങളെക്കുറിച്ച് യോഗത്തിൽ വിശദമായ ചർച്ചകൾ നടന്നു. ഇന്ത്യയിൽനിന്നുള്ള ഏക പങ്കാളി എന്ന നിലയിൽ, സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പശ്ചിമബംഗാൾ സംസ്ഥാന കമ്മിറ്റി അംഗമായ എസ്. ബാനർജി നടത്തിയ പ്രസംഗമാണ് താഴെക്കൊടുക്കുന്നത്.*

**സോ**ഷ്യലിസ്റ്റ് ചേരി തകരുകയും ലോകമെമ്പാടും മുതലാളിത്തമേധാവിത്വം സ്ഥാപിക്കപ്പെടുകയും ചെയ്തതോടെ, മാർക്സിസം പരാജയപ്പെട്ടു എന്നൊരു പ്രചാരണമുണ്ട്. മാർക്സിസത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയായ വൈരുദ്ധ്യാത്മക ഭൗതികവാദം ആക്രമിക്കപ്പെടുന്നു. അതിനെ 'കാലഹരണപ്പെട്ടത്', 'പഴഞ്ചൻ', അക്കാദമികവും ചരിത്രപരവുമായ താൽപ്പര്യം മാത്രമുള്ള ഒരു വിഷയം എന്നൊക്കെയാണ് ചിത്രീകരിക്കുന്നത്. എന്നാൽ, ഈ പ്രത്യയശാസ്ത്ര അടിത്തറയിൽത്തന്നെ ശാസ്ത്രം പ്രവർത്തനം തുടരുകയാണ്. ശാസ്ത്രം ഭൗതികലോകത്തെക്കുറിച്ചുള്ള സത്യം കണ്ടെത്തുകയും പ്രകൃതി എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കാനും വിശദീകരിക്കാനുമുള്ള സിദ്ധാന്തങ്ങൾ വികസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ശാസ്ത്രത്തിൽ, ഏതൊരാശയവും നിരീക്ഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടാൽ മാത്രമേ അംഗീകരിക്കുകയുള്ളൂ. എന്നാൽ, നിരീക്ഷണങ്ങളെയും പരീക്ഷണങ്ങളെയും വ്യാഖ്യാനിക്കുന്നതിൽ ശാസ്ത്രജ്ഞരുടെ മനോഭാവങ്ങളും പ്രത്യയശാസ്ത്രവീക്ഷണങ്ങളും പ്രധാന ഘടകങ്ങളാണ്. ശാസ്ത്രചരിത്രത്തിൽ, നിരവധി പ്രഗത്ഭരായ ശാസ്ത്രജ്ഞരും അവരുടെ ചിന്താധാരകളും, സ്വന്തം വിശ്വാസങ്ങളും തത്ത്വശാസ്ത്രനിലപാടുകളും കൊണ്ട് പ്രധാനപ്പെട്ട കണ്ടെത്തലുകളെ അവിചാരിതമായി തടസ്സപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ, ഉറച്ച ഒരു പ്രത്യയശാസ്ത്ര വീക്ഷണമില്ലാതെ ശാസ്ത്രത്തിനു മുന്നോട്ടു പോകാൻ പ്രയാസമാണ്.

ശാസ്ത്രത്തെ അടിസ്ഥാനമാക്കി വികസിച്ച ദ്വന്ദ്വാത്മകഭൗതികവാദം ആ പ്രത്യയശാസ്ത്രവീക്ഷണമാണു നൽകുന്നത്, പല ശാസ്ത്രജ്ഞരും ആ വസ്തുതയെക്കുറിച്ച് ബോധവാന്മാരല്ലെങ്കിൽ പോലും. 'മൂന്നു തത്ത്വ'ങ്ങളുടെ ഒരു സമാഹാരം മാത്രമാണ് ദ്വന്ദ്വാത്മകഭൗതികവാദം എന്നാണു പലരും വിശ്വസിക്കുന്നത്. പക്ഷേ, ദ്വന്ദ്വാത്മകഭൗതികവാദത്തിന്റെ ആവിർഭാവത്തിനു മുമ്പ് യാന്ത്രികഭൗതികവാദവും അതിഭൗതികവാദ ചിന്താഗതിയും ആയിരുന്നു പ്രബലമായിരുന്നത്. ദ്വന്ദ്വാത്മകഭൗതികവാദം വികസിപ്പിച്ചെടുക്കുന്നതിലൂടെ, മാർക്സും ഏംഗൽസും ഈ സമീപനങ്ങളുടെ പോരായ്മകളെ വിമർശനാത്മകമായി വിശകലനം ചെയ്യുകയും ശാസ്ത്രീയമായ അന്വേഷണങ്ങളെ നയിക്കുന്നതിനായി ഒരു ബദൽ ലോകവീക്ഷണം സൃഷ്ടിക്കുകയും ചെയ്തു. പോസിറ്റിവിസം(ഇന്ദ്രിയാനുഭവങ്ങളിലൂടെമാത്രം രൂപപ്പെടുത്തുന്നതും യുക്തിയുടെയും നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥിരീകരിക്കാൻ കഴിയുന്നതും മാത്രമാണ് ശരിയായ വിജ്ഞാനം എന്നു കരുതുന്ന തത്ത്വചിന്താരീതി) സൃഷ്ടിച്ച ആശയക്കുഴപ്പങ്ങളുടെ കാർമേഘങ്ങളെ നീക്കം ചെയ്തുകൊണ്ട്, ലെനിൻ ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ നില കൂടുതൽ ശക്തമാക്കി.

### അതിഭൗതികവാദവും യാന്ത്രികഭൗതികവാദവുമായുള്ള ബന്ധത്തിൽ ദ്വന്ദ്വാത്മക ഭൗതികവാദം

ഭൗതികവാദം, ആശയവാദം എന്നിങ്ങനെ തത്ത്വചിന്തയിലെ രണ്ട് പ്രധാനധാരകളിൽ, ശാസ്ത്രം ആശയവാദത്തിനെതിരെ ഭൗതികവാദത്തോടൊപ്പം ഉറച്ചു നില കൊള്ളുന്നു. ലോകം നമ്മുടെ ബോധമണ്ഡലത്തിൽ നിന്നു സ്വതന്ത്രമായി നിലനിൽക്കുന്നു എന്ന അടിസ്ഥാനപ്രമാണത്തിലാണ് ശാസ്ത്രം ആരംഭിക്കുന്നത്. തങ്ങളുടെ അന്വേഷണവിഷയങ്ങൾക്ക് വസ്തുനിഷ്ഠമായ നിലനിൽപ്പില്ലെന്നോ, അവ ചില ആദിമആശയങ്ങളുടെ പ്രതിബിംബങ്ങളായി രൂപപ്പെട്ടുവെന്നോ ഉള്ള സങ്കല്പത്തിൽനിന്നു പ്രവർത്തിക്കാൻ ശാസ്ത്രജ്ഞർക്കു കഴിയില്ല. വസ്തുക്കളുടെ സ്വഭാവം, നൽകപ്പെട്ടതും, നിശ്ചിതവും, സ്ഥിരവുമാണെന്നും യാതൊരു മാറ്റമോ വികാസമോ ഇല്ലാത്തതാണെന്നും അനുമാനിച്ച് അതിഭൗതികവാദ സമീപനം അവയെ പഠിക്കുന്നു. 'ഉള്ളതിനെ ഉള്ളതുപോലെ' പഠിക്കണമെന്ന് അതിഭൗതികവാദം വാദിച്ചു.

ഓരോ ഭൗതികവസ്തുവിലും അതിന്റെ നിലനിൽപ്പിന്റെ സാഹചര്യങ്ങളുമായി ബന്ധമില്ലാത്ത ചില നിഹിതഗുണങ്ങളുണ്ടെന്ന് അത് അനുമാനിച്ചു. ഓരോ വസ്തുവിനും അതിന്റേതായ സ്ഥിരസ്വഭാവങ്ങളും സവിശേഷതകളുമുണ്ടെന്ന മുൻധാരണയാണ് അതിഭൗതികവാദത്തിനുള്ളത്. ഓരോ വസ്തുവിനെയും അത് മറ്റെല്ലാ വസ്തുക്കളിൽ നിന്നും ഒറ്റപ്പെട്ടതായി പരിഗണിക്കുകയും ചെയ്യുന്നു. ലോകം നിശ്ചിതസ്വഭാവങ്ങളുള്ള, മുൻകൂട്ടി തയ്യാറാക്കിവച്ച വസ്തുക്കളുടെ ഒരു ശേഖരമല്ലെന്ന് ദ്വന്ദ്വാത്മകഭൗതികവാദം ഉറപ്പിച്ചു പറഞ്ഞു. ഈ ഭൗതികലോകത്തിൽ എല്ലാം മാറ്റത്തിലൂടെയും പരിണാമത്തിലൂടെയും കടന്നുപോവുകയാണ്. കൂടാതെ, വസ്തുക്കൾ നിരന്തരം ഉണ്മയിലേക്കു കടന്നുവരികയും അതിൽ നിന്നു പുറത്തു പോകുകയും ചെയ്യുന്നു. അതിനാൽ, മാറ്റത്തിലും വികാസത്തിലുമുള്ള പദാർത്ഥത്തെ പഠിക്കുക, വസ്തുക്കൾ എങ്ങനെ ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നു എന്ന് മനസ്സിലാക്കുക എന്നതായിരിക്കണം ശാസ്ത്രത്തിന്റെ ദൗത്യം. വസ്തുക്കളെ മാത്രമല്ല, പ്രക്രിയകളെയും പഠിക്കുന്നതിലും ശാസ്ത്രം കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അത് ഊന്നിപ്പറഞ്ഞു. നാം ഭൗതികലോകത്തെ വസ്തുക്കളുടെ ഒരു സഞ്ചയമായല്ല മറിച്ച്, വസ്തുക്കൾ നിരന്തരം ഉണ്ടാവുകയും മാറുകയും ഇല്ലാതാവുകയും ചെയ്യുന്ന പ്രക്രിയകളുടെ ഒരു സഞ്ചയമായിട്ടാണ് അതിനെ കാണേണ്ടത്. വസ്തുക്കൾ പരസ്പരബന്ധിതവും പരസ്പരാശ്രിതവും അന്യോന്യം നിർണ്ണയിക്കപ്പെടുന്നതുമാണ് എന്നും ദ്വന്ദ്വാത്മക ലോകവീക്ഷണം പഠിപ്പിച്ചു. ശാസ്ത്രം, വസ്തുക്കളെ ഒറ്റയ്ക്കൊറ്റയ്ക്കു പഠിക്കരുതെന്നും, അവയുടെ പരസ്പരബന്ധത്തിലും പ്രതിപ്രവർത്തനത്തിലും പഠിക്കണമെന്നും ദ്വന്ദ്വാത്മക ഭൗതികവാദം ഊന്നിപ്പറയുന്നു. നിലനിൽപ്പിന്റേതായുള്ള സാഹചര്യങ്ങളിൽനിന്ന് വേർപെടുത്തിക്കൊണ്ട് വസ്തുക്കളുടെ സവിശേഷതകളെ ശാസ്ത്രം അമൂർത്തവൽക്കരിക്കരുത്. മറിച്ച്, നിലനിൽപ്പിന്റെ സാഹചര്യങ്ങൾ മാറുമ്പോൾ വസ്തുക്കളുടെ സവിശേഷതകൾ എങ്ങനെ മാറുന്നു എന്ന് അത് പഠിക്കണം. നൂറ്റാണ്ടു ശേഷമുള്ള കാലഘട്ടത്തിൽ, യാന്ത്രികഭൗതികവാദ കാഴ്ചപ്പാടായിരുന്നു നിലനിന്നിരുന്നത്. ഓരോ ഘടകവും നിശ്ചിത നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ഭീമാകാരമായ യന്ത്രമായിട്ടാണ് അത് ലോകത്തെ കണ്ടത്. ഏതൊരു യന്ത്രഭാഗവും അതിന്റെ ജീവിതകാലം മുഴുവൻ ഒരേ രീതിയിൽ പ്രവർത്തിക്കുകയും, ഒരേ യാന്ത്രികപ്രക്രിയകളുടെ ചക്രം അനന്തമായി ആവർത്തിക്കുകയും ചെയ്യുന്നു. അതിനാൽ, യാന്ത്രികഭൗതികവാദികൾ നിരീക്ഷണവിധേയമായ പ്രക്രിയകൾക്കുള്ളിൽ, മാറ്റമില്ലാത്തതും സ്ഥിരവുമായ ഒന്നിനായി തിരഞ്ഞു. ഭൗതികലോകം അടിസ്ഥാനപരമായി മാറ്റമില്ലാത്തതാണെന്നും, നമ്മൾ കാണുന്ന എല്ലാ മാറ്റങ്ങളെയും നിർണ്ണയിക്കുന്നത് യാന്ത്രികനിയമങ്ങളാണെന്നും അവർ കരുതി. ഭൗതികലോകത്തിലെ മാറ്റങ്ങളെ യാന്ത്രികഭൗതികവാദം ഒരേ പ്രക്രിയയുടെ ആവർത്തിക്കുന്ന ചക്രങ്ങളായി മാത്രമാണ് കണ്ടത്. ഏംഗൽസ് തന്റെ 'പ്രകൃതിയുടെ ദ്വന്ദ്വാത്മകത' എന്ന കൃതിയുടെ ആമുഖത്തിൽ നിരീക്ഷിച്ചത് ഇപ്രകാരമാണ്: "എന്നാൽ, പ്രകൃതിയുടെ കേവലമായ മാറ്റമില്ലായ്മ കേന്ദ്രബിന്ദുവാകുന്ന, ഒരു പ്രത്യേക പൊതുവീക്ഷണത്തിന്റെ വിപുലീകരണമാണ് ഈ കാലഘട്ടത്തെ സവിശേഷമാക്കുന്നത്." കടുപ്പമേറിയതും തുളച്ചുകടക്കാൻ പറ്റാത്തതുമായ കണങ്ങൾകൊണ്ടു നിർമ്മിതമാണ് ലോകമെന്ന് യാന്ത്രികഭൗതികവാദം നിരീക്ഷിച്ചു. ഈ കണങ്ങളിൽ പ്രവർത്തിക്കുന്ന ബാഹ്യബലങ്ങളുടെയും അവയുടെ ചലനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളെയും വിശദീകരിക്കാമെന്ന് അത് വിശ്വസിച്ചു. ചലനം പുറത്തുനിന്നു നൽകേണ്ട നിഷ്ക്രിയദ്രവ്യമായി പദാർത്ഥത്തെ യാന്ത്രി

(ശേഷം 4–ാം പേജിൽ)

## SIR...

(2–ാം പേജിൽ നിന്ന്)

20 വീടുകളിലാണ്. ഒട്ടനവധി അഡ്രസിന്റെ ഭാഗത്ത് വീട്ടുനമ്പർ പൂജ്യം എന്നിട്ടിരിക്കുന്നു. ഇതൊക്കെ വോട്ടർപട്ടികയുടെ ആധികാരികത സംശയത്തിന്റെ മുനയിൽ നിർത്തുന്നു.

### മഹാരാഷ്ട്രയിൽ സംഭവിച്ചത്

2024 മെയിൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി സഖ്യം, കോൺഗ്രസ്-ശിവസേന-എൻസിപി നേതൃത്വത്തിലുള്ള പ്രതിപക്ഷസഖ്യത്തിന് പിറകിലായിരുന്നു. എന്നാൽ നവംബറിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടന്നപ്പോൾ കാര്യങ്ങൾ മാറിമാറിഞ്ഞു. വെറും അഞ്ചുമാസംകൊണ്ട് വോട്ടർ പട്ടികയിൽ 46 ലക്ഷത്തോളം പുതിയ വോട്ടർമാരാണ് വന്നത്. അവരെല്ലാം പ്രധാനമായും ലോക്സഭാ തിരഞ്ഞെടുപ്പിൽ ബിജെപി പരാജയപ്പെട്ട ബൂത്തുകളിലും മണ്ഡലങ്ങളിലും പുതിയതായി ചേർക്കപ്പെട്ടവരാണ്. എല്ലാത്തരം യുക്തിയെയും കാറ്റിൽ പറത്തുന്ന തരത്തിലുള്ള വോട്ടർ പട്ടിക തിരുത്തലാണ് മഹാരാഷ്ട്രയിൽ കണ്ടത്. അവർക്ക് ജയിക്കേണ്ട മണ്ഡലങ്ങളിൽ പൊടുന്നനെ ഉണ്ടായ വർദ്ധനവ് തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ആധികാരികതയിൽ സംശയം ഉണർത്തുന്നു. ഔദ്യോഗിക രേഖകളിൽ തന്നെ കാര്യമായ വ്യത്യാസങ്ങളുണ്ട്. 2024 ആഗസ്റ്റ് 30ന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കു പ്രകാരം മഹാരാഷ്ട്രയിൽ വോട്ടർമാരുടെ എണ്ണം 9.64 കോടിയായിരുന്നു. എന്നാൽ അതേദിവസം മഹാരാഷ്ട്രയിലെ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറുടെ കണക്കിൽ 9.53 കോടി വോട്ടർമാരേ ഉള്ളൂ. ദിവസങ്ങൾക്കുള്ളിൽ ഈ സംഖ്യകൾ വലിയ തോതിൽ മാറിമറിയാൻ തുടങ്ങി. ഒക്ടോബർ 15നും 30നും ഇടയിൽമാത്രം വോട്ടർമാരുടെ എണ്ണത്തിൽ 16 ലക്ഷത്തിന്റെ വർദ്ധനവാണ് ഉണ്ടായത്. നവംബർ 2024ന് തിരഞ്ഞെടുപ്പ് നടന്ന ദിവസം രേഖപ്പെടുത്തിയ വോട്ടുകളുടെ സംഖ്യയിലും വലിയ അട്ടിമറി സംഭവിച്ചു. വൈകിട്ട് 5 മണിവരെ പോളിംഗ് ശതമാനം 58.2 ശതമാനം ആയിരുന്നത് തിരഞ്ഞെടുപ്പ് കഴിഞ്ഞതോടെ 66.05 ശതമാനമായി ഉയർന്നു. അതായത് 5 മണിക്കുശേഷം മാത്രം 48 ലക്ഷം വോട്ടുകളാണ്(7.83 ശതമാനം) അധികമായി രേഖപ്പെടുത്തിയത്.

### വോട്ടർ പട്ടികയിലെ തിരിമറി

ഇന്ത്യയിലെമ്പാടും വോട്ടർ പട്ടികയിൽ ഇഷ്ടമുള്ളവരെ ചേർക്കുകയും ഇഷ്ടമില്ലാത്തവരെ ഒഴിവാക്കുകയും ചെയ്യുന്നതിന്റെ വിശദാംശങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സാങ്കേതികവിദ്യ ഉപയോഗിച്ച് ഇത്രയും വലിയ തോതിൽ വോട്ടർ പട്ടികയിൽ തിരിമറി കാണിക്കുന്നത് ജനാധിപത്യ പ്രക്രിയയെതന്നെ കൊഞ്ഞനം കുത്തലാണ്. ഭരണകക്ഷി, തിരഞ്ഞെടുപ്പ് സംവിധാനത്തെ ഭരണം നിലനിർത്താൻ ഉപയോഗിക്കുകയാണ്. പ്രായപൂർത്തിയായ പൗരന്മാരുടെ ഭരണഘടനാപരമായ അവകാശമാണ് വോട്ടവകാശം. ബൂർഷ്വാ ജനാധിപത്യ പ്രക്രിയതന്നെ അട്ടിമറിക്കുന്നതാണ് നാം കൺമുന്നിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഈ നാട്ടിലെ പൗരന്മാർ വായടച്ച് ഇതിന് മൗനാനുവാദം നൽകുമോ? അതോ ജനാധിപത്യ പ്രക്രിയയെ സംരക്ഷിക്കാൻ ഒറ്റക്കെട്ടായി തെരുവിൽ ഇറങ്ങുമോ? ■

ശാസ്ത്രവും ദർശനവും

# സംഭാവ്യതയും നിർണ്ണയവാദവും പൊരുത്തപ്പെടാനാവാത്ത ആശയങ്ങളല്ല

(3–ാം പേജിൽ നിന്ന്)

കഭൗതികവാദം കരുതി എന്നതായിരുന്നു പ്രധാന പ്രശ്നം. പത്തൊൻപതാം നൂറ്റാണ്ടിലെ ശാസ്ത്രത്തിന്റെ വികാസം കാട്ടിത്തന്നത്, എല്ലാ ഊർജ്ജരൂപങ്ങളും ചലനത്തിലുള്ള പദാർത്ഥം മാത്രമാണെന്നാണ്. ഒരു രൂപത്തിലുള്ള ഊർജ്ജം മറ്റൊരു രൂപത്തിലേക്കു മാറുമ്പോൾ, ഒരു രൂപത്തിലുള്ള ചലനം മറ്റൊരു രൂപത്തിലേക്കു മാറുകയാണ് ചെയ്യുന്നത്. എന്നാൽ ചലനം എപ്പോഴും നിലനിൽക്കുന്നു. ഒന്നിനും നിശ്ചലമായിരിക്കാൻ കഴിയില്ല. ഈ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ദ്വന്ദ്വാത്മക ഭൗതികവാദം, ചലനമില്ലാതെ പദാർത്ഥത്തിന് നിലനിൽക്കാനാവില്ല എന്നും പദാർത്ഥത്തെ അവലംബിച്ചല്ലാതെ ചലനത്തിന് അർത്ഥമില്ല എന്നുമുള്ള ആശയം മുന്നോട്ടുവച്ചു. "ചലനത്തിലുള്ള പദാർത്ഥമല്ലാതെ മറ്റൊന്നും ലോകത്തിലില്ല" എന്നു ലെനിൻ പറഞ്ഞു. "ചലനത്തിലുള്ള പദാർത്ഥത്തിന് സ്ഥലത്തിലും കാലത്തിലും അല്ലാതെ ചലിക്കാൻ കഴിയില്ല." അതിനാൽ, ചലനം എന്നത് പദാർത്ഥത്തിന്റെ നിലനിൽപ്പിന്റെ രൂപമാണ് എന്നതാണ് ശരിയായ ധാരണ.

മറ്റുവസ്തുക്കളുമായി ബാഹ്യബന്ധത്തിൽ ഏർപ്പെടുന്ന, വ്യത്യസ്തഘടകങ്ങൾ തമ്മിലുള്ള പരസ്പരപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മാറ്റങ്ങളെയും മനസ്സിലാക്കാൻ കഴിയും എന്നുവന്നാൽ ഒരു വസ്തു അതിന്റെ ഭാഗങ്ങളുടെ വെറും തുക മാത്രമാണെന്ന നിഗമനത്തിലെത്തേണ്ടിവരും. പല ശാസ്ത്രീയ വികാസങ്ങളും (ഉദാഹരണത്തിന്, കോശസിദ്ധാന്തം) അത്തരമൊരു നിലപാടിന്റെ വ്യർത്ഥത മുൻപേതന്നെ കാണിച്ചിരുന്നു. ഘടകഭാഗങ്ങളുടെ കൂടിച്ചേരലിന്റെയും പ്രതിപ്രവർത്തനത്തിന്റെയും ഒരു നിശ്ചിതതലത്തിൽ, പ്രത്യേകമായ ഒരു പുതിയ സവിശേഷത ഉയർന്നുവരാമെന്ന് ദ്വന്ദ്വാത്മകഭൗതികവാദം കാണിച്ചു. വസ്തുക്കളെ ഘടകങ്ങളാക്കിമാറ്റി, അവയുടെ ഭാഗങ്ങളുടെ സവിശേഷതകൾ പഠിക്കുന്നതിലൂടെ വസ്തുവിന്റെ മൊത്തത്തിലുള്ള സ്വഭാവവും വികാസനിയമങ്ങളും പൂർണ്ണമായി മനസ്സിലാക്കാൻ സാധ്യമല്ല. ഇപ്രകാരം അത് ന്യൂനീകരണത്തിന്റെ (reductionism) പ്രഭാവത്തെ ചെറുത്തു.

## മൂന്നു തത്ത്വങ്ങളും ശാസ്ത്രത്തിലെ അതിന്റെ പ്രയോഗവും

പദാർത്ഥത്തെ അതിന്റെ മാറ്റത്തിലും വികാസത്തിലും പഠിക്കുന്നതിലേക്ക് ശാസ്ത്രത്തിന്റെ ഊന്നൽ മാറിയപ്പോൾ, അത്തരമൊരു പഠനത്തിന്റെ മാർഗ്ഗനിർദ്ദേശക തത്ത്വങ്ങൾ എന്തായിരിക്കണമെന്ന് മാർക്സും എംഗൽസും കാണിച്ചുതന്നു. ഏതൊരു ഭൗതികവസ്തുവിന്റെ മാറ്റത്തെയും വികാസത്തെയും പഠിക്കുമ്പോൾ, ഒരാൾക്ക് താഴെ പറയുന്ന ചോദ്യങ്ങൾ നേരിടേണ്ടിവരുന്നു:

1. മാറ്റങ്ങൾ സംഭവിക്കുന്നത് എന്തുകൊണ്ട്?

ഏതൊരു വസ്തുവിലും പരസ്പരവൈരുദ്ധ്യമുള്ള ശക്തികളോ പ്രവണതകളോ ഉണ്ടെന്നും അവ തമ്മിലുള്ള ഐക്യവും വൈരുദ്ധ്യങ്ങളുമാണ് ഏതൊരു മാറ്റത്തിന്റെയും അടിസ്ഥാന കാരണമെന്നും ദ്വന്ദ്വാത്മക ഭൗതികവാദം കാണിച്ചുതന്നു.

2. മാറ്റങ്ങൾ എങ്ങനെ സംഭവിക്കുന്നു? മാറ്റങ്ങൾ, അളവിലുള്ളതും ഗുണപരവും എന്നിങ്ങനെ രണ്ട് തരത്തിലുണ്ടെന്ന് ദ്വന്ദ്വാത്മകഭൗതികവാദം കാണിച്ചുതന്നു. അളവിലുള്ള ഒരു മാറ്റത്തിലൂടെ കടന്നുപോകുമ്പോൾ ഒരു വസ്തു, ഗുണപരമായ പരിവർത്തനം സംഭവിക്കുന്ന ഒരു പ്രത്യേകതലത്തിൽ എത്താൻ സാധ്യതയുണ്ട്.

3. ഒരു ഗുണപരമായ മാറ്റത്തിൽനിന്ന് എന്ത് ഫലം ഉണ്ടാകുന്നു?

ഒരു ഗുണപരമായ മാറ്റം അതിന്റെ മുൻരൂപത്തെ നിഷേധിച്ച് ഒരു പുതിയ രൂപത്തിന്റെ പിറവിക്ക് കാരണമാകുന്നു എന്ന് ദ്വന്ദ്വാത്മകഭൗതികവാദം കാണിച്ചുതന്നു. ആധുനികശാസ്ത്രം ഈ മാർഗ്ഗനിർദ്ദേശക തത്വങ്ങൾ പിന്തുടരുന്നില്ലേ? തീർച്ചയായും പിന്തുടരുന്നു. ദ്വന്ദ്വാത്മകതയുടെ മൂന്ന് തത്ത്വങ്ങളും ആധുനികശാസ്ത്രത്തിന്റെ വെളിച്ചത്തിൽ സമ്പൂർണ്ണമായും സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ശാസ്ത്രപ്രസിദ്ധീകരണങ്ങൾ പൊതുവെ വ്യത്യസ്തമായ ഒരു ഭാഷയാണ് ഉപയോഗിക്കുന്നത്. ഇത് ദ്വന്ദ്വാത്മകതത്ത്വങ്ങളുടെ പങ്ക് ശാസ്ത്രജ്ഞർക്ക് അവ്യക്തമാക്കുന്നു. ഉദാഹരണത്തിന്, ശാസ്ത്രപ്രസിദ്ധീകരണങ്ങൾ വൈരുദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ സംസാരിക്കുന്നില്ല. പക്ഷേ, ഒരു ശാസ്ത്രജ്ഞൻ ഒരു യാന്ത്രികവ്യവസ്ഥയിലെ ബലങ്ങളുടെ സന്തുലിതാവസ്ഥയെക്കുറിച്ച് ഒരു സമവാക്യം എഴുതുമ്പോഴെല്ലാം, അദ്ദേഹം അറിയാതെ വിപരീതങ്ങളുടെ ഐക്യം എന്ന തത്ത്വം പ്രയോഗിക്കുകയാണ്. അദ്ദേഹം അത് അറിഞ്ഞുകൊണ്ടുചെയ്യണം എന്ന് ബോധ്യപ്പെടുത്തുക എന്നതാണ് നമ്മുടെ ദൗത്യം

**ലോകം നിശ്ചിതസ്വഭാവങ്ങളുള്ള, മുൻകൂട്ടി തയ്യാറാക്കി വച്ച വസ്തുക്കളുടെ ഒരു ശേഖരമല്ല. ഭൗതികലോകത്തിൽ എല്ലാം മാറ്റത്തിലൂടെയും പരിണാമത്തിലൂടെയും കടന്നുപോവുകയാണ്. വസ്തുക്കൾ നിരന്തരം ഉണ്മയിലേക്ക് കടന്നുവരികയും അതിൽ നിന്ന് പുറത്തുപോകുകയും ചെയ്യുന്നു. അതിനാൽ, മാറ്റത്തിലും വികാസത്തിലുമുള്ള പദാർത്ഥത്തെ പഠിക്കുക, വസ്തുക്കൾ എങ്ങനെ ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നു എന്ന് മനസ്സിലാക്കുക എന്നതായിരിക്കണം ശാസ്ത്രത്തിന്റെ ദൗത്യം.**

ബലതന്ത്രത്തിന്റെ പ്രത്യേകിച്ച്, ന്യൂട്ടോണിയൻ ബലതന്ത്രത്തിന്റെ മണ്ഡലത്തിൽ, പരസ്പരപ്രവർത്തനത്തിലുള്ള എല്ലാ വസ്തുക്കളുടെയും സ്ഥാനങ്ങളും പ്രവേഗങ്ങളും (velocity) നിർണ്ണയിക്കുന്നതിലൂടെ ഒരു വ്യവസ്ഥയുടെ യാന്ത്രികാവസ്ഥയെക്കുറിച്ച് നമ്മൾ സംസാരിക്കുന്നു. ചന്ദ്രൻ ഭൂമിയെ ചുറ്റുന്നതിനെക്കുറിച്ച് സംസാരിക്കുമ്പോൾ, ഭൂമിയുടെയും ചന്ദ്രന്റെയും സ്ഥാനവും സംവേഗവും (momentum – പ്രവേഗത്തിന്റെയും ദ്രവ്യമാനത്തിന്റെയും ഗുണനഫലം) ഉപയോഗിച്ച് വ്യവസ്ഥയുടെ അവസ്ഥ വിശദീകരിക്കുന്നു. ഇവ തമ്മിലുള്ള ഗുരുത്വാകർഷണബലം, അതിന്റെ എതിർദിശയിൽ പ്രവർത്തിക്കുന്ന അപകേന്ദ്രബലം (centrifugal force) എന്നിവ ഉപയോഗിച്ചാണ് സമവാക്യം എഴുതുന്നത്. ഈ രണ്ട് ബലങ്ങൾ, ആ വ്യവസ്ഥയിൽ നിലനിൽക്കുന്ന യാന്ത്രികവൈരുദ്ധ്യത്തെ സൂചിപ്പിക്കുന്നു. ഏതൊരു വ്യവസ്ഥയിലും, വിപരീതപ്രവണതകളുടെ സന്തുലനത്തെ യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന സമവാക്യങ്ങൾ വഴിയാണ് അതിലെ അവസ്ഥാമാറ്റം പ്രവചിക്കുന്നത്. അതിനാൽ, അത്തരം സമവാക്യങ്ങൾ വിപരീതങ്ങളുടെ ഐക്യം എന്ന തത്ത്വം പാലിക്കുന്നു.

കൂടാതെ, ഏതൊരു പ്രതിഭാസത്തിന്റെയും മാറ്റത്തിനും വികാസത്തിനും ഉള്ള പ്രധാന കാരണം വിപരീതങ്ങൾ തമ്മിലുള്ള സമരമാണെന്ന് ദ്വന്ദ്വാത്മകത പഠിപ്പിക്കുന്നു. ആന്തരികവൈരുദ്ധ്യങ്ങളാണ് എല്ലാ മാറ്റങ്ങളുടെയും ചാലകശക്തി. ബാഹ്യവൈരുദ്ധ്യങ്ങൾ വളരെ പ്രധാനവും ചിലപ്പോൾ നിർണ്ണായകവുമാണെങ്കിലും, അവയ്ക്ക് ആന്തരികവൈരുദ്ധ്യങ്ങളിലൂടെ മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. നക്ഷത്രങ്ങളുടെ പരിണാമം എന്ന പ്രതിഭാസം ഇത് മനോഹരമായി ചിത്രീകരിക്കുന്നു. സൂര്യനെപ്പോലെയുള്ള ഒരു നക്ഷത്രത്തിന്റെ പരിണാമത്തെക്കുറിച്ച് ശാസ്ത്രജ്ഞർ പഠിക്കുമ്പോൾ, അവർ യഥാർത്ഥത്തിൽ പഠിക്കുന്നത് ആന്തരികവൈരുദ്ധ്യങ്ങളാണ്. നക്ഷത്രത്തിന്റെ ഗുരുത്വാകർഷണം ഉള്ളിലേക്ക് പ്രവർത്തിക്കുകയും അതിനെ ചുരുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നക്ഷത്രത്തിന്റെ കേന്ദ്രത്തിൽ സംഭവിക്കുന്ന താപ – അണുസംയോജന പ്രവർത്തനം (thermonuclear reaction) വലിയ അളവിൽ താപം ഉത്പാദിപ്പിക്കുന്നു. ഈ താപം ഉയർന്ന മർദ്ദത്തിന് കാരണമാകുകയും, അത് നക്ഷത്രത്തിലെ പദാർത്ഥങ്ങളെ പുറത്തേക്ക് തള്ളുകയും ചെയ്യുന്നു. ഈ രണ്ട് വിപരീത പ്രവണതകളുടെ സന്തുലനമാണ് നക്ഷത്രത്തിന്റെ സ്ഥിരത നിർണ്ണയിക്കുന്നത്. ഇത് വിപരീതങ്ങളുടെ ഐക്യം അല്ലാതെ മറ്റൊന്നുമല്ല. ശാസ്ത്രജ്ഞർ പഠിക്കുന്നത് ഇതുതന്നെയാണ്.

'അളവുപരമായ മാറ്റത്തിൽ നിന്ന് ഗുണപരമായ മാറ്റത്തിലേക്കും, തിരിച്ചും' എന്ന തത്വം ജീവശാസ്ത്രത്തിലെയും സാമൂഹ്യശാസ്ത്രത്തിലെയും വികാസങ്ങളിൽനിന്നും ഐസ് വെള്ളമായി മാറുന്നതുപോലെ പദാർത്ഥത്തിന്റെ അവസ്ഥാമാറ്റം സംഭവിക്കുന്ന ഭൗതികവ്യവസ്ഥകളെക്കുറിച്ചുള്ള മനസ്സിലാക്കലിൽനിന്നും പ്രചോദനം ഉൾക്കൊണ്ടതാണ്. ന്യൂട്ടോണിയൻ ബലതന്ത്രം, അതിന്റേതായ നിലയിൽ, അളവുപരവും ഗുണപരവുമായ മാറ്റങ്ങളെക്കുറിച്ച് പറയുന്നില്ല. ഒരു വ്യവസ്ഥയുടെ സ്ഥിതിയിലും അതിന്റെ ചലനാവസ്ഥയിലും മൗലികവും ഗുണപരവുമായ മാറ്റങ്ങൾ ഉണ്ടാവാം എന്ന് കഴിഞ്ഞ അൻപത് വർഷങ്ങൾക്കിടയിലാണ് മനസ്സിലാക്കുന്നത്. ഒരു വ്യവസ്ഥയുടെ സ്ഥിതിയിലുണ്ടാകുന്ന ഗുണപരമായ മാറ്റം ഭൗതികശാസ്ത്രത്തിൽ 'ഫേസ് ട്രാൻസിഷൻ ആൻഡ് ക്രിട്ടിക്കൽ ഫിനോമിന' എന്ന തലക്കെട്ടിന് കീഴിലാണ് പഠിക്കപ്പെടുന്നത്. കാന്തികതയുടെ ആരംഭം, അതിചാലകത (superconductivity), അതിദ്രവത്വം (superfluidity), ബോസ്–ഐൻസ്റ്റീൻ കണ്ടൻസേറ്റ് (Bose–Einstein condensate) മുതലായവ അത്തരം ഗുണപരമായ പരിവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്. സമയബന്ധിതമായി ആവർത്തിക്കുന്ന (periodic) ചലനത്തിൽ നിന്ന് സമയക്രമമില്ലാത്ത (aperiodic) ചലനത്തിലേക്കുള്ള മാറ്റം പോലെയുള്ള ചലനാവസ്ഥകളിലെ ഗുണപരമായ മാറ്റങ്ങളെ 'രണ്ടായി പിരിയൽ' (bifurcations) എന്ന് വിളിക്കുന്നു. ദ്വന്ദ്വാത്മകതത്ത്വങ്ങളുടെ സാർവത്രികപ്രയോഗക്ഷമത ഈ മേഖലകളിലും വീണ്ടും ശരിയാണെന്ന് തെളിയിക്കപ്പെട്ടു.

ഇതിൽ 'തിരിച്ചും' എന്ന ഭാഗം സാധാരണയായി അളവുപരവും ഗുണപരവുമായ മാറ്റങ്ങളുടെ തുടർച്ചയായിട്ടാണ് സമയക്രമത്തിൽ കാണപ്പെടുന്നത്. ഈ കാഴ്ചപ്പാടിൽ, ഒരു വ്യവസ്ഥയിലെ അളവുപരമായ മാറ്റത്തിന്റെ പ്രക്രിയ ഒരു നിർണ്ണായകഘട്ടത്തിൽ എത്തുമ്പോൾ അത് ഗുണപരമായ മാറ്റത്തിലേക്ക് നയിക്കുന്നു. അതിന്റെ മുൻരൂപത്തെ നിഷേധിച്ച് പുതിയ ഒരു വസ്തു പിറവിയെടുക്കുന്നു. എന്നാൽ ഭൗതികമാറ്റത്തിന്റെ പ്രക്രിയ അവിടെ അവസാനിക്കുന്നില്ല. പുതിയ വസ്തു, വീണ്ടും അളവുപരമായ മാറ്റത്തിന്റെ ഒരു പുതിയ പ്രക്രിയ ആരംഭിക്കുന്നു, അത് മറ്റൊരു ഗുണപരമായ മാറ്റത്തിന് കാരണമാവുകയും ഈ പ്രക്രിയ തുടരുകയും ചെയ്യും. ഈ 'തിരിച്ചും' എന്നതിന് ഏംഗൽസ് തന്റെ 'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത' എന്ന കൃതിയിൽ താപോർജ്ജം യാന്ത്രികചലനമായി മാറുന്നതും യാന്ത്രികചലനം വീണ്ടും താപോർജ്ജമായി മാറുന്നതും പോലെയുള്ള ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്.

ഇന്ത്യയിൽ നിന്നുള്ള പ്രമുഖ മാർക്സിസ്റ്റ് ചിന്തകനായിരുന്ന ശിബ്ദാസ് ഘോഷ്, ഏതൊരു വസ്തുവിന്റെയും മാറ്റത്തിന്റെ പ്രക്രിയയിൽ, 'അളവുപരമായ മാറ്റം ഗുണപരമായ മാറ്റത്തിലേക്ക്' എന്ന ഭാഗവും അതിന്റെ 'തിരിച്ചും' എന്ന ഭാഗവും ഒരുമിച്ച് പ്രവർത്തിക്കുന്നു എന്ന് കാണിച്ചുകൊണ്ട് ഈ ആശയത്തെ സമ്പന്നമാക്കി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഒരു അളവുപരമായ മാറ്റത്തിന്റെ പ്രക്രിയക്കുള്ളിൽത്തന്നെ എണ്ണമറ്റ ഗുണപരമായ മാറ്റങ്ങൾ അടങ്ങിയിരിക്കുന്നു. ഓരോ വസ്തുവും നിശ്ചിതമായ 'അടിസ്ഥാനഘടകങ്ങളാൽ' നിർമ്മിതമാണ്. ഒരു ഗ്ലാസ് വെള്ളത്തെ സംബന്ധിച്ചിടത്തോളം, അടിസ്ഥാനഘടകങ്ങൾ ജലതന്മാത്രകളാണ്; ഒരു ജീവിവർഗ്ഗത്തെ (species) സംബന്ധിച്ചിടത്തോളം, അടിസ്ഥാനഘടകങ്ങൾ ആ സ്പീഷിസിലെ വ്യക്തിഗത ജീവികളാണ്; ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം, അടിസ്ഥാനഘടകങ്ങൾ വ്യക്തികളാണ്. വസ്തുവിന് അളവുപരമായ ചെറിയ മാറ്റങ്ങൾ സംഭവിക്കുമ്പോൾ, അതിന്റെ ചില അടിസ്ഥാനഘടകങ്ങൾക്ക് ഗുണപരമായ മാറ്റങ്ങൾ സംഭവിക്കുന്നു. ഒരു ഗ്ലാസ് വെള്ളത്തിന്റെ താപനില കൂടുമ്പോൾ (ഒരു അളവുപരമായ മാറ്റം) ചില ജലതന്മാത്രകൾ ബാഷ്പീകരിക്കുന്നു (ഗുണപരമായ മാറ്റം). ഒരു മുതലാളിത്ത സമൂഹം അളവുപരമായ മാറ്റത്തിന് വിധേയമാകുമ്പോൾ, വ്യക്തികൾ ഗുണപരമായ മാറ്റത്തിന് വിധേയരാവുകയും വിപ്ലവകാരികളായി മാറുകയും, ആത്യന്തികമായി അത് മുഴുവൻ സമൂഹത്തിന്റെയും ഗുണപരമായ പരിവർത്തനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, അളവുപരവും ഗുണപരവുമായ മാറ്റങ്ങൾ വേർതിരിക്കാനാവാത്തതും ഒന്നിനുപുറകെ ഒന്നായിട്ടല്ലാതെ ഒരേസമയം സംഭവിക്കുന്നതുമാണ്.

സംഭാവ്യതയും (probability) നിർണ്ണയവാദവും (determinism) ശാസ്ത്രത്തിലെ രണ്ട് സുപ്രധാന ആശയങ്ങളാണ്. ഇവ പൊരുത്തപ്പെടുത്താനാവാത്ത ആശയങ്ങളാണെന്ന് പലരും വിശ്വസിക്കുന്നു: നിർണ്ണയി

(ശേഷം 5–ാം പേജിൽ)

# ജീനുകളിൽ സംഭവിക്കുന്ന അളവുപരമായ മാറ്റം പുതിയ ജീവിവർഗ്ഗത്തിന്റെ ഉത്ഭവത്തിന് കാരണമാകുന്നു

*(4–ാം പേജിൽ നിന്ന്)*

ക്കപ്പെടാവുന്നതാണ് ഒരു വസ്തുത എങ്കിൽ സംഭവ്യതയ്ക്ക് സ്ഥാനമില്ല, സംഭവിക്കാനുള്ള സാധ്യതയേ ഉള്ളുവെങ്കിൽ അത് നിർണ്ണയവാദത്തെ ലംഘിക്കുന്നു. ഈ നിലപാട് ക്വാണ്ടം മെക്കാനിക്സ് ഉൾപ്പെടെയുള്ള ചില ആധുനിക ശാസ്ത്രീയവികാസങ്ങളെക്കുറിച്ച് വലിയ ആശയക്കുഴപ്പങ്ങൾക്ക് കാരണമായി.

ക്വാണ്ടം ലോകത്ത്, കണങ്ങളുടെ ചലനം സംഭവ്യതാ നിയമത്താൽ നിയന്ത്രിക്കപ്പെടുന്നു. ഒരു സൂക്ഷ്മകണത്തിന്റെ സ്ഥാനവും സംവേഗവും അനന്തമായ കൃത്യതയോടെ ഒരേസമയം നിർണ്ണയിക്കാൻ കഴിയില്ലെന്ന് ഹൈസെൻബെർഗിന്റെ അനിശ്ചിതത്വ തത്ത്വം (Heisenberg's Uncertainty Principle) പറയുന്നു. ഒരു കണത്തിന്റെ സ്ഥാനം എത്രത്തോളം കൃത്യമായി നിർണ്ണയിക്കപ്പെടുന്നുവോ, അത്രത്തോളം കൃത്യത കുറഞ്ഞേ അതിന്റെ സംവേഗം നിർണ്ണയിക്കാൻ കഴിയൂ, തിരിച്ചും. ഈ ബന്ധത്തെ വെളിവാക്കുന്ന ഒരു ഗണിതശാസ്ത്രഅസമത (mathematical inequality) ഉണ്ട്. ഇത് നമ്മുടെ ഉപകരണങ്ങളുടെയോ നിരീക്ഷണത്തിനുള്ള സാങ്കേതികവിദ്യകളുടെയോ പരിമിതിയല്ല. പ്രകൃതിയുടെ ഒരു നിയമമാണ്: ഒരു കണത്തിന്റെ സംവേഗത്തിന് കൃത്യമായ ഒരു മൂല്യമുണ്ടെങ്കിൽ, അതിന്റെ സ്ഥാനത്തിന് നിശ്ചിതമായ മൂല്യമില്ല. ഒരു നിശ്ചിത പരിധിക്കുള്ളിൽ അതിന് ഏതൊരു സ്ഥാനത്തും ആയിരിക്കാൻ കഴിയും. ഓരോ സ്ഥാനത്തും ആയിരിക്കാനുള്ള അതിന്റെ സംഭവ്യത നിർണ്ണയിക്കാനും കഴിയും.

ഇത്, ക്വാണ്ടം ലോകത്ത് കാര്യകാരണബന്ധവും(causality) നിർണ്ണയവാദവും (Determinism) പ്രവർത്തിക്കുന്നില്ല എന്ന് സൂചിപ്പിക്കുന്നതായി ചില ശാസ്ത്രജ്ഞരും തത്ത്വചിന്തകരും വ്യാഖ്യാനിച്ചു. എന്നിരുന്നാലും, ഒരു നിയമവും അനുസരിക്കാത്ത, അരാജകമോ അനിയന്ത്രിതമോ ആയതാണ് ചലനം എന്നല്ല ഇത് സൂചിപ്പിക്കുന്നത്. സൂക്ഷ്മകണങ്ങളുടെ ചലനം പൂർണ്ണമായും നിയമഭരിതമാണ്. അത് സംഭവ്യതയുടെ നിയമത്താൽ നിർണ്ണയിക്കപ്പെടുന്നു. ഒരു ക്വാണ്ടം വ്യവസ്ഥയിൽ, സംഭവ്യതകൾ നിയമഭരിതമായ ഒരു പ്രക്രിയയിലൂടെ സുനിശ്ചിതമായിത്തന്നെ ഉരുത്തിരിയുന്നു. ക്വാണ്ടം ലോകത്ത് സംഭവ്യതയുടെ നിയമം പ്രവർത്തിക്കുന്നു എന്നതിനാൽ നിർണ്ണയവാദം തെറ്റാണെന്ന് അതു സ്ഥാപിക്കുന്നു എന്ന് പറയുന്നത് ശരിയല്ല. "ഡിറ്റർമിനിസത്തെക്കുറിച്ചുള്ള നിലവിലുള്ള ധാരണയ്ക്ക് ഒരു യാന്ത്രികമായ പക്ഷപാതത്തിന്റെ പരിമിതി ഉണ്ടായിരുന്നു", ശിബ്ദാസ് ഘോഷ് പറഞ്ഞു, "കൃത്യമായി പറഞ്ഞാൽ, നിർണ്ണയവാദത്തെക്കുറിച്ചുള്ള ഈ ധാരണ പൂർവ്വനിർണ്ണയവാദ (pre-determinism)ത്തിന്റെ നിഴലിലായിരുന്നു. നിർണ്ണയവാദത്തെ വിധിവാദ(fatalism)മായി കണക്കാക്കാൻ ഇതു പലരെയും പ്രേരിപ്പിച്ചു. അതിനാൽ, അനിശ്ചിതത്വ തത്വത്തിലോ സൂക്ഷ്മകണങ്ങളെക്കുറിച്ചുള്ള മറ്റു പല വിഷയങ്ങളിലോ ഉള്ളതുപോലെ ആധുനിക ശാസ്ത്രത്തിലെ സംഭാവ്യത എന്ന ആശയം, നിശ്ചിതത്വത്തെ തുരങ്കം വെക്കുകയോ കാര്യകാരണബന്ധത്തെ ഇല്ലാതാക്കുകയോ ചെയ്തിട്ടില്ല എന്ന് ഞാൻ കരുതുന്നു. സംഭവ്യതയുടെ ഈ നിയമം പ്രീ-ഡിറ്റർമിനിസത്തിന്റെ മുൻധാരണയിൽനിന്ന് ഡിറ്റർമിനിസത്തെ മോചിപ്പിച്ച് ശക്തമായ ഒരു അടിത്തറയിൽ സ്ഥാപിച്ചു എന്നതാണ് ശരിയായ ധാരണ." ഏംഗൽസ് തന്റെ 'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത' എന്ന കൃതിയിലെ 'ആകസ്മികതയും ആവശ്യകതയും'(Chance and Necessity) എന്ന അധ്യായത്തിലും യാന്ത്രികഭൗതികവാദസമീപനത്തിലെ പൂർവ്വനിർണ്ണയവാദം എന്ന വിഷയത്തിലേക്ക് വിരൽ ചൂണ്ടി.

## ഉദാഹരണം: ആധുനിക ജനിതക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഡാർവിന്റെ പരിണാമസിദ്ധാന്തം

ആധുനികശാസ്ത്രം ദ്വന്ദ്വാത്മകരീതി എങ്ങനെ സ്വീകരിക്കുന്നു എന്ന് വിശദീകരിക്കാൻ, ഡാർവിൻ മുന്നോട്ട് വെക്കുകയും പിന്നീട് ജനിതക ശാസ്ത്രത്തിന്റെ വികാസം സമ്പന്നമാക്കുകയും ചെയ്ത ജൈവപരിണാമപ്രക്രിയ നമുക്ക് പരിഗണിക്കാം. ഈ വിഷയത്തിന് രണ്ട് വശങ്ങളുണ്ട്: വ്യക്തിഗത ജീവിയും അത് ഉൾപ്പെടുന്ന മുഴുവൻ ജീവിവർഗ്ഗവും(species). ഓരോ വ്യക്തിഗത ജീവിയും പരിസ്ഥിതിയുമായി നിരന്തരമായ വൈരുദ്ധ്യത്തിലാണ്. ഭക്ഷണ ഉപഭോഗവും മറ്റ് പാരിസ്ഥിതിക ഘടകങ്ങളും നിർണ്ണയിക്കുന്ന പരിമിതികൾക്കുള്ളിൽ 'ജനിതക കോഡ്'(genetic code) എന്ന് വിളിക്കപ്പെടുന്ന ഘടകത്തിലൂടെയാണ് ജീവിയുടെ ശാരീരികഘടന വലിയ അളവിൽ രൂപപ്പെടുന്നത്. വിശദാംശങ്ങളിലേക്ക് പോകാതെ പറയാം, ഒരു ഭ്രൂണം ഒരു കുതിരയായോ മത്സ്യമായോ ആണ് വികസിക്കേണ്ടതെങ്കിൽ, അതിന്റെ ശാരീരികഘടനയെക്കുറിച്ചുള്ള വിവരങ്ങൾ ആദ്യത്തെ കോശത്തിൽ തന്നെ ലഭ്യമായിരിക്കണം. ഈ വിവരങ്ങൾ, ഓരോ കോശത്തിന്റെയും ന്യൂക്ലിയസിൽ കാണപ്പെടുന്ന ഡിഎൻഎ എന്ന തന്മാത്രയിൽ അടങ്ങിയിരിക്കുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. വിവരങ്ങൾ അടങ്ങിയ ഡിഎൻഎയുടെ വിവിധ ഭാഗങ്ങളെ ജീനുകൾ എന്ന് വിളിക്കുന്നു. അമ്മയുടെയും അച്ഛന്റെയും ലൈംഗികകോശങ്ങളിലെ ഡിഎൻഎ തന്മാത്രകളുടെ ഭാഗങ്ങളിൽനിന്നാണ് ഈ വിവരങ്ങൾ വരുന്നത്.

> ## ശാസ്ത്രവും ദർശനവും
>
> **ഏതൊരു പ്രതിഭാസത്തിന്റെയും മാറ്റത്തിനും വികാസത്തിനുമുള്ള പ്രധാന കാരണം വിപരീതങ്ങൾ തമ്മിലുള്ള സമരമാണെന്ന് ദ്വന്ദ്വാത്മകത പഠിപ്പിക്കുന്നു. ആന്തരികവൈരുദ്ധ്യങ്ങളാണ് എല്ലാ മാറ്റങ്ങളുടെയും ചാലകശക്തി. ബാഹ്യവൈരുദ്ധ്യങ്ങൾ വളരെ പ്രധാനവും ചിലപ്പോൾ നിർണ്ണായകവുമാണെങ്കിലും, അവയ്ക്ക് ആന്തരിക വൈരുദ്ധ്യങ്ങളിലൂടെ മാത്രമേ പ്രവർത്തിക്കാൻ കഴിയൂ.**

ഒരു പ്രത്യേക സ്പീഷിസിലെ ജീവിഗണത്തിൽ(population), ഓരോ വ്യക്തിഗത ജീവിയുടെയും ഡിഎൻഎ തന്മാത്ര സമാനമല്ല. മൊത്തത്തിൽ സമാനമാണെങ്കിലും (അതുകൊണ്ട് രണ്ട് കാക്കകൾക്കോ രണ്ട് കഴുതകൾക്കോ അവയെ കാക്കകളായോ കഴുതകളായോ വർഗ്ഗീകരിക്കാൻ കഴിയുന്ന നിരവധി പൊതുവായ സവിശേഷതകളുണ്ട്), ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് മനസ്സിലാക്കാൻ കഴിയുന്ന ചില സൂക്ഷ്മമായ വ്യത്യാസങ്ങൾ ഈ തന്മാത്രകളിൽ ഉണ്ട്. ഇതാണ് ഡാർവിൻ പറഞ്ഞ വ്യതിയാനം അവയ്ക്ക് നൽകുന്നത്. പ്രത്യുൽപാദന കോശങ്ങളിലേക്ക് ഡിഎൻഎ പകർത്തുന്ന പ്രക്രിയയിൽ ചില പിശകുകൾ സംഭവിക്കുമ്പോൾ പുതിയ വ്യതിയാനങ്ങൾ ഉണ്ടാകുന്നു. 'ഉൾപരിവർത്തനം' (mutations) എന്ന് വിളിക്കപ്പെടുന്ന ഇത്തരം സംഭവങ്ങൾ ജീവലോകത്ത് വളരെ സാധാരണമാണ്.

ഒരു പ്രത്യേക സ്പീഷിസിലെ എല്ലാ ജീവികളും പരിസ്ഥിതിയുമായി വൈരുദ്ധ്യത്തിലാണ്. അവയുടെ ജനിതക കോഡിലെ സൂക്ഷ്മമായ വ്യത്യാസങ്ങൾ മൂലമുണ്ടാകുന്ന വ്യതിയാനം അവയ്ക്ക് അസമമായ അതിജീവനസാധ്യത നൽകുന്നു. പ്രായപൂർത്തിയാകുന്നതുവരെ അതിജീവിക്കാൻ കഴിയുന്നവയ്ക്ക് അവയുടെ ജനിതക കോഡ് സന്താനങ്ങളിലേക്ക് കൈമാറാൻ കഴിയും. അങ്ങനെ, പ്രകൃതിനിർദ്ധാരണം (natural selection) ചില ജീനുകൾക്ക് അനുകൂലമായി പ്രവർത്തിക്കുകയും, ജീവികളുടെ നിലനിൽപ്പിനു പ്രതികൂലമായ ജീനുകളെ നീക്കം ചെയ്യുകയും ചെയ്യുന്നു. ഇതാണ് ജീവിഗണത്തിൽ ക്രമേണയുള്ളതും അളവുപരവുമായ മാറ്റങ്ങൾക്ക് കാരണമാകുന്നത്. പുതിയ ഭാഷയിൽ പറഞ്ഞാൽ, മത്സരിക്കുന്ന ജീനുകളുടെ ആപേക്ഷിക ആവൃത്തി (relative frequency) കാലത്തിനനുസരിച്ച് മാറുന്നു.

ശാരീരികഘടനയെ കാര്യമായി സ്വാധീനിക്കുന്ന ഒരു പുതിയ ജീൻ സ്പീഷിസിലേക്ക് പ്രവേശിക്കുമ്പോൾ ഗുണപരമായ മാറ്റങ്ങൾ സംഭവിക്കാം. ഒരു ഉൾപരിവർത്തനം ആദ്യം ഒരു വ്യക്തിഗത ജീവിയിൽ സംഭവിക്കുന്നു. ഇത് അതിജീവനത്തിന് പ്രയോജനകരമാകുന്നുണ്ടെങ്കിൽ, ആ ജീവി പ്രായപൂർത്തിയാകാനും പുതിയ, ഉൾപരിവർത്തനം സംഭവിച്ച ജീൻ അതിന്റെ സന്താനങ്ങളിലേക്ക് കൈമാറാനും സാധ്യത കൂടുതലാണ്. ഈ ജീൻ വഹിക്കുന്നവർക്ക്, വഹിക്കാത്തവരേക്കാൾ ഉയർന്ന അതിജീവന സാധ്യതയുണ്ടെങ്കിൽ, ഈ ജീൻ ജീവിഗണത്തിൽ അതിവേഗം വ്യാപിക്കും. ഏതാനും ചില തലമുറകൾക്കുള്ളിൽ ഇത് എല്ലാ വ്യക്തിഗത ജീവികളിലും നിലവിലുണ്ടായേക്കാം. സ്പീഷിസിനെ മൊത്തത്തിൽ നോക്കിയാൽ, ജീവിഗണത്തിന്റെ സവിശേഷതകൾ മാറിയതായി കാണാം, അത് ഇപ്പോൾ ഗുണപരമായി പുതിയ ഒരു സ്പീഷിസാണ്. ഇപ്രകാരമാണ് ആപേക്ഷിക ജീൻ ആവൃത്തിയിലെ അളവുപരമായ മാറ്റം സ്പീഷിസിലെ ഗുണപരമായ മാറ്റത്തിലേക്ക് നയിക്കുന്നത്.

എങ്കിലും, സ്പീഷിസിലെ വ്യക്തിഗത അംഗങ്ങളെ നമ്മൾ പരിശോധിക്കുകയാണെങ്കിൽ, സ്പീഷിസ് മൊത്തത്തിൽ ഗുണപരമായി മാറിയെന്ന് പറയാൻ കഴിയുന്നതിന് വളരെ മുമ്പുതന്നെ ചില വ്യക്തിഗത ജീവികൾ ഗുണപരമായ മാറ്റത്തിന് വിധേയരാകുന്നു എന്ന് നാം കണ്ടെത്തുന്നു. പുതിയ ജീൻ പാരമ്പര്യമായി ലഭിച്ച ഒരു വ്യക്തിഗത ജീവിയിലെ ഗുണപരമായ മാറ്റം സ്പീഷിസിനെ സംബന്ധിച്ചിടത്തോളം അളവുപരമായ ഒരു മാറ്റത്തിലേക്ക് നയിക്കുന്നു. ഇപ്രകാരമാണ് 'ഗുണപരമായ മാറ്റം അളവുപരമായ മാറ്റത്തിലേക്ക്' എന്ന ഭാഗം പ്രവർത്തിക്കുന്നത്.

ജൈവപരിണാമപ്രക്രിയയെക്കുറിച്ചുള്ള ആധുനികധാരണ, സംഭാവ്യത കാര്യകാരണബന്ധത്തിന് എതിരല്ല എന്ന് വ്യക്തമായി തെളിയിച്ചിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ചുള്ള ധാരണക്കുറവു മൂലം ചില കമ്മ്യൂണിസ്റ്റുകൾ ജനിതകശാസ്ത്രത്തെ അതിന്റെ ആദ്യകാലത്ത് എതിർക്കാനിടയായി. ക്രമരഹിതമായ ഉൾപരിവർത്തനങ്ങളിലൂടെ പുതിയ വ്യതിയാനങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും, ആ വ്യതിയാനങ്ങൾ അതിജീവിക്കുമോ ഇല്ലയോ, സ്പീഷിസിന്റെ തുടർന്നുള്ള പരിണാമത്തിൽ അത് സ്വാധീനം ചെലുത്തുമോ ഇല്ലയോ എന്നതെല്ലാം പൂർണ്ണമായും കാര്യകാരണബന്ധത്താൽ നിയന്ത്രിക്കപ്പെടുന്നതാണ് എന്ന് ഇപ്പോൾ നാം മനസ്സിലാക്കുന്നു–കാരണം പ്രകൃതിനിർദ്ധാരണം നിശ്ചിത വ്യതിയാനങ്ങൾക്ക് നിശ്ചിത അതിജീവനസാധ്യത നൽകുന്നു.

ആധുനിക ജനിതകശാസ്ത്രത്തിന്റെ വികാസം ദീർഘകാലമായി പരിഹരിക്കപ്പെടാതിരുന്ന വിഷയങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഏതൊരു മാറ്റത്തിന്റെയും അടിസ്ഥാനകാരണം ആന്തരികമാണ് എന്ന വസ്തുത ഇത് വീണ്ടും സ്ഥാപിച്ചു. ബാഹ്യ വൈരുദ്ധ്യം വഹിക്കുന്ന പങ്ക് അത് പുനർനിർവചിച്ചിട്ടുണ്ട്. ജനിതകശാസ്ത്രത്തിന്റെ വികാസത്തിന്റെ ആദ്യകാലത്ത്, ഡാർവിന്റെ സിദ്ധാന്തത്തിന്റെ കാര്യകാരണബന്ധ സ്വഭാവം വ്യക്തമല്ലായിരുന്നു. അതും ഇപ്പോൾ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

## ഉപസംഹാരം

ശാസ്ത്രജ്ഞർ അതിനെക്കുറിച്ച് ബോധവാന്മാരല്ലെങ്കിൽപ്പോലും, ശാസ്ത്രം, ദ്വന്ദ്വാത്മകഭൗതികവാദം കാണിച്ചുതന്ന പാത പിന്തുടർന്ന് തന്നെയാണ് മുന്നോട്ടു പോകുന്നത് എന്നതാണ് പ്രധാന കാര്യം. അതുകൊണ്ട്, ദ്വന്ദ്വാത്മക ഭൗതികവാദത്തെ ശാസ്ത്രീയ വ്യവഹാരങ്ങളുടെ കേന്ദ്രസ്ഥാനത്തേക്ക് തിരികെ കൊണ്ടുവരുന്നതിനായി ഈ വശം ഉയർത്തിക്കാട്ടുക എന്നതാണ് നമ്മുടെ ദൗത്യം.

യുക്തിഭദ്രമായ ഒരു വിജ്ഞാനവ്യവസ്ഥയും രീതിശാസ്ത്രപരമായ കാഴ്ചപ്പാടും സൃഷ്ടിക്കുന്നതിനായി പിൽക്കാല മാർക്സിസ്റ്റ് തത്ത്വചിന്തകർ ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ ആശയങ്ങൾക്ക് നൽകിയ സംഭാവനകൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ ദാർശനിക കാഴ്ചപ്പാട് ആധുനികയുഗത്തിലെ ശാസ്ത്രത്തിലെ വിവിധ വികാസങ്ങൾ മനസ്സിലാക്കാനും സ്വാംശീകരിക്കാനും സഹായിക്കുമെന്ന് നമുക്ക് ബോധ്യമുണ്ടെങ്കിൽ, പോസ്റ്റ്-മോഡേണിസം, എംപിരിയോ-മോണിസം, നവ ഭൗതികവാദം, പോസ്റ്റ്-ഹ്യൂമനിസം തുടങ്ങിയവയുടെ പേരിൽ ദ്വന്ദ്വാത്മക ഭൗതികവാദത്തെ 'പരിഷ്കരിക്കാനുള്ള' പ്രവണതകളെ നാം ചെറുക്കണം.

അതേസമയം തന്നെ, ആധുനികശാസ്ത്രത്തിലെ വിവിധ ശാഖകളിൽ സംഭവിക്കുന്ന ആശയപരമായ വികാസങ്ങൾ ലോകമെമ്പാടുമുള്ള മാർക്സിസ്റ്റുകൾ വിമർശനാത്മകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ചരിത്രപരമായി, ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെ പ്രത്യയശാസ്ത്രം വികസിച്ചത് ശാസ്ത്രത്തിലെ വികാസങ്ങളെ അടിസ്ഥാനമാക്കിയാണ്. അതിനാൽ, ശാസ്ത്രം കൂടുതൽ വികസിക്കുന്നതിനനുസരിച്ച് അതിനെ കൂടുതൽ സമ്പന്നമാക്കാനുള്ള ശ്രമങ്ങൾ തുടരേണ്ടതുണ്ട്. ■




# പലസ്തീനുശേഷം വെനസ്വേല ലക്ഷ്യംവച്ച് യുഎസ് യുദ്ധപദ്ധതി

**ലോകത്തിലെ ഏറ്റവും വലിയ വിമാനവാഹിനിക്കപ്പലായ 'യുഎസ്എസ് ജെറാൾഡ് ആർ.ഫോർഡ്' വെനസ്വേലൻ തീരത്തേക്ക് അടുക്കുകയാണ്. കൊളംബിയയിലേക്കുള്ള യാത്രാമധ്യേ, വെനസ്വേലൻ കടലിൽ മയക്കുമരുന്ന് കടത്തുകയായിരുന്നു എന്ന് ആരോപിക്കപ്പെടുന്ന ബോട്ടുകൾക്കുനേരെ പതിനൊന്ന് തവണയാണ് ഈ കപ്പൽ ആക്രമണം നടത്തിയത്. ഈ ബോട്ടുകൾ മയക്കുമരുന്ന് കടത്തുകയായിരുന്നു എന്നാണ് അമേരിക്ക ആരോപിക്കുന്നത്.**

നേരത്തെ, തെക്കേ അമേരിക്കൻ കടലിൽ പട്രോളിംഗ് നടത്തിയിരുന്ന എട്ട് യുഎസ് യുദ്ധക്കപ്പലുകൾ, കഴിഞ്ഞ സെപ്തംബർ മുതൽ നടത്തിയ ആക്രമണങ്ങളിൽ പത്ത് ചെറിയ ബോട്ടുകൾ തകർക്കുകയും 40ൽ അധികം ജീവനക്കാരെ കൊലപ്പെടുത്തുകയും ചെയ്തിരുന്നു. മയക്കുമരുന്ന് കടത്ത് തടയാനായിരുന്നു അത് എന്നതായിരുന്നു ന്യായീകരണം.

ഇപ്പോൾ 35 യുദ്ധവിമാനങ്ങളുള്ള യുഎസ്എസ് ജെറാൾഡ് ആർ. ഫോർഡിന്റെ വരവോടെ, അമേരിക്കൻ ഭരണത്തിൻ കീഴിലുള്ള പ്യൂർട്ടോ റിക്കോയിലെ എയർ ബേസുകൾ,കരീബിയനിലെ വൻ സൈനിക വിന്യാസം എന്നിവ കൂടുതൽ ശക്തിപ്പെട്ടിരിക്കുകയാണ്. 15,000 യുഎസ് സൈനികർ, എട്ട് യുദ്ധക്കപ്പലുകൾ, പി-8 നിരീക്ഷണ വിമാനങ്ങൾ, എഫ്-35 ജെറ്റുകൾ, അണ്വായുധ ശേഷിയുള്ള ബി-52 ബോംബറുകൾ, ആണവ അന്തർവാഹിനികൾ എന്നിവ കരീബിയൻ മേഖലയിൽ ഒരുക്കിവച്ചിരിക്കുകയാണ്.

## സ്പീഡ് ബോട്ടുകൾ തടയാൻ ഡാർത്ത് വേഡറുടെ ഡെത്ത് സ്റ്റാർ

സ്പീഡ് ബോട്ടുകൾ തടയാൻ ഡാർത്ത് വേഡറുടെ ഡെത്ത് സ്റ്റാർ (സ്റ്റാർ വാർസ് എന്ന സിനിമയിലെ വില്ലനായ ഡാർത്ത് വേഡറുടെ തീവ്രനാശശേഷിയുള്ള ഡെത്ത് സ്റ്റാർ എന്ന ബഹിരാകാശനിലയം: എഡി. യൂണിറ്റി) ആവശ്യമില്ലല്ലോ? അതിനാൽത്തന്നെ ഈ അമേരിക്കൻ സൈനിക നീക്കം മയക്കുമരുന്ന് വിരുദ്ധ ഓപ്പറേഷനുകൾ നടത്തുന്നതിനല്ല, മറിച്ച് ലോകത്തിലെ ഏറ്റവും വലിയ എണ്ണ ശേഖരമുള്ള വെനസ്വേലയുടെ പരമാധികാരവും സമ്പത്തും കൈക്കലാക്കാൻ ലക്ഷ്യമിട്ടുള്ള ഒരു വൻ പടയൊരുക്കത്തിന്റെ സൂചനയാണ് നൽകുന്നത്. വെനസ്വേലയുമായി സൗഹൃദത്തിലുള്ള കൊളംബിയൻ സർക്കാരും ഇവരുടെ നിരീക്ഷണത്തിലാണ്.

ഇറാഖിനെ ആക്രമിക്കുകയും ഗസയെ തകർക്കുകയും സിറിയയെ അസ്ഥിരപ്പെടുത്തുകയും ചെയ്തശേഷം, പെന്റഗൺ ഭരണകൂടത്തിന്റെ സാമ്രാജ്യത്വ തോക്കിൻകുഴൽ ഇപ്പോൾ പടിഞ്ഞാറൻ അർദ്ധഗോളത്തിലേക്ക് തിരിഞ്ഞിരിക്കുകയാണ്. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വെനസ്വേലയിലെ പ്രസിഡന്റ് മഡുറോയെ സൈനികമായി അട്ടിമറിക്കാനും കൊളംബിയയിലെ പ്രസിഡന്റ് പെട്രോയെ പുറത്താക്കാനും പരസ്യമായി ആഹ്വാനം ചെയ്തുകഴിഞ്ഞു.

## കൊളംബിയയും നിരീക്ഷണവലയത്തിൽ

വെനസ്വേലയ്ക്കൊപ്പം, കൊളംബിയക്കെതിരെയും യുഎസ് സാമ്രാജ്യത്വ ശക്തികൾ ഭീഷണികളും സൈനിക സമ്മർദ്ദങ്ങളും വർദ്ധിപ്പിക്കുകയാണ്. വെനസ്വേലയുടെ ഏറ്റവും ശക്തരായ വക്താക്കളിൽ ഒരാളാണ് കൊളംബിയൻ പ്രസിഡന്റ് ഗുസ്താവോ പെട്രോ. ഈ മേഖലയിലെ സമീപകാലത്തെ അമേരിക്കൻ സൈനികാക്രമണങ്ങളെ അദ്ദേഹം നിശിതമായി അപലപിച്ചിരുന്നു. സെപ്തംബറിൽ നടന്ന ഐക്യരാഷ്ട്രസഭയുടെ പൊതുസമ്മേളനത്തിൽ, ബോട്ടുകളിലെ യാത്രക്കാർ മയക്കുമരുന്ന് കടത്തുകാർ ആയിരുന്നില്ലെന്നും മറിച്ച് "ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള പാവപ്പെട്ട യുവാക്കൾ" ആയിരുന്നു എന്നും പെട്രോ പറയുകയുണ്ടായി. നിലവിലെ നിയമങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടുള്ള ഈ കൊലപാതകങ്ങളുടെ പേരിൽ യുഎസ് പ്രസിഡന്റിനെതിരെ നിയമപരമായ അന്വേഷണങ്ങൾ നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വാസ്തവത്തിൽ, യുഎസ് സാമ്രാജ്യത്വവാദികൾ ഇരുപത് വർഷത്തെ ഒരു പദ്ധതി രൂപീകരിക്കുകയായിരുന്നു, യുഎസ് നിർദ്ദേശങ്ങൾക്ക് വഴങ്ങാൻ വിസമ്മതിക്കുന്ന വെനസ്വേലയാണ് പ്രധാന ലക്ഷ്യം. അവരുടെ ആദ്യ തന്ത്രം സാമ്പത്തികമായ ഞെരുക്കൽ ഉണ്ടാക്കുകയായിരുന്നു, രാജ്യത്തെ ആഗോള സാമ്പത്തിക വ്യവസ്ഥയിൽനിന്ന് ഒറ്റപ്പെടുത്തി. ഇത് മറ്റുള്ളവരുമായി വ്യാപാരം ചെയ്യാനുള്ള അതിന്റെ കഴിവിനെ തകർത്തു. വിദേശ കറൻസി ലഭ്യത ഏതാണ്ട് മരവിപ്പിക്കുകയും ഭക്ഷണവും മരുന്നുകളും പോലുള്ള അവശ്യവസ്തുക്കളുടെ ഇറക്കുമതി നിരോധിക്കുകയും ചെയ്തു. അടുത്തത്, അട്ടിമറികൾ ആസൂത്രണം ചെയ്യാനായി ഏജന്റുമാരെ സ്ഥാപിച്ചും, യുഎസ്-അഭിഷിക്തമായ ഒരു സമാന്തര 'സർക്കാരിനെ' സൃഷ്ടിച്ചും മറ്റൊരു രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ നഗ്നമായ ഇടപെടൽ നടത്തുക എന്ന തന്ത്രമായിരുന്നു. സ്വയം പ്രഖ്യാപിത ഇടക്കാല പ്രസിഡന്റിനെ അംഗീകരിച്ചും വെനസ്വേലയുടെ അന്താരാഷ്ട്ര ആസ്തികൾ—അതിന്റെ യുഎസ് ആസ്ഥാനമായുള്ള ശുദ്ധീകരണശാലയായ സിറ്റ്ഗോ ഉൾപ്പെടെ—പിടിച്ചെടുക്കാൻ ശ്രമിച്ചും, പെന്റഗൺ ഭരണാധികാരികൾ ഒരു പ്രത്യേക രാഷ്ട്രീയ സാഹചര്യം സൃഷ്ടിക്കാൻ ശ്രമിച്ചു. മഡുറോയെ സ്ഥാനഭ്രഷ്ടനാക്കുന്നതിൽ ആത്യന്തികമായി പരാജയപ്പെട്ട ഈ നീക്കത്തിനൊപ്പം, അട്ടിമറികൾക്ക് രൂപം നൽകാനും, ഭരണമാറ്റം ആസൂത്രണം ചെയ്യുന്നതിനായി തിരഞ്ഞെടുപ്പുകളിൽ കൃത്രിമം കാണിക്കാനും, ഒത്തുതീർപ്പ് തേടാൻ സാധ്യതയുള്ള മിതവാദ ഘടകങ്ങളെ ദുർബലപ്പെടുത്താനും വേണ്ടി പ്രതിപക്ഷ വിഭാഗത്തിന് ധാരാളമായി ധനസഹായം നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കരആക്രമണങ്ങൾ പരിഗണിക്കുന്നുണ്ടെന്നും വെനസ്വേലയ്ക്കുള്ളിൽ രഹസ്യ ഓപ്പറേഷനുകൾ നടത്താൻ സിഐഎയ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ട്രംപ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ യുഎസ് സ്റ്റേറ്റ് സെക്രട്ടറി(എക്സോൺമൊബിലിന്റെ മുൻ സിഇഒയും)യായ റെക്സ് ടില്ലേഴ്സൺ 2018 ഫെബ്രുവരി 1 മുതൽ 7 വരെ, അതായത് ഡൊണാൾഡ് ട്രംപ് പ്രസിഡന്റ് ആയ ആദ്യ ഊഴത്തിൽ, മെക്സിക്കോ, അർജന്റീന, കൊളംബിയ, പെറു, ജമൈക്ക എന്നിവിടങ്ങൾ സന്ദർശിച്ചു, ഈ ഭരണകൂടങ്ങൾ 'ബൊളീവേറിയൻ' വെനസ്വേലക്കെതിരെ യുഎസിനൊപ്പം നിൽക്കുമെന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു അത്. അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെടുകയുമുണ്ടായി: "കാര്യങ്ങൾ വളരെ മോശമാവുകയും, നേതൃത്വത്തിന് ഇനി ജനങ്ങളെ സേവിക്കാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ, പലപ്പോഴും സൈന്യമാണ് മാറ്റത്തിന്റെ ചാലകശക്തിയായി മാറുന്നത്."

## വെനസ്വേല തല കുനിച്ചില്ല

എന്നാൽ വെനസ്വേല ഭയന്ന് പിന്മാറിയിട്ടില്ല. വെനസ്വേലൻ പ്രസിഡന്റ് നിക്കോളാസ് മഡുറോ കൂസലില്ലാതെ പ്രഖ്യാപിച്ചു: "നമ്മൾ ആഗ്രഹിക്കുന്ന സമാധാനം വെറുമൊരു സമാധാനമല്ല... അത് ഗസയുടെ അവശിഷ്ടങ്ങളിലുണ്ടാക്കിയ സമാധാനമല്ല. യുഎസ് അധീശത്വവാദികളുടെ അടിമകളാകാനും, നമുക്ക് നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടാനും, അവർ വന്ന് യുഎസിലെ കുടിയേറ്റക്കാരെ കൈകാര്യം ചെയ്യുന്നതുപോലെ നമ്മെ മർദ്ദനം കൊണ്ടും വെടിയുണ്ടകൊണ്ടും കൈകാര്യം ചെയ്യപ്പെടാനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ...നമ്മൾ വീണ്ടും ഒരു കോളനിയായി മാറാനും, അവർ എല്ലാം നമ്മളോട് ആജ്ഞാപിക്കാനും, അവർ വന്ന് നമ്മുടെ എണ്ണയും സമ്പത്തും മോഷ്ടിക്കാനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അടിമകളുമല്ല, കോളനിയുമല്ല; ഇന്നും നാളെയും എന്നേക്കും നാം സ്വതന്ത്രരും പരമാധികാരമുള്ളവരുമായിരിക്കും." സാമ്രാജ്യത്വ വിരുദ്ധ പതാക ഉയർത്തിപ്പിടിച്ച്, വാസ്തവത്തിൽ, 1998 മുതൽ 2013 വരെ വെനസ്വേലയുടെ പ്രസിഡന്റായിരുന്ന, അന്തരിച്ച ഹ്യൂഗോ ഷാവേസ്, യുഎസ് സാമ്രാജ്യത്വ അനുകൂല ഭരണകൂടമായ കാർലോസ് ആന്ദ്രേസ് പെരസിനെതിരെ 1980-കളുടെ തുടക്കത്തിൽ രഹസ്യമായി സാമ്രാജ്യത്വവിരുദ്ധ ബൊളീവേറിയൻ മൂവ്മെന്റ്-200 (MBR-200) സ്ഥാപിച്ച വ്യക്തിയാണ്. അദ്ദേഹം വെനസ്വേലൻ ജനതയിലെ ഒരു വലിയ വിഭാഗം ആളുകൾക്കിടയിൽ സാമ്രാജ്യത്വ വിരുദ്ധ, പ്രത്യേകിച്ച് അമേരിക്കൻ സാമ്രാജ്യത്വ വിരുദ്ധമായ, "പോരാട്ട വീര്യം" വളർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തു. 'ചാവിസ്മോ' എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ ഈ സമീപനം, ലാറ്റിനമേരിക്കയിലെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച സൈമൺ ബൊളിവറിന്റെ പേരിലുള്ള ബൊളീവേറിയനിസത്തിന്റെ അടിത്തറയിൽ കെട്ടിപ്പടുത്തതായിരുന്നു, ഇത് യുഎസ് മേധാവിത്വത്തെയും ലാറ്റിനമേരിക്കയിലെ നവകോളോണിയൽ നീക്കങ്ങളെയും പരസ്യമായി എതിർത്തിരുന്നു. അദ്ദേഹം നാല് തവണ വെനസ്വേലൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും വെനസ്വേലയുടെ ചോദ്യം ചെയ്യപ്പെടാത്ത ദേശീയ നേതാവായി ആദരിക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണശേഷവും, യുഎസിന്റെയും അതിന്റെ സഖ്യകക്ഷികളുടെയും സാമ്രാജ്യത്വ തന്ത്രങ്ങൾക്കെതിരായ പോരാട്ടത്തിൽ 'ചാവിസ്മോ' വെനസ്വേലൻ ജനതയ്ക്ക് ഊർജ്ജം പകർന്നു. 2017ലെ വെനസ്വേലയിലെ രണ്ട് പ്രധാന തിരഞ്ഞെടുപ്പുകൾ പ്രസിഡന്റ് ഹ്യൂഗോ ഷാവേസിന്റെ സാമ്രാജ്യത്വ വിരുദ്ധ നിലപാടിന് വൻ ജനപിന്തുണയുണ്ടെന്ന് തെളിയിച്ചു. ഹ്യൂഗോ ഷാവേസിന്റെ ഉറച്ച അനുയായിയായ നിക്കോളാസ് മഡുറോ മോറോസ് 2013 മുതൽ വെനസ്വേലയുടെ പ്രസിഡന്റ് സ്ഥാനത്ത് തുടരുകയാണ്.

മഡുറോയെ സ്ഥാനഭ്രഷ്ടനാക്കാൻ യുഎസ് സാമ്രാജ്യത്വവാദികളും, വെനസ്വേലയിലെ അവരുടെ ഉപഗ്രഹ കുത്തകമുതലാളിമാരും നടത്തിയ അസംഖ്യം ശ്രമങ്ങൾ—അട്ടിമറികൾ ആസൂത്രണം ചെയ്യുക, ആഭ്യന്തര യുദ്ധത്തിന് പ്രേരിപ്പിക്കുക, തിരഞ്ഞെടുപ്പ് ഫലങ്ങൾ കൃത്രിമമാണെന്ന് പ്രഖ്യാപിക്കുക തുടങ്ങിയവ—പരാജയപ്പെട്ടു. 2018 മെയ് 20ന് നടന്ന വെനസ്വേലൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിന് മുന്നോടിയായി, നിലവിലുള്ള സർക്കാരിനെ തള്ളിക്കളയാൻ അമേരിക്ക ആ രാജ്യത്തെ ജനങ്ങൾക്കുമേൽ വലിയ സമ്മർദ്ദം ചെലുത്തി. ലിയോപോൾഡോ ലോപ്പസ്, എന്ന യുഎസ് ഏജന്റും, വെനസ്വേലൻ വിമത നേതാവെന്ന് വിളിക്കപ്പെടുന്നയാളും, നിക്കോളാസ് മഡുറോ സർക്കാരിന്റെ കടുത്ത വിമർശകനുമായ വ്യക്തി —2020ൽ രാജ്യം വിട്ട് പോവുകയും ഇപ്പോൾ സ്പെയിനിൽ പ്രവാസിയായി കഴിയുകയും ചെയ്യുന്നു— വെനസ്വേലയെ ആക്രമിക്കുന്നതിനായി കരീബിയൻ കടലിൽ യുഎസ് കപ്പലുകൾ വിന്യസിക്കുന്നതിന് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

## യുഎസ് സാമ്രാജ്യത്വവും അതിന്റെ രാഷ്ട്രീയ നടത്തിപ്പുകാരും അങ്ങേയറ്റം വ്യാജമായ കാര്യങ്ങൾ വിദഗ്ധമായി കച്ചവടം നടത്തുന്നു

ജോർജ്ജ് ബുഷിനെപ്പോലുള്ള യുഎസ് പ്രസിഡന്റുമാർ, ഇപ്പോൾ ഡൊണാൾഡ് ട്രംപും തങ്ങളുടെ ഉപദേഷ്ടാക്കളായ യുഎസ് കുത്തകകളുടെയും ബഹുരാഷ്ട്ര കമ്പനികളുടെയും സാമ്രാജ്യത്വ താൽപ്പര്യങ്ങളെ പിന്തുണയ്ക്കുന്നതിനായി ഒരു കൂട്ടം നുണകളും വ്യാജപ്രചാരണങ്ങളും അഴിച്ചുവിട്ടിട്ടുണ്ട് എന്ന് നമുക്കറിയാം.

അമേരിക്കൻ കോർപ്പറേറ്റ് മാധ്യമങ്ങൾ 2024ൽ സർക്കാർ വിരുദ്ധ പ്രകടനങ്ങളിൽ 130 പേർ കൊല്ലപ്പെട്ടു എന്ന് റിപ്പോർട്ട് ചെയ്തുകൊണ്ട് വെനസ്വേലൻ സർക്കാരിനെ ആക്രമിച്ചിരുന്നു. ഫാസിസ്റ്റ് സംഘങ്ങൾ സർക്കാർ അനുകൂലികളെ കൊലപ്പെടുത്തുകയായിരുന്നു എന്നും മരിച്ചവരിൽ ഭൂരിഭാഗവും നിലവിലെ മഡുറോ സർക്കാരിന്റെ പിന്തുണക്കാർ ആയിരുന്നു എന്നുമുള്ള വസ്തുതയെ ഇത് പൂർണ്ണമായും വളച്ചൊടിച്ചു. ട്രംപ് വെനസ്വേലയെ മയക്കുമരുന്ന് ഉൽപാദനത്തിന്റെ പേരിൽ കുറ്റപ്പെടുത്തുന്നു. എന്നാൽ വെനസ്വേല കൊക്കെയ്ൻ ഉത്പാദിപ്പിക്കുന്നില്ല. മാത്രമല്ല, യുഎസ് ലക്ഷ്യംവെച്ച വെനസ്വേലൻ ബോട്ടുകളിൽ മയക്കുമരുന്ന് ഉണ്ടായിരുന്നു എന്നതിന് യുഎസ് ഇതുവരെ ഒരു തെളിവും ഹാജരാക്കിയിട്ടില്ല. കൂടാതെ, ഭൂരിഭാഗം മയക്കുമരുന്നുകളും മെക്സിക്കൻ കരഅതിർത്തി വഴി അമേരിക്കൻ പൗരന്മാർ മാത്രമാണ് യുഎസിലേക്ക് കടത്തുന്നത് എന്നും വിദഗ്ധർ പറയുന്നു. അതിനാൽ, വെനസ്വേല മയക്കുമരുന്ന് കടത്തുന്നു എന്ന യുഎസ് ആരോപണം, മുൻ യുഎസ് പ്രസിഡന്റ് ജോർജ്ജ് ബുഷ്, കൂട്ട

(ശേഷം 7–ാം പേജിൽ)

# സോഷ്യലിസ്റ്റ് ചേരിയുടെ അഭാവം മുതലെടുത്ത് അമേരിക്ക മറ്റുരാജ്യങ്ങളുടെമേൽ ഇടപെടുന്നു

(6–ാം പേജിൽ നിന്ന്)

സംഹാര ആയുധങ്ങളുടെ (WMD) കേന്ദ്രമാണ് ഇറാഖ് എന്ന വ്യാജ കാരണം പറഞ്ഞ് പരമാധികാര രാജ്യമായ ഇറാഖിനെ പിടിച്ചടക്കിയതുപോലെ, കെട്ടിച്ചമച്ച ഒരു ആരോപണമാണ്.

പ്രീ-വാർ ഇന്റലിജൻസ് റിപ്പോർട്ടുകൾ തെറ്റായിരുന്നു എന്നും സജീവമായ കൂട്ട സംഹാര ആയുധ ശേഖരങ്ങൾ ഉണ്ടായിരുന്നില്ല എന്നും ജോർജ്ജ് ബുഷും അദ്ദേഹത്തിന്റെ ഭരണകൂടവും പിന്നീട് സമ്മതിച്ചു. എന്നാൽ അദ്ദേഹം ഇറാഖിൽ നടത്തിയ അധിനിവേശ യുദ്ധം—4 ലക്ഷത്തിലധികം നിരപരാധികളായ പൗരന്മാർ കൊല്ലപ്പെടുകയും രാജ്യത്തെ തരിപ്പണമാക്കുകയും ചെയ്തു—ഒരു കുറ്റകൃത്യമായിരുന്നു എന്നോ, അല്ലെങ്കിൽ ഇന്റലിജൻസ് വിവരങ്ങൾ മനഃപൂർവം കെട്ടിച്ചമച്ചതായിരുന്നു എന്നോ അദ്ദേഹം സമ്മതിച്ചില്ല.

കൂടാതെ, 2019 മാർച്ചിൽ, മുൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവായിരുന്ന ജോൺ റോബർട്ട് ബോൾട്ടൺ II, വെനസ്വേലയിലെ രാഷ്ട്രീയത്തിൽ യുഎസ് വൻതോതിൽ നിക്ഷേപം നടത്തിയിട്ടുണ്ടെന്നും വെനസ്വേലയുടെ രാഷ്ട്രീയ പ്രതിസന്ധിയിൽ യുഎസിന് "വലിയ പങ്കുണ്ട്" എന്നും തുറന്ന് സമ്മതിച്ചിട്ടുണ്ട്. ആ രാജ്യത്തെ എണ്ണയും അത് യുഎസിന് നൽകാൻ സാധ്യതയുള്ള സാമ്പത്തിക നേട്ടങ്ങളും അദ്ദേഹം എടുത്തുപറഞ്ഞു. യുഎസ് ടെലിവിഷനായ ഫോക്സ് ബിസിനസിന് നൽകിയ മറ്റൊരു അഭിമുഖത്തിൽ, മഡുറോ "നമ്മുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ താൽപ്പര്യങ്ങളുള്ള രാജ്യങ്ങളെ" വെനസ്വേലയുടെ ഭാഗത്തേക്ക് കൊണ്ടുവരുന്നുവെന്നും അതിനാൽ അദ്ദേഹത്തെ ഒഴിവാക്കേണ്ടത് പരമപ്രധാനമാണ് എന്നും ബോൾട്ടൺ പറഞ്ഞു. അദ്ദേഹത്തെ പുറത്താക്കുന്നത് ഈ മേഖലയിലെ ബിസിനസ്സ് അവസരങ്ങൾക്ക് "വലിയ മുന്നേറ്റത്തിന് സാധ്യതയുള്ള ഒരു നടപടിയാകും" എന്നും അദ്ദേഹം പറഞ്ഞു.

## ഗൂഢാലോചനയുടെ മറനീക്കപ്പെടുന്നു

അങ്ങനെ, ഗൂഢാലോചന പൂർണ്ണമായും മറനീക്കി പുറത്തുവന്നിരിക്കുന്നു. പ്രസിഡന്റ് ട്രംപിന്റെ ഒരു പ്രധാന ഉപദേഷ്ടാവ് ഞെട്ടിക്കുന്ന അടിസ്ഥാനപരമായ ലക്ഷ്യം വെളിപ്പെടുത്തി: യുഎസ് "കരാക്കാസിലെ (വെനസ്വേലൻ തലസ്ഥാന നഗരം) രാഷ്ട്രീയത്തിൽ വലിയ തോതിൽ നിക്ഷേപം നടത്തിയിരിക്കുന്നു" എന്നും വെനസ്വേലയുടെ "വിശാലമായ എണ്ണ ശേഖരത്തിൽ" ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നും. ഇത് ഒരു രഹസ്യമായിരുന്നില്ല; അതൊരു സ്ഥിരീകരണമായിരുന്നു. ഹ്യൂഗോ ഷാവേസ് എണ്ണ വ്യവസായത്തെ ദേശസാൽക്കരിക്കുകയും അതിന്റെ വരുമാനം സാമൂഹികക്ഷേമ പരിപാടികൾക്കായി വഴിതിരിച്ചുവിടുകയും ചെയ്തതുമുതൽ, വെനസ്വേല യുഎസിന്റെ തോക്കിൻമുനയിലായി. നിലവിലെ വെനസ്വേലൻ സർക്കാരിന്റെ വിഭവ ദേശസാൽക്കരണ നയം തിരുത്തുകയും, ഒരു രാജ്യത്തിന്റെ ലാഭം അതിന്റെ പൗരന്മാർക്ക് നല്കുന്നതിനു പകരം അന്താരാഷ്ട്ര ഓഹരി ഉടമകളിലേക്ക് ഒഴുകുന്ന ഒരു നവകോളോണിയൽ സാമ്പത്തിക മാതൃക പുനഃസ്ഥാപിക്കുകയുമാണ് ലക്ഷ്യം. നിയമപരവും മാനുഷികവുമായ ന്യായീകരണങ്ങൾ എല്ലാം തകർന്നടിയുകയാണ്. അന്താരാഷ്ട്ര നിയമം, പ്രത്യേകിച്ചും യുഎൻ ചാർട്ടർ, മറ്റൊരു രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ അഖണ്ഡതയ്ക്കെതിരായ ഭീഷണിയോ ബലപ്രയോഗമോ കർശനമായി നിരോധിക്കുന്നു. "മയക്കുമരുന്ന് തടയൽ" എന്ന കാരണം ഒരു നിയമപരമായ മിഥ്യയാണ്, അത് വ്യക്തമായും ഭീഷണിപ്പെടുത്തലിനു നൽകിയ നേരിയ ഒരു മറ മാത്രമാണ്.

## യുഎസ് വിശ്വസ്തക്ക് നോബൽ സമ്മാനം നൽകുകയെന്ന പ്രഹസനം

എല്ലാവരെയും നിരാശപ്പെടുത്തിക്കൊണ്ട്, സമാധാനം കടുത്ത യുദ്ധക്കൊതിയുടെ ബലിപീഠത്തിൽ ഹോമിക്കപ്പെട്ടപ്പോഴാണ്, തിരഞ്ഞെടുക്കപ്പെട്ട നിക്കോളാസ് മഡുറോ സർക്കാരിനെതിരെയുള്ള വിദേശ ഇടപെടലിനെ പിന്തുണയ്ക്കുന്ന, യുഎസ് സാമ്രാജ്യത്വ ഭരണകൂടത്തോട് വിശ്വസ്തത പുലർത്തുന്ന മരിയ കൊറിന മച്ചാഡോയ്ക്ക് സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത്. ഇത് വെറുമൊരു യാദൃശ്ചികതയല്ല; കറുപ്പിനെ വെളുപ്പാക്കി മാറ്റുന്ന, സാമ്രാജ്യത്വത്തിന്റെ വ്യക്തമായ ഒരു ജാലവിദ്യയാണിത്. പ്രസിഡന്റ് മഡുറോയുടെ ഒരു കടുത്ത എതിരാളിയായ അവരുടെ പേര് വളരെ കുറച്ചുപേർ മാത്രമേ കേട്ടിരിക്കാൻ സാധ്യതയുള്ളൂ. താൻ തിരഞ്ഞെടുക്കപ്പെട്ടാൽ അദ്ദേഹത്തെ ജയിലിലേക്ക് അയയ്ക്കുന്നതിനായി അദ്ദേഹം ജീവനോടെയിരിക്കാൻ ആഗ്രഹിക്കുന്നു എന്നും അവർ പറയുകയുണ്ടായി. 2025ൽ, ദി വാൾ സ്ട്രീറ്റ് ജേണൽ എഴുതിയത്, വെനസ്വേലൻ സർക്കാരിനെ കൂടുതൽ ശക്തമായി എതിരിടുന്നതിനായി യുഎസ് സാമ്രാജ്യത്വ ഭരണത്തിനായി അവർ പലപ്പോഴും വാദിച്ചിരുന്നു എന്നാണ്. ട്രംപിനെയും ബ്രസീലിന്റെ മുൻ പ്രസിഡന്റ് ജെയർ ബോൾസൊനാരോയെയും പോലുള്ള യാഥാസ്ഥിതിക വലതുപക്ഷ രാഷ്ട്രീയക്കാരുമായുള്ള അവരുടെ ബന്ധത്തെയും, ടെൻ ഡി അറാഗ്വ എന്ന വെനസ്വേലൻ സംഘം യുഎസിലേക്ക് ഒരു "അധിനിവേശം" ആരംഭിച്ചു എന്ന ട്രംപിന്റെ പരക്കെ വിശ്വാസ്യത നഷ്ടപ്പെട്ട വാദത്തെ അവർ പിന്തുണയ്ക്കുന്നതിനെയും മറ്റുള്ളവർ സംശയത്തോടെ കാണുന്നു. ഗസയിലെ ഇസ്രയേലിന്റെ സൈനിക നടപടിയെ പിന്തുണച്ചും, വെനസ്വേലൻ ഭരണകൂടത്തെ "തകർക്കാൻ" അർജന്റീനയോടും ഇസ്രയേലിനോടും അഭ്യർത്ഥിച്ചുമുള്ള എക്സിലെ (X) അവരുടെ മുൻകാല പോസ്റ്റുകളുടെ പേരിൽ അവർ വിമർശനം ഏറ്റുവാങ്ങി.



ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ സയണിസ്റ്റ് സർക്കാരിനും മച്ചാഡോ പിന്തുണ അറിയിച്ചിട്ടുണ്ട്. കൂടാതെ, താൻ വെനസ്വേലൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടാൽ വെനസ്വേലയുടെ എംബസി ടെൽ അവീവിൽ നിന്ന് ജെറുസലേമിലേക്ക് മാറ്റുമെന്നും അവർ പറഞ്ഞിരുന്നു— ഈ നീക്കം വെനസ്വേലയെ അമേരിക്കക്കൊപ്പം അണിനിരത്തുന്നതിന് തുല്യമാണ്. നോർവീജിയൻ നിയമനിർമ്മാതാവായ ബിയോർനാർ മോക്സ്നെസ് ചൂണ്ടിക്കാണിച്ചത്, മച്ചാഡോ 2020ൽ ഇസ്രയേലിലെ ലിക്കുഡ് പാർട്ടിയുമായി ഒരു സഹകരണ രേഖയിൽ ഒപ്പിട്ടിരുന്നു എന്നാണ്. "ഗസ കൂട്ടക്കൊലയ്ക്ക്" ഉത്തരവാദിയായ ലിക്കുഡ് പാർട്ടിയുമായുള്ള ഈ ബന്ധം കാരണം, ഈ അവാർഡ് നോബലിന്റെ ഉദ്ദേശ്യത്തിന് അനുസൃതമല്ല എന്നും അദ്ദേഹം പറഞ്ഞു.

വെനസ്വേലൻ പ്രതിപക്ഷത്തിലെ വിദേശ ഇടപെടലിന് അനുകൂലമായ വിഭാഗത്തിൽ പെട്ടതും, ഏറ്റവും തീവ്രവും യുദ്ധക്കൊതിയുള്ളതുമായ യുഎസിനോടും അതിന്റെ കൂട്ടാളികളോടും ചേർന്നുനിൽക്കുന്നതുമായ ഒരു വ്യക്തിയെ "ധീരയും അർപ്പണബോധമുള്ള സമാധാന സംരക്ഷക" എന്ന് വിശേഷിപ്പിക്കുകയും സമാധാനത്തിനുള്ള നോബൽ സമ്മാന ജേതാവിന്റെ പദവിയിലേക്ക് ഉയർത്തുകയും ചെയ്തതിലൂടെ, നോബൽ കമ്മിറ്റി യുഎസ് നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ബ്ലോക്കിന്റെ കൈകളിലെ ഒരു പാവയായി എങ്ങനെ മാറി എന്ന് തുറന്നുകാട്ടപ്പെട്ടു.

## യുഎസ് സാമ്രാജ്യത്വം അന്താരാഷ്ട്രഗുണ്ടായിസത്തിൽ ഇത്രമാത്രം മുഴുകുന്നത് എന്തുകൊണ്ട്?

വെനസ്വേലൻ തീരത്ത് ഭീതി പടർത്തുന്ന ഭീമാകാരമായ യുഎസ് യുദ്ധക്കപ്പൽ, പരമാധികാരം സൈനിക ശക്തിയാൽ വീറ്റോ ചെയ്യപ്പെടാമെന്നും വിഭവങ്ങൾ സാമ്പത്തിക പീഡനത്തിലൂടെ പിടിച്ചെടുക്കാമെന്നും വിശ്വസിക്കുന്ന ഒരു വ്യവസ്ഥയുടെ പ്രതീകമാണ്. ഈ വ്യവസ്ഥക്ക്— മരണാസന്ന സാമ്രാജ്യത്വ-മുതലാളിത്തത്തിന്— മനുഷ്യരാശിക്ക് മരണവും, കഷ്ടപ്പാടും, നാശവും, ദുരിതവും, ദാരിദ്ര്യവും, മനുഷ്യത്വരാഹിത്യവും അല്ലാതെ മറ്റൊന്നും നൽകാനില്ല.

എന്നാൽ ഈ സാമ്രാജ്യത്വ സ്രാവുകൾ തങ്ങളുടെ ആധിപത്യം, മേൽക്കോയ്മ, വിദേശ രാജ്യങ്ങളിലെ അധിനിവേശം, വംശഹത്യ, മറ്റ് രാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിലെ നിന്ദ്യമായ ഇടപെടൽ എന്നിവയുമായി ഇത്രയധികം അനിയന്ത്രിതമായി മുന്നോട്ട് പോകാൻ കഴിയുന്നത് എന്തുകൊണ്ടാണ്? ഇതിന് കാരണം, സാമ്രാജ്യത്വ യുദ്ധതന്ത്രങ്ങൾക്കും കൊള്ളയ്ക്കും എതിരെ ഒരു കോട്ടയായി നിലകൊണ്ടിരുന്ന ശക്തമായ സോഷ്യലിസ്റ്റ് ചേരി ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു എന്നതും, ലോകമെമ്പാടും സുസംഘടിതവും ഏകോപിതവുമായ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനത്തിന്റെ മുന്നേറ്റം അതിന്റെ ശൈശവാവസ്ഥയിലാണ് എന്നതുമാണ്.

പലസ്തീനെ നശിപ്പിച്ചതിനു ശേഷം, വെനസ്വേലയ്ക്കെതിരെ ഉണ്ടായിവരുന്ന ഈ നികൃഷ്ടമായ ആക്രമണം മുഴുവൻ മനുഷ്യരാശിക്കും എതിരായ ആക്രമണമാണ് എന്നതിൽ സംശയം വേണ്ട. യുഎസ് സാമ്രാജ്യത്വവാദികളും അവരുടെ കൂട്ടാളികളും നടത്തുന്ന ഈ ഗൂഢാലോചനകൾക്കും കുറ്റകരമായ പ്രവൃത്തികൾക്കുമെതിരെ ഏവരെയും ഉണർത്തിക്കൊണ്ട് ഇതിനെ ചെറുക്കണം.

ഈ സ്വയം നിയമിതരായ ലോകപോലീസിനെതിരെ ശബ്ദമുയർത്താനും, വെനസ്വേലൻ ജനതയ്ക്ക് അവരുടെ പരമാധികാരം സംരക്ഷിക്കുന്നതിൽ പൂർണ്ണമായ ഐക്യദാർഢ്യം പ്രഖ്യാപിക്കാനും ഞങ്ങൾ എല്ലാ രാജ്യങ്ങളിലെയും സാമ്രാജ്യത്വവിരുദ്ധരും സമാധാനകാംക്ഷികളുമായ ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു. വെനസ്വേലയിലും മറ്റ് രാജ്യങ്ങളിലുമുള്ള യുഎസ് തന്ത്രങ്ങളെ ശക്തമായി എതിർക്കണമെന്നും, കടുത്ത അനീതിക്കും മരണത്തിന്റെ വ്യാപാരികൾക്കുമെതിരായ സ്വന്തം പോരാട്ടത്തിന്റെ ഭാഗമായി ഇതിനെ കണക്കാക്കണമെന്നും ഞങ്ങൾ യുഎസ് ജനതയോട് അഭ്യർത്ഥിക്കുന്നു. ആ തത്വത്തിനൊപ്പം നിലകൊള്ളുക എന്നതാണ് ഇന്ന് എല്ലാ സാർവ്വദേശീയവാദികളുടെയും അടിയന്തര കർത്തവ്യം.■

## പിഎംശ്രീ ധാരണാപത്രം റദ്ദാക്കുക; വിദ്യാർത്ഥി കൺവെൻഷൻ



**പി**എം ശ്രീ ധാരണാപത്രം റദ്ദാക്കണമെന്നാവശ്യപ്പെട്ട് എഐഡിഎസ്ഒ തിരുവനന്തപുരം പ്രസ്ക്ലബ് ഹാളിൽ വിദ്യാർത്ഥി കൺവെൻഷൻ സംഘടിപ്പിച്ചു. നാഷണൽ വൈസ് പ്രസിഡന്റ് കെ.എസ്.അശ്വിനി ഉദ്ഘാടനം ചെയ്തു. പിഎം ശ്രീ സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ട മാത്രമല്ല, കോർപ്പറേറ്റ് പദ്ധതിയാണെന്ന് അശ്വിനി അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡന്റ് എമിൽ ബിജു അധ്യക്ഷത വഹിച്ച കൺവൻഷനിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്. അലീന വിഷയാവതരണം നടത്തി. സംസ്ഥാന സെക്രട്ടറി ആർ.അപർണ, വൈസ് പ്രസിഡന്റുമാരായ അകിൽ മുരളി, എ. റഹീം, ജില്ലാസെക്രട്ടറി സാം പോൾ രാജു, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ ഗോവിന്ദ് ശശി, ജതിൻ രാജീവൻ, നിലീന മോഹൻകുമാർ, മീനാക്ഷി രാജീവൻ എന്നിവർ പ്രസംഗിച്ചു. ■

## നവംബർ സോഷ്യലിസ്റ്റ് വിപ്ലവ വാർഷികം




മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ 108–ാം വാർഷികം ആചരിച്ചുകൊണ്ട് ചങ്ങനാശ്ശേരിയിൽ നടന്ന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു. അരവിന്ദ് വേണുഗോപാൽ അധ്യക്ഷത വഹിച്ചു. മിനി കെ.ഫിലിപ്പ്, എൻ.കെ.ബിജു, കെ.സദാനന്ദൻ എന്നിവർ പ്രസംഗിച്ചു.

# മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ട ചൈനയിലെ തൊഴിലാളികളുടെ ദുരവസ്ഥ

**മുതലാളിത്തം പുനഃസ്ഥാപിക്കപ്പെട്ട ചൈനയിൽ ജനങ്ങൾ അഭിശപ്തമായ ജിവിതസാഹചര്യമാണ് നേരിടുന്നത്. സോഷ്യലിസത്തിൽ പരിഹരിക്കപ്പെട്ടിരുന്ന ജനങ്ങളുടെ അടിസ്ഥാന ജിവിതപ്രശ്നങ്ങളെല്ലാം, പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും മുതലാളിത്ത ചൈനയിൽ തിരികെ എത്തിയിരിക്കുന്നു. സോഷ്യലിസത്തിൽ സൗജന്യമായിരുന്ന ചികിത്സയും വിദ്യാഭ്യാസവും ജനങ്ങൾക്ക് താങ്ങാനാവാത്തവിധം ചെലവേറിയതായിരിക്കുന്നു. മുതലാളിത്തത്തിന് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ലെന്ന് ചൈനയിലെ അനുഭവങ്ങൾ മാനവരാശിയെ വീണ്ടും ഓർമ്മിപ്പിക്കുന്നു.**

“...സമയം പുലർച്ചെ നാലുമണിയാണെങ്കിലും ഈ കവല അത്ര ശാന്തമല്ല. തുറന്നിരിക്കുന്ന തട്ടുകടകളിൽനിന്നുള്ള വെളിച്ചം രാത്രിയെ പകലാക്കുന്നു. ആളുകൾ-അധികവും പുരുഷന്മാർ- അവിടവിടെയായി കൂട്ടംകൂടി നിൽക്കുന്നുണ്ട്. എല്ലാവരും എന്തോ കാത്തിരിക്കുകയാണ്. സമയം ഏതാണ്ട് നാലര ആയപ്പോഴേക്കും സൂര്യന്റെ ആദ്യകിരണങ്ങൾ കണ്ടുതുടങ്ങി. ആളുകളുടെ കാത്തിരിപ്പ് എന്തിനായിരുന്നുവെന്ന് അപ്പോഴാണ് വ്യക്തമാകുന്നത്. പണിക്ക് ആളെ തേടിവരുന്ന കോൺട്രാക്ടർമാർ വന്ന് അന്നത്തെ കൂലി വിളിച്ചുപറഞ്ഞു തുടങ്ങുകയായി. “170 യുവാൻ..! 180 യുവാൻ!”(ഏതാണ്ട് 25 ഡോളർ വരും). തൊഴിലാളികൾ അവർക്കു ചുറ്റുംകൂടി. നിർമ്മാണ സ്ഥലങ്ങളിൽ കോൺക്രീറ്റ് ഒഴിക്കുന്നത്, വെള്ളം കുപ്പിയിൽ നിറയ്ക്കുന്നത്, കെട്ടിടങ്ങൾ വൃത്തിയാക്കുന്നത് എന്നിങ്ങനെ പോകുന്നു പണികൾ. തൊട്ടടുത്തുള്ള വിലകുറഞ്ഞ ഡോർമിറ്ററികളിൽനിന്നും വീണ്ടും വീണ്ടും മനുഷ്യർ വന്നുകൊണ്ടിരിക്കുന്നു- പുരുഷന്മാരും സ്ത്രീകളും. സൂര്യൻ ഉദിച്ചുയരുമ്പോഴേക്കും കിഴക്ക് ടൗണിന്റെ പുറംപ്രദേശത്തുള്ള ഈ കവല ആളുകളെക്കൊണ്ട് നിറഞ്ഞു കഴിഞ്ഞിരുന്നു.

ചൈനയുടെ തലസ്ഥാനമായ ബീജിംഗിലെ പ്രധാന തൊഴിൽ കമ്പോളമാണിത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ആൾക്കാർ ഒരു ദിവസത്തെ കൂലിപ്പണിക്കായി ഇവിടെ എത്തിച്ചേരുന്നു. ചില ഭാഗ്യവാന്മാരെ മിനിവാനിൽ കയറ്റിക്കൊണ്ടുപോകും. പലപ്പോഴും പണിക്കാവശ്യമായ തൊപ്പിയും സാമഗ്രികളും അവർ തന്നെ കരുതണം. ഭാഗ്യംകെട്ടവർ അടുത്ത കോൺട്രാക്ടറെയും കാത്തിരിക്കും, അല്ലെങ്കിൽ തിരിച്ചുപോകും. എട്ടു മണിയാകുമ്പോഴേക്കും തിരക്കൊഴിയും.

സാമ്പത്തിക മേഖലയിലെ മന്ദത, വലിയ തൊഴിൽ നഷ്ടം മാത്രമല്ല സൃഷ്ടിച്ചിരിക്കുന്നത്. മാർക്കറ്റിലും ആളുകൾ വീടുകളെന്ന് വിളിക്കുന്ന താൽക്കാലിക ഷെഡ്ഡുകളിലുമൊക്കെ അത് പ്രകടമാണ്. 3 ഡോളറിന് മുറി ലഭ്യമാണെന്ന പരസ്യങ്ങൾ ടെലിഫോൺ പോസ്റ്റുകളിൽപ്പോലും യഥേഷ്ടം ഉണ്ടായിരിക്കെ കടവരാന്തയിലും തെരുവുകളിലും ഉറങ്ങുന്ന മനുഷ്യർ അനവധിയാണ്.

“ആർക്കെങ്കിലും അഭിനയിക്കണോ?” ഒരു കോൺട്രാക്ടർ വിളിച്ച് ചോദിക്കുന്നു. അയാൾക്ക് വേണ്ടത് 16നും 50നും ഇടയിൽ പ്രായമുള്ള സ്ത്രീകളെയാണ്. എക്സ്ട്രാ നടികളെയാണ് അന്വേഷിക്കുന്നത്. അയാൾക്ക് ചുറ്റും ഉടനടി ഒരാൾക്കൂട്ടം കൂടി. “എത്ര കൊടുക്കും?” “14 ഡോളർ.” “എത്ര നേരത്തെ പണി?” “3 മണിക്കൂർ.” “സൈറ്റിലേക്ക് തന്നെ പോകണോ?” “പോകണം.” പല സ്ത്രീകളും അത് മുതലാവില്ല എന്നു പിറുപിറുത്ത് തിരിച്ചു നടന്നു? കോൺട്രാക്ടർ ചുമൽ വെട്ടിച്ച് അടുത്ത സ്ഥലത്തേക്കുപോയി.

തിരിച്ചുനടന്ന സ്ത്രീകളിൽ ഒരാൾ വാങ് ലിയുവാൻ ആയിരുന്നു. ഊർജ്ജസ്വലതയോടുള്ള സംസാരവുമായി യുവത്വം പ്രസരിപ്പിക്കുന്ന പ്രകൃതമായിരുന്നുവെങ്കിലും ലിയുവിന് പ്രായം 43 കഴിഞ്ഞിരുന്നു. കോൺട്രാക്ടറുടെ കണക്കിൽ അവർക്ക് പ്രായം കടന്നു പോയിരുന്നു. “40 വയസ് പിന്നിടുമ്പോഴേക്കും നമ്മളൊക്കെ വിരമിച്ചു കഴിഞ്ഞു”, നിരാശയോടെ അവൾ പറഞ്ഞു. ഒരു ഫാർമസ്യൂട്ടിക്കൽ കമ്പനിയിലായിരുന്നു ലിയുവിന് ജോലി. അത് നഷ്ടപ്പെട്ടത് പ്രായം കൂടിപ്പോയതുകൊണ്ടാണ്. അതിനുശേഷം 2022 മുതൽ ഇവിടെ വരുന്നു. ഇന്നിപ്പോൾ ഒരു പുതിയ ജോലി കിട്ടാനും തടസ്സം പ്രായം തന്നെ. ഫാക്ടറിയിൽ വർഷങ്ങളോളം ജോലി ചെയ്തതു കാരണം കുറച്ച് അധികം നിൽക്കുമ്പോൾ കാൽപാദങ്ങളിൽ അസഹനീയമായ വേദനയാണ്. അവർ യുപി സ്കൂൾ പോലും കഴിഞ്ഞിട്ടില്ല. എന്നാൽ ജോലി അന്വേഷിച്ചു വരുന്ന ചെറുപ്പക്കാരെല്ലാം ഹൈസ്കൂൾ കഴിഞ്ഞവരാണ്. “ഇപ്പോൾ നിർമ്മാണ പ്രവർത്തനത്തിനുപോലും അവർ തിരഞ്ഞ് ബോധിച്ച ആളെ മാത്രമേ എടുക്കൂ. നിങ്ങൾ നല്ല പണിക്കാരൻ ആണോ, പെട്ടെന്ന് കാര്യങ്ങൾ ചെയ്യാമോ, എന്നൊക്കെ അറിയണം”, കിഴക്കൻ പ്രവിശ്യയായ ഹൈലോങ്ജിയാംഗിൽ നിന്നുവന്ന മിസ് വാങ് പറയുന്നു. “ആഴ്ചയിൽ നാലോ അഞ്ചോ ദിവസമാണ് പണി കിട്ടുന്നത്. നല്ല ദിവസം ആണെങ്കിൽ 25 ഡോളർ വരെ കിട്ടും. മുൻ വർഷങ്ങളിൽ കൂലി കൂടുതലുണ്ടായിരുന്നു. എന്നുമാത്രമല്ല, ഭക്ഷണവും ഉൾപ്പെട്ടിരുന്നു. ഇപ്പോൾ പണത്തിന് ഞെരുക്കം ആയതുകാരണം മെഡിക്കൽ ഇൻഷുറൻസും പെൻഷൻ പങ്കം അടയ്ക്കുന്നത് നിർത്തിവെച്ചിരിക്കുകയാണ്.” സ്വന്തം മകന് ചിലവിനുള്ള തുക നൽകാനും അവർക്ക് ഇപ്പോൾ സാധിക്കാറില്ല. 13കാരനായ അവൻ, വാങിന്റെ മാതാപിതാക്കളോടൊപ്പം നാട്ടിലാണ് താമസം. മകന് ഒരു നല്ല ജീവിതം ഉണ്ടാകുമെന്ന് ഒരിക്കൽ ഞാൻ വിശ്വസിച്ചിരുന്നു. ഒരുകാലത്ത് വിദ്യാഭ്യാസവും ചികിത്സയും എല്ലാം സൗജന്യമായിരുന്നു. ഇപ്പോൾ അതെല്ലാം കച്ചവടമാണ്...”

(2025 ആഗസ്റ്റ് 25ന് ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിക്കുകയും ടെലഗ്രാം പിറ്റേന്ന് പുനഃപ്രസിദ്ധീകരിക്കുകയും ചെയ്ത ലേഖനത്തിൽ നിന്ന്)

## ഇതിലും ഭീകരമാണ് യാഥാർത്ഥ്യം

ചൈനയിലെ തൊഴിൽ സാഹചര്യത്തിന്റെ ഒരറ്റം മാത്രമാണ് നാം കണ്ടത്. ചൈനയിലെനാഷണൽബ്യൂറോഓഫ്സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്ക് പ്രകാരം യുവാക്കളുടെ ഇടയിലെ തൊഴിലില്ലായ്മ നിരക്ക് 21.3% ആണ്. വിവിധ മേഖലകളിൽ വ്യാപകമായി തൊഴിൽ നഷ്ടവും പിരിച്ചുവിടലും നേരിടുമ്പോൾ, ഈ വർഷം പുറത്തിറങ്ങുന്ന 1.2കോടിയോളം സർവ്വകലാശാല ബിരുദധാരികൾ ഇന്നേവരെ കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും രൂക്ഷമായ തൊഴിൽ പ്രതിസന്ധിയാണ് നേരിടുന്നത്. ടെസ്‌ല, ഐബിഎം പോലുള്ള കമ്പനികളും ഈയിടെ തസ്തികകൾ വെട്ടിച്ചുരുക്കി. നഗരപ്രദേശങ്ങളിൽ യുവാക്കളുടെയിടയിലെ തൊഴിലില്ലായ്മ നിരക്ക് ഈ ജൂലൈയിൽ 17.17% ആയിരുന്നു. ഗ്രാമങ്ങളിൽ ഇതിലും എത്രയോ അധികമായിരിക്കുമെന്ന് നിരീക്ഷകർ അഭിപ്രായപ്പെടുന്നു.

യുവാക്കളുടെ ഇടയിലെ തൊഴിലില്ലായ്മ നിരക്ക് ജൂണിൽ 21.3% ആയതിനുശേഷം ആ കണക്കുകൾ പുറത്തുവിടുന്നത് ചൈന നിർത്തിവെച്ചിരിക്കുകയാണ്. കോടിക്കണക്കിന് ബിരുദധാരികൾ വളരെ കുറഞ്ഞ കൂലിക്ക് പണിയെടുക്കാനോ അല്ലെങ്കിൽ തങ്ങളുടെ രക്ഷിതാക്കളുടെ ചെലവിൽ ജീവിക്കാനോ നിർബന്ധിതരാകുന്നു. ഇങ്ങനെ, “വാലിന്മേൽ തൂങ്ങുന്ന കുട്ടികൾ” എന്നറിയപ്പെടുന്ന ഒരു പുതിയ തൊഴിലാളി വിഭാഗം ചൈനയിൽ രൂപപ്പെട്ടു വന്നിരിക്കുന്നു. ചൈനീസ് സോഷ്യൽ മീഡിയയിലെ പുതിയ പദപ്രയോഗമാണിത്. ചൈന ഒരു സാമ്പത്തിക മാന്ദ്യത്തിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമേ ഇന്ത്യയിലെ ചില വമ്പൻ മുതലാളിമാരെപ്പോലെ ചൈനയിലെ കുത്തക മുതലാളിയായ ഓക് മാ പറയുന്നത് ആളുകൾ ആഴ്ചയിൽ ആറു ദിവസവും 12 മണിക്കൂർ പണിയെടുക്കണം എന്നാണ്.

ഇത് ഒരു സോഷ്യലിസ്റ്റ് സമ്പദ്ഘടനയുടെ ലക്ഷണമാണോ ? തീർച്ചയായും അല്ല. മാവോ സേ തുങിന്റെ കാലത്ത് സോഷ്യലിസ്റ്റ് ചൈന തൊഴിൽ മേഖലയിൽ അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചിരുന്നു. എല്ലാവർക്കും മതിയായ കൂലിയോടു കൂടി സ്ഥിര ജോലി ഉണ്ടായിരുന്നു. അധ്വാനമാണ് സമ്പത്തെല്ലാം സൃഷ്ടിക്കുന്നതെന്ന മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാന പാഠങ്ങൾ തൊഴിലാളികൾക്കും കർഷകർക്കും ഇടയിൽ എത്തിക്കാൻ അന്ന് ചൈനയ്ക്ക് സാധിച്ചിരുന്നു. “ഒരു ഫാക്ടറി എന്നത് മുഴുവൻ തൊഴിലാളികളുടെയും പൊതുസ്വത്താണ്. അവിടെ ശമ്പളം നിശ്ചയിക്കുന്നത് ഭരണകൂടമാണ്. ശമ്പളത്തിലുള്ള അന്യായമായ അന്തരം ഒഴിവാക്കാനുള്ള നടപടികളിലാണ് ഞങ്ങൾ. 1949ലെ വിമോചനം തൊഴിലാളികൾക്ക് സ്വർഗ്ഗത്തിലേക്കുള്ള ഒരു ചുവടുവെപ്പാണ്”, എന്നാണ് സോഷ്യലിസ്റ്റ് ചൈനയിലെ ഒരു ടെക്സ്റ്റൈൽ തൊഴിലാളി 1958ൽ പറഞ്ഞത്. (Daily life in revolutionary China - Maria Macciochi)

## ചൈന സോഷ്യലിസത്തിൽനിന്ന് മുതലാളിത്തത്തിലേക്ക് തിരിഞ്ഞു നടക്കുന്നു

മാവോ സേ തുങ്ങിന്റെ നേതൃത്വത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റുകൾ പൊരുതിയത് ഒരു സ്വതന്ത്ര, സമത്വപൂർണമായ സോഷ്യലിസ്റ്റ് രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനാണ്. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ചൈന(സിപിസി)ക്ക് അകത്തുനിന്ന് തന്നെ ആ ലക്ഷ്യം തകിടം മറിച്ചിരിക്കുകയാണ്. 1960ൽ തന്നെ ലിയു ഷാവോചിയും ഡെങ് സിയാവോപിങ്ങും ചൈനീസ് പാർട്ടി നേതൃത്വത്തിൽ ഭൂരിപക്ഷം കരസ്ഥമാക്കിക്കൊണ്ട് മാവോയെയും അനുയായികളെയും അവഗണിക്കാൻ തുടങ്ങിയിരുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയെ അട്ടിമറിച്ച്, സിപിസിയുടെ പാർട്ടി ഭരണത്തിന് കീഴിൽതന്നെ മുതലാളിത്തം പുനഃസ്ഥാപിക്കുക യായിരുന്നു ഇവരുടെ ലക്ഷ്യം. മാവോ ഇത് നേരത്തെ തിരിച്ചറിയുകയും അത് തടയാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ളിൽ പ്രത്യയശാസ്ത്ര - ദാർശനിക -സാംസ്കാരിക സമരം അവഗണിച്ചത് കാരണം അത് ഉള്ളിൽ നിന്നുതന്നെ ആക്രമിക്കപ്പെട്ടേക്കാം എന്ന് തന്റെ അവസാന നാളുകളിൽ സ്റ്റാലിൻ തിരിച്ചറിഞ്ഞിരുന്നു എന്ന് നമുക്കറിയാം. അതുകൊണ്ടുതന്നെ 19-ാം പാർട്ടി കോൺഗ്രസിന്റെ റിപ്പോർട്ടിൽ അദ്ദേഹം പറയുന്നു: “പ്രത്യയശാസ്ത്ര സമരത്തിന്റെ പ്രാധാന്യം കുറച്ചു കാണുന്ന പ്രവണത നാം അടിയന്തരമായി അവസാനിപ്പിക്കണം; പ്രത്യയശാസ്ത്രപരമായ തെറ്റുകളെയും വ്യതിചലനങ്ങളെയും ഉദാര മനോഭാവത്തോടെ കാണുന്ന പ്രവണതയെ ചെറുത്തു തോൽപ്പിച്ചേ മതിയാവൂ. നമ്മുടെകേഡർമാരുടെ രാഷ്ട്രീയവും ആശയപരവുമായ പരിശീലനം ചിട്ടയായി നടത്തുകയും അവ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. സോവിയറ്റ് ജനതയെ കമ്മ്യൂണിസം പഠിപ്പിക്കാൻ നമ്മുടെ കൈയിലുള്ള എല്ലാ പ്രചാരണ സാമഗ്രികളും സമരപരിപാടികളും മാധ്യമങ്ങളും ഉപയോഗപ്പെടുത്തണം.” സഖാവ് സ്റ്റാലിന്റെ മരണത്തിനുശേഷം സോവിയറ്റ് സോഷ്യലിസം നേരിട്ട വൻ തിരിച്ചടികളിൽനിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് സഖാവ് മാവോ ഇപ്രകാരം മുന്നറിയിപ്പ് നൽകുകയുണ്ടായി: “ചൈനയിൽ ഉടമസ്ഥാവകാശത്തിന്റെ കാര്യത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ ഏറെക്കുറെ നടപ്പിലായിട്ടുണ്ട്... എന്നാൽ അധികാര മുതലാളിമാരും ഭൂപ്രഭുക്കളും ഇന്നും നമുക്കിടയിൽ തന്നെയുണ്ട്... പെറ്റി ബൂർഷ്വാ വർഗ്ഗത്തിന്റെ പരിണാമം തുടങ്ങിയിട്ടേയുള്ളൂ... വർഗ്ഗസമരം കഴിഞ്ഞിട്ടില്ല - പ്രത്യയശാസ്ത്ര മേഖലയിലെ വർഗ്ഗസമരം ദുഷ്കരവും വളരെ ദീർഘമായതുമായിരിക്കും... ചിലപ്പോൾ അതിനിയും രൂക്ഷമായേക്കും... സോഷ്യലിസമോ മുതലാളിത്തമോ എന്ന കാര്യത്തിൽ ഇനിയും അന്തിമ തീരുമാനമായിട്ടില്ല.”*(On the correct handling of contradictions among the people, 27 February 1957)* ലോക വിപ്ലവത്തിന് വൻ ഭീഷണി സൃഷ്ടിക്കുന്ന ആധുനിക തിരുത്തൽ വാദത്തെ നേരിടാൻ 1966ൽ മാവോ ചൈനയിലെ മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു സാംസ്കാരിക വിപ്ലവത്തിന് പ്രാരംഭം കുറിക്കുകയുണ്ടായി. സോഷ്യലിസത്തെ ഉള്ളിൽനിന്ന് തകർക്കാൻ ശ്രമിക്കുന്ന തിരുത്തൽവാദികളുടെയും കപട മാർക്സിസ്റ്റുകളുടെയും കുതന്ത്രങ്ങൾ തിരിച്ചറിഞ്ഞ സാധാരണക്കാർ ഉൾപ്പെടെ ലോകമെമ്പാടുമുള്ള യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ മാവോയുടെ സാംസ്കാരികവിപ്ലവത്തെപൂർണ്ണഹൃദയത്തോടെ പിന്തുണച്ചു. 1962ൽ മാവോ പറഞ്ഞു: “തൊഴിലാളിവർഗ്ഗ ജനാധിപത്യം പൂർണമായും നടപ്പിലാക്കി സോഷ്യലിസ്റ്റ് സമ്പദ്ഘടന കെട്ടിപ്പടുക്കുന്നതിൽ പരാജയപ്പെട്ടാൽ നമ്മളും യുഗോസ്ലാവിയയെ പോലെ ആയിത്തീരും - അതിന്ന് സത്യത്തിൽ ഒരു മുതലാളിത്ത രാജ്യമാണ്. തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം ഏറ്റവും പിന്തിരിപ്പനായ ഒരു ഫാസിസ്റ്റ്, ബൂർഷ്വാ ഭരണമായി പരിണമിക്കും. ഇക്കാര്യത്തിൽ നാം വളരെയധികം ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.”*(പീക്കിംഗ് റിവ്യൂ, നമ്പർ 27, ജൂലൈ 7 1978)*

(ശേഷം 9-ാം പേജിൽ)

# മാർക്സിസത്തിൽനിന്നുള്ള വ്യതിചലനം ചൈനയിൽ മുതലാളിത്ത പുനഃസ്ഥാപനത്തിന് വഴിതെളിച്ചു

(8-ാം പേജിൽ നിന്ന്)

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപക ജനറൽ സെക്രട്ടറിയും സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ് ഘോഷ് ഇതേക്കുറിച്ച് പറഞ്ഞത്, "സാംസ്കാരിക വിപ്ലവം മാർക്സിസം-ലെനിനിസത്തിന്റെ ദൃഷ്ടിയിൽ നോക്കുമ്പോൾ തികച്ചും ശാസ്ത്രീയമാണ്. സിപിസി ഇത് നടത്തുന്ന രീതി വളരെ പ്രാധാന്യമുള്ളതും ഗംഭീരവുമാണ്. വിപ്ലവത്തിനായി സ്വയം സമർപ്പിച്ചിട്ടുള്ള, ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകൾക്ക് ഇതിൽനിന്നും ഒരുപാട് പഠിക്കാനുണ്ട്" എന്നാണ്. സാംസ്കാരിക വിപ്ലവത്തിന്റെ ആദ്യകാലത്തെ വിജയത്തിനുശേഷം മാവോ സേ തുങ് പറഞ്ഞു, "നമ്മൾ മഹത്തായ ഒരു വിജയം നേടി. എന്നാൽ പരാജയപ്പെട്ട വർഗ്ഗം അവരുടെ പരിശ്രമം തുടർന്നുകൊണ്ടേയിരിക്കും. അതിലെ അംഗങ്ങൾ ഇപ്പോഴും നമുക്കിടയിലുണ്ട്. ആ വർഗ്ഗവും നിലനിൽക്കുന്നു. അതിനാൽ അന്തിമ വിജയത്തെക്കുറിച്ച് സംസാരിക്കാറായിട്ടില്ല. അതിനിയും പതിറ്റാണ്ടുകൾ എടുത്തേക്കും. അത്രയും നാം ജാഗ്രതയുള്ളവരായിരുന്നേ മതിയാകൂ." *(15 ഏപ്രിൽ 1969, സെലക്റ്റഡ് റീഡിങ്സ്)*

സാംസ്കാരിക വിപ്ലവത്തിന്റെ ലക്ഷ്യത്തെയും അവരുടെ രീതികളെയും പൂർണ്ണമായും അംഗീകരിക്കവെതന്നെ അതിന്റെ ചില ന്യൂനതകൾ സഖാവ് ഘോഷ് ചൂണ്ടിക്കാട്ടിയിരുന്നു. സോഷ്യലിസ്റ്റ് സമൂഹത്തിൽ അതിന്റെ ലക്ഷ്യത്തിനുതകാത്ത, തൊഴിലാളികൾക്കിടയിൽ വ്യക്തിവാദത്തിനും അവസരവാദത്തിനും ഇടകൊടുക്കുന്ന, പുതിയ വ്യക്തിവാദത്തിന്റെയും സാമ്പത്തികവാദത്തിന്റെയും സവിശേഷതകൾ സാംസ്കാരിക വിപ്ലവത്തിന് ചൂണ്ടിക്കാട്ടാൻ സാധിച്ചില്ല എന്നായിരുന്നു അതിൽ പ്രധാനം. കൂടാതെ, "ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് തന്റെ വ്യക്തി താൽപര്യങ്ങൾ പൂർണമായും സോഷ്യലിസ്റ്റ് സമൂഹത്തിന്റെ താൽപര്യങ്ങളുമായി താദാത്മ്യപ്പെടുത്താനുള്ള തീക്ഷ്ണമായ സമരം ഏറ്റെടുക്കേണ്ടതുണ്ട്. ഇത്തരം ദൗർബല്യങ്ങളെയും ന്യൂനതകളെയും നേരത്തെ തിരിച്ചറിയാനും അതിനെതിരെ പ്രത്യയശാസ്ത്രസമരം ആരംഭിക്കാനും നേതൃത്വത്തിന് സാധിച്ചില്ലെങ്കിൽ, മാവോയുടെയും ഇപ്പോഴത്തെ നേതൃത്വത്തിന്റെയും കാലശേഷം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലും തിരുത്തൽവാദം ശക്തിയാർജിക്കും, സോവിയറ്റ് യൂണിയനിൽ സംഭവിച്ചതുപോലെ." *(തിരഞ്ഞെടുത്ത കൃതികൾ, വാല്യം 1)*

## ചൈനയിലെ പ്രതിവിപ്ലവം 2004ൽതന്നെ പൂർണമായി

മാവോയുടെ കാലശേഷം കൃത്യമായും അതുതന്നെ സംഭവിച്ചു. ഡെങ് സിയാവോ പിങ് അധികാരത്തിലേറി യഥാർത്ഥ വിപ്ലവകാരികളെ ജയിലിൽ അടച്ചു, പലരെയും വധിച്ചു കളഞ്ഞു, എതിർ ശബ്ദങ്ങളെ അടിച്ചമർത്തി. കൂട്ടുകൃഷിക്കളങ്ങളും പൊതുഉടമസ്ഥതയിലുള്ള ഫാക്ടറികളും രാഷ്ട്രീയപാഠശാലകളും നശിപ്പിച്ചു. മാവോ സെ തുങിന്റെ ചിന്തകൾ ചർച്ച ചെയ്യുന്നതും പിന്തുടരുന്നതും ചൈനയിൽ നിരോധിച്ചു. സോഷ്യലിസ്റ്റ് കമ്പോള വ്യവസ്ഥ, ചൈനീസ് രീതിയിലുള്ള സോഷ്യലിസം എന്നിങ്ങനെ പറഞ്ഞുകൊണ്ട് ചൈനയെ മുതലാളിത്ത പാതയിലേക്ക് തെളിച്ചു. കമ്പോള സമ്പദ്‌വ്യവസ്ഥ മുതലാളിത്തത്തിന്റെ സവിശേഷതയാണ്. അതെങ്ങനെയാണ് സോഷ്യലിസത്തിൽ വരുന്നത്? അതുപോലെ, സോഷ്യലിസം എന്നത് ശാസ്ത്രീയ സത്യത്തിന്റെ അടിസ്ഥാനത്തിലുള്ള സാർവലൗകികമായ ഒരു പ്രതിഭാസമാണ്. അതെങ്ങനെ ചൈനയിൽ മാത്രമായി വേറെയാകും?

90കളുടെ അവസാനത്തിൽതന്നെ, മുതലാളിത്തം ചൈനയിൽ പിടിമുറുക്കുന്നതനുസരിച്ച്, സാമ്പത്തിക അന്തരം വർധിക്കുവാൻ തുടങ്ങി. മുതലാളിമാരും ഉദ്യോഗസ്ഥപ്രഭുക്കളും പാർട്ടി നേതാക്കന്മാരും കൈയേറ്റക്കാരും ഒരു ഭാഗത്തും വലിയൊരു വിഭാഗം ജനങ്ങൾ മറുഭാഗത്തുമായി വർഗ്ഗസമരം രൂക്ഷമായി. സാമൂഹ്യ സംഘർഷങ്ങൾ കുറയ്ക്കാനായി സിപിസി, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്നിങ്ങനെയുള്ള പുതിയ മുദ്രാവാക്യങ്ങളുമായി വന്ന് ജനങ്ങളെ കബളിപ്പിക്കുന്നത് തുടർന്നു.

മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളുടെ വെളിച്ചത്തിൽ ചൈനീസ് സംഭവവികാസങ്ങൾ സശ്രദ്ധം വീക്ഷിച്ചു വരികയായിരുന്ന നമ്മുടെ പാർട്ടി, ചൈനയിൽ മാവോ ചിന്തകളിൽനിന്നുള്ള വ്യതിചലനവും മുതലാളിത്തത്തിലേക്കുള്ള തിരിച്ചുപോക്കും മുൻകൂട്ടി മനസ്സിലാക്കി. മാർച്ച് 2004ന് എസ്‌യു സിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റി ഇപ്രകാരം നിഗമനത്തിൽ എത്തി, ചൈനയിൽ പ്രതിവിപ്ലവം വളരെ നിശബ്ദമായി നടന്നു കഴിഞ്ഞു. ചൈനീസ് സമ്പദ്‌വ്യവസ്ഥയിലും ഭരണത്തിലും രാഷ്ട്രീയത്തിലും സംസ്കാരത്തിലും മുതലാളിത്തം പൂർണമായും പുനഃസ്ഥാപിക്കപ്പെട്ടു കഴിഞ്ഞു.

നാം ശ്രദ്ധിച്ച പ്രധാന കാര്യങ്ങൾ ഇവയാണ്. ഒന്ന്, വ്യക്തിപരവും സ്വകാര്യവുമായ വാണിജ്യ താൽപര്യങ്ങളെ ഭരണകൂടം സംരക്ഷിക്കുന്നു. രണ്ട്, വ്യക്തികൾക്ക് ലാഭമുണ്ടാക്കാനുള്ള അവകാശത്തിന് ഭരണകൂടത്തിന്റെ പൂർണമായ പിന്തുണയുണ്ട്. മൂന്ന്, സോഷ്യലിസ്റ്റ് സമ്പദ്ഘടനയുടെ പ്രധാനഭാഗമായി അവർ സ്വകാര്യ സംരംഭങ്ങളെ കാണുന്നു. നാല്, മാർക്സിസം-ലെനിനിസം മാവോ ചിന്തകളുടെ അടിസ്ഥാന തത്വങ്ങളെ നിരാകരിക്കുന്നു. അഞ്ച്, തൊഴിലാളിവർഗ്ഗ സർവ്വദേശീയതയിൽ നിന്നും ഒഴിഞ്ഞുമാറുന്നു, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സാമ്രാജ്യത്വവിരുദ്ധ, കോളനി വിരുദ്ധ, പ്രക്ഷോഭങ്ങളെ പിന്തുണയ്ക്കുന്നില്ല. ആറ്, തൊഴിലാളിവർഗ്ഗ പാർട്ടി എന്നതിൽനിന്നും മുഴുവൻ ജനങ്ങളുടെയും പാർട്ടി എന്നാക്കി പാർട്ടി ഭരണഘടന ഭേദഗതി ചെയ്തു.

ഇതേത്തുടർന്ന് ചൈന ഒരു സാമ്രാജ്യത്വ ശക്തിയായി മാറിയിരിക്കുന്നതിന്റെ തെളിവുകൾ രാജ്യത്തിനകത്തുനിന്നും അന്താരാഷ്ട്ര തലത്തിലും പുറത്തു വന്നുകൊണ്ടിരിക്കുന്നു. തൊഴിൽ സാഹചര്യം അതിന്റെ പ്രതിഫലനമാണ്. വിലനിലവാരം, സോഷ്യലിസത്തിൽ സോവിയറ്റ് യൂണിയനിൽ കണ്ടതുപോലെ താഴോട്ട് പോകുന്നില്ല. മറിച്ച് കൂടിക്കൊണ്ടിരിക്കുന്നു. സോഷ്യലിസം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും തൊഴിലവകാശങ്ങൾ ചോദിച്ചുകൊണ്ടുമുയരുന്ന ജനകീയ സമരങ്ങളെ ചൈനീസ് ഗവൺമെന്റ് അടിച്ചമർത്തുകയാണെന്ന് റിപ്പോർട്ടുകളുണ്ട്. ചൈനയുടെ മൊത്തം വിദേശ നിക്ഷേപം - കമ്പനികളിലും സ്റ്റാർട്ടപ്പുകളിലുമുള്ള നിക്ഷേപങ്ങൾ അടക്കം - 744 ബില്യൺ ഡോളറിൽ നിന്ന് രണ്ട് ട്രില്യൺ ഡോളറായി വളർന്നു കഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ ചൈനീസ് പ്രസിഡന്റ് സീ ജിൻ പിങ് ജനങ്ങളെ കബളിപ്പിക്കാൻ ഇടയ്ക്കിടെ സോഷ്യലിസം എന്ന് ഉരുവിടുന്നുണ്ട്. എന്നാൽ യാഥാർത്ഥ്യവുമായി ഇതിന് പുലബന്ധം പോലുമില്ല. ഇന്ത്യയിലാകട്ടെ സിപിഐയും സിപിഐ(എം)ഉം സിപിഐ(എംഎൽ)ന്റെ പല കഷണങ്ങളും ഇപ്പോഴും പറയുന്നത് ചൈന ഒരു സോഷ്യലിസ്റ്റ് രാജ്യമാണെന്നാണ്. കമ്മ്യൂണിസ്റ്റ് എന്ന പേര് സിപിസിയിൽ ഇപ്പോഴും ഉണ്ടെന്നതു കാരണവും കമ്മ്യൂണിസ്റ്റ് പദാവലികൾ ഉപയോഗിക്കുന്നു എന്നതിനാലും ലോകമെമ്പാടും കമ്മ്യൂണിസ്റ്റ് എന്ന് സ്വയം വിളിക്കുന്ന പല പാർട്ടികളും പറയുന്നത് ചൈന ഒരു സോഷ്യലിസ്റ്റ് രാജ്യമാണ് എന്നാണ്.

എന്നാൽ ചൈനയിലെ ജനങ്ങൾ യാഥാർത്ഥ്യം തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. മാവോയുടെ പേരും ആശയങ്ങളും തുടച്ചുനീക്കാൻ റിവിഷനിസ്റ്റ് നേതൃത്വം കൊണ്ടുപിടിച്ച് ശ്രമിച്ചെങ്കിലും ജനങ്ങളിൽ വലിയൊരു വിഭാഗം മാവോയെ ആദരിക്കുന്നവരും അദ്ദേഹത്തെ നേതാവായി അംഗീകരിക്കുന്നവരുമാണ്. ഈയിടെ മാവോയുടെ ചിത്രം ഉയർത്തിപ്പിടിച്ച് ചൈനയിൽ നടന്ന ഒരു റാലി ഗ്ലോബൽ ടൈംസ് റിപ്പോർട്ട് ചെയ്തിരുന്നു. ചൈനയിലെ പൊരുതുന്ന തൊഴിലാളികളോടും ലക്ഷക്കണക്കിന് വരുന്ന യഥാർത്ഥ കമ്മ്യൂണിസ്റ്റുകളോടും ഞങ്ങൾ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വിപ്ലവ ചിന്തകളാൽ പ്രചോദിതരായി അവർ സംഘടിക്കുമെന്നും തിരുത്തൽ വാദികളെ തോൽപ്പിച്ച് ചൈനയിൽ വീണ്ടും സോഷ്യലിസം സ്ഥാപിക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. ■

---

## തദ്ദേശ തിരഞ്ഞെടുപ്പ്...

(1-ാം പേജിൽ നിന്ന്)

ചട്ടം തയ്യാറാക്കിയ പിണറായി സർക്കാരിനെ മോദി സർക്കാർ ആദരിക്കുക സ്വഭാവികം മാത്രം.

തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന സാമൂഹ്യപ്രതിസന്ധി അളക്കാനാവാത്തവിധമായിരിക്കുന്നു. സർക്കാർ സർവ്വീസുകളിലുൾപ്പടെ സ്ഥിരനിയമനം സ്വപ്നം മാത്രമായിരിക്കുന്നു. ഭീമമായ സാമ്പത്തികബാധ്യതകൾ വരുത്തിവച്ചുകൊണ്ട് പതിനായിരക്കണക്കിന് യുവതി-യുവാക്കൾ തൊഴിൽതേടി മറ്റ് രാജ്യങ്ങളിലേക്ക് പലായനം ചെയ്തുകൊണ്ടിരിക്കുന്നു. തൊഴിൽ ലഭിക്കാതെ മടങ്ങിവരുന്നവരെ കാത്തിരിക്കുന്നത് അചിന്തനീയമായ ദുരന്തങ്ങളാണ്. വിദ്യാഭ്യാസരംഗത്തെ തകർച്ച ഞെട്ടലുളവാക്കുന്നവിധമാണ്. സ്കൂൾ വിദ്യാഭ്യാസത്തിൽ ഭാഷാപഠനം അസ്തമിച്ചിരിക്കുന്നു. ഉന്നതവിജയം നേടുന്നവർക്കുപോലും സ്വന്തം പേര് മാതൃഭാഷയിലെഴുതാനറിയില്ല. സംസ്ഥാനത്തെ കലാലയങ്ങളിൽ പതിനായിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. മൂലധനനിക്ഷേപത്തിന്റെ പേരിൽ കോർപ്പറേറ്റുകൾക്കായി സംസ്ഥാനഖജനാവിലെ പണം കത്തിച്ചോർത്തുമ്പോൾ മറുവശത്ത്, സർക്കാരാശുപത്രികളിൽ ചികിൽസയ്ക്ക് പണം കെട്ടിവയ്ക്കാൻ നിവൃത്തിയില്ലാത്ത നിർദ്ധനർ മരണം വരിക്കുന്നു. പൊതുജനാരോഗ്യരംഗം ഇത്രമേൽ തകർക്കപ്പെട്ട ഒരു സ്ഥിതിവിശേഷം കേരളം ഇന്നോളം നേരിട്ടിട്ടില്ല. വീട്ടുകരം, വീടുപണിയുന്നതിനുള്ള പെർമിറ്റിന്റെ ഫീസ് തുടങ്ങി പഞ്ചായത്തുതലത്തിലുള്ള എല്ലാ നികുതികളും കുത്തനെ കൂട്ടി. പുറമെ ഖജനാവിന്റെ വരുമാനമെന്ന ന്യായീകരണവും അകമെ വമ്പൻ അഴിമതിയുടെ സാധ്യതയും ചേർന്ന് മദ്യം കുത്തിയൊഴുക്കുകയാണ്. ഈ നാടിനോട് കണികയെങ്കിലും പ്രതിബദ്ധത ഉള്ളവർക്ക് ഇത്തരമൊരു മദ്യനയം പിന്തുടരാനാവില്ല. അടിമുടി മദ്യത്തിൽ മുങ്ങുന്ന ഈ സാമൂഹ്യസാഹചര്യമാണ് രാസലഹരി ഇത്ര വ്യാപകമാകാൻ ഇടവരുത്തിയിട്ടുള്ളത്. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ ശിക്ഷാഭയമില്ലാതെ, എവിടെയും, ഏതുനേരത്തും സംഭവിക്കുകയാണ്.

ജനദ്രോഹത്തിന്റെ പാരമ്യത്തിൽ നിൽക്കുന്ന, സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും വെല്ലുവിളിക്കുന്ന ഒന്നായി പിണറായി സർക്കാർ മാറിക്കഴിഞ്ഞിരിക്കുന്നു. ബിജെപിയാകട്ടെ, അന്യമതവെറിയും വൈരവും പടർത്തി, ജനങ്ങളെ തമ്മിലടിപ്പിക്കാൻ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള കൂട്ടരാണ്. അവരുടെ ഭരണമാകട്ടെ, ഏറ്റവും ധനികരായ കുത്തകകൾക്കുവേണ്ടി, ജനങ്ങളെ ജീവിതപ്രതിസന്ധിയുടെ പടുകുഴിയിലേക്ക് ചവിട്ടിത്താഴ്ത്തുകയും. അധികാരനാളുകളിലെ നയങ്ങളുടെ തുടർച്ചക്കായി കോൺഗ്രസ്സും ലക്ഷ്യംവയ്ക്കുന്നു. ഈ സാഹചര്യത്തിൽ ജനവിരുദ്ധമായ ഭരണരാഷ്ട്രീയത്തിനെതിരെ വിധിയെഴുതുകയാണ് ജനങ്ങളുടെ മുമ്പിലുള്ള രാഷ്ട്രീയ കടമ.

കറകളഞ്ഞ ജനാനുകൂല നിലപാടും സത്യസന്ധതയും കൈമുതലായിട്ടുള്ള വ്യക്തികൾ തലപ്പത്ത് വന്നാൽ തദ്ദേശ ഭരണസംവിധാനങ്ങളെ ജനജീവിതത്തിന്റെ പ്രാദേശിക ആവശ്യകതകളെ നിറവേറ്റുന്ന സംവിധാനങ്ങളാക്കി പരിവർത്തനപ്പെടുത്താൻ കഴിയും. അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം സാമൂഹ്യജീവിതത്തിന്റെ മണ്ഡലത്തിൽ മതേതര മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും സാഹോദര്യവും ഐക്യവും ഉറപ്പിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും താഴേത്തലങ്ങളിലെ ലക്ഷ്യവേധിയായ പ്രവർത്തനങ്ങളിലൂടെ സാധ്യമാകും. ഭരണാധികാരികളുടെ ജനാധിപത്യവിരുദ്ധമായ നയങ്ങൾക്കെതിരെ ജനങ്ങളെ അണിനിരത്തുക എന്ന കടമ ഏതൊരുതലത്തിലുമുള്ള ജനപ്രതിനിധിയുടെ പ്രാഥമിക കടമയാണ്. ജനേച്ഛയെ പ്രതിഫലിപ്പിക്കുന്ന ന്യായവും നീതിനിഷ്ഠവുമായ ജനകീയപ്രക്ഷോഭങ്ങളോടൊപ്പം അടിയുറച്ച് നിലകൊള്ളാനും ജനങ്ങളെ നയിക്കാനും തദ്ദേശതലങ്ങളിലെ ജനപ്രതിനിധികൾക്ക് കഴിഞ്ഞാൽ അത് ജനാധിപത്യ പ്രക്രിയയെ അർത്ഥപൂർണ്ണമാക്കും. കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതത്വം കൈവെടിഞ്ഞ്, വിട്ടുവീഴ്ചയില്ലാതെ ജനതാൽപ്പര്യത്തെ പ്രതിനിധാനം ചെയ്യാൻ പഞ്ചായത്തുതലത്തിലുള്ള ഭരണസംവിധാനങ്ങൾ തയ്യാറാകുമ്പോൾ, താഴേത്തലങ്ങളിൽ ജനങ്ങളുടെ സംഘടിതശക്തിയെ ഉണർത്താൻ അതിന് ആകും. ദുർഗന്ധം വമിക്കുന്ന ഇന്നത്തെ രാഷ്ട്രീയത്തിന്റെ സ്ഥാനത്ത് ഒരു ബദൽ രാഷ്ട്രീയത്തിന്റെ അടിത്തറയായി അത് മാറും.

മുകളിൽ സൂചിപ്പിച്ച ഉള്ളടക്കമുള്ള ഒരു രാഷ്ട്രീയത്തെ വളർത്താൻ എത്ര പരിമിതമായ സാധ്യതയാണുള്ളതെങ്കിലും അതിനുവേണ്ടി നിലകൊള്ളണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അടിയുറച്ച ജനപക്ഷ നിലപാടുള്ള, സത്യസന്ധമായ പൊതുപ്രവർത്തനത്തിന്റെ മാതൃകകളായ, മതേതര-ജനാധിപത്യ മൂല്യങ്ങളെ പരമപ്രാധാന്യത്തോടെ ഗണിക്കുന്ന, ജനസമരങ്ങളോടൊപ്പം നിലകൊള്ളുന്ന സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യണം. ■

# തൊഴിലാളികൾ പൊരുതി നേടിയ അവകാശങ്ങൾ കോർപ്പറേറ്റുകൾക്കുവേണ്ടി പൊളിച്ചെഴുതുന്ന മോദി സർക്കാരിന്റെ ലേബർ കോഡുകൾക്കെതിരെ

# നവംബർ 26: പ്രതിഷേധദിനം ആചരിച്ചു




തൊഴിലാളിവിരുദ്ധ ലേബർ കോഡുകൾക്കെതിരെ എഐകെകെഎംഎസിന്റെയും എഐയുറ്റിയുസിയുടെയും സംയുക്താഭിമുഖ്യത്തിൽ ഏജീസ് ഓഫീസിനുമുന്നിൽ നടന്ന ധർണ, എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

**എ**ട്ട് മണിക്കൂർ അദ്ധ്വാനം, ന്യായയുക്തമായ കൂലി (ഫെയർ വേജ്) സുരക്ഷിതമായ സ്ഥിരം ജോലി എന്നീ അടിസ്ഥാന സങ്കൽപ്പങ്ങളെ ആധാരമാക്കി സ്ഥാപിച്ചുറപ്പിക്കപ്പെട്ടിരുന്ന ലിബറൽ ജനാധിപത്യ കാലഘട്ടത്തിലെ തൊഴിൽനിയമങ്ങളുടെ സ്ഥാനത്ത്, തൊഴിലാളികൾ പൊരുതി നേടിയ അവകാശങ്ങളൊന്നാകെ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന, തൊഴിലാളികളെ കോർപ്പറേറ്റുകളുടെ നിരങ്കുശമായ ചൂഷണത്തിന് എറിഞ്ഞുകൊടുക്കുന്ന ലേബർകോഡുകൾ പ്രഖ്യാപിച്ചിരിക്കുകയാണ് മോദി സർക്കാർ. സ്ഥിരംതൊഴിലിന്റെ സ്ഥാനത്ത് ഫിക്സഡ് ടേം എംപ്ലോയ്മെന്റും രാപകൽ നീളുന്ന തൊഴിൽ സമയവും ഫെയർ വേജിന്റെസ്ഥാനത്ത്ഫ്ലോർവേജും (തറനിരപ്പിലുള്ള കൂലി) തൊഴിൽ സുരക്ഷാരാഹിത്യവുമാണ് പുതിയ തൊഴിൽ കോഡുകളുടെ കേന്ദ്ര ബിന്ദു. മോദി സർക്കാർ അടിച്ചേൽപ്പിച്ച തൊഴിൽ നിയമ പരിഷ്കാരങ്ങൾ കോർപ്പറേറ്റ് കാലത്തെ തൊഴിൽ സേനയുടെ രൂപകൽപ്പനയാണ് ലക്ഷ്യംവയ്ക്കുന്നത്. ട്രേഡ് യൂണിയനുകളുടെ ശക്തമായ എതിർപ്പ് വകവയ്ക്കാതെയാണ് ഇരുപത്തിയൊൻപത് തൊഴിൽനിയമങ്ങളെ നാലു ലേബർകോഡുകളിലൊതുക്കി പ്രഖ്യാപനം നടത്തിയിരിക്കുന്നത്. 90ശതമാനത്തിലധികം തൊഴിൽ ശക്തിയും തൊഴിലിട സുരക്ഷയുടെ പരിധിയിൽ വരുന്നില്ല. കരാർ തൊഴിലാളികളെ, കൂലിയുടെയും മറ്റു തൊഴിൽ വ്യവസ്ഥകളുടെയും കാര്യത്തിൽ സ്ഥിരം തൊഴിലാളികളുടെ തുല്യനിലയിൽ പരിഗണിക്കാനായി ഈ കോഡിൽ യാതൊന്നും വ്യവസ്ഥ ചെയ്തിട്ടില്ല. സംസ്ഥാനാന്തര കുടിയേറ്റ തൊഴിലാളികളുടെ സുരക്ഷയെപ്പറ്റി ഈ കോഡിൽ ഒന്നും തന്നെ പറയുന്നില്ല. കുത്തകകൾക്കുമുന്നിലുള്ള സമ്പൂർണമായ കീഴടങ്ങലാണ് ലേബർ കോഡുകൾ.

പുറമേയ്ക്ക് ലേബർകോഡുകളെ എതിർക്കുന്നുവെന്ന് ഭാവിക്കുമ്പോഴും 2021ൽത്തന്നെ കരടുചട്ടം തയ്യാറാക്കിയിരുന്നു എന്നുമാത്രമല്ല, കെഎസ്ആർടിസിയിൽ ഫിക്സഡ് ടേം ലേബർ ആരംഭിച്ചുകൊണ്ട് ലേബർകോഡുകൾ സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിക്കൊണ്ട് തൊഴിലാളികളെ വഞ്ചിക്കുകയാണ് പിണറായി സർക്കാർ.

ലേബർ കോഡുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ട്രേഡ് യൂണിയനുകൾ നവംബർ26ന് ആഹ്വാനംചെയ്ത ദേശീയ പ്രതിഷേധ ദിനത്തിന്റെ ഭാഗമായി എഐയുറ്റിയുസിയുടെയും എഐകെകെഎംഎസിന്റെയും നേതൃത്വത്തിൽ സംസ്ഥാനമെമ്പാടും നിരവധി പ്രതിഷേധ പരിപാടികൾ നടന്നു.

തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾ പിൻവലിക്കുംവരെ യോജിച്ച പ്രക്ഷോഭത്തിന് തയ്യാറെടുക്കുവാൻ മുഴുവൻ തൊഴിലാളികളോടും അഭ്യർത്ഥിക്കുന്നു. ■




എഐകെകെഎംഎസിന്റെയും എഐയുറ്റിയുസിയുടെയും സംയുക്താഭിമുഖ്യത്തിൽ കോഴിക്കോട് നഗരത്തിൽ നടന്ന പ്രതിഷേധ പരിപാടി, എഐകെകെഎംഎസ് സംസ്ഥാന കമ്മിറ്റി അംഗം എം.കെ.രാജൻ ഉദ്ഘാടനം ചെയ്യുന്നു.

## നാല് തൊഴിൽ കോഡുകൾ റദ്ദാക്കുക, 29 തൊഴിൽ നിയമങ്ങൾ പുനഃസ്ഥാപിക്കുക.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി പ്രൊവാഷ് ഘോഷ് നവംബർ 22ന് പുറത്തിറക്കിയ പ്രസ്താവന

**രാ**ജ്യത്തെ തൊഴിലാളികൾ സുദീർഘവും കഠിനവുമായ സമരങ്ങളിലൂടെ നേടിയെടുത്ത 29 തൊഴിൽ നിയമങ്ങൾ റദ്ദാക്കിക്കൊണ്ട് അങ്ങേയറ്റം കിരാതവും തൊഴിലാളി വിരുദ്ധവും, ജനവിരുദ്ധവും, കുത്തകാനുകൂലവുമായ നാല് തൊഴിൽ കോഡുകൾ അടിയന്തരമായി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ഏകപക്ഷീയമായ വിജ്ഞാപനത്തെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു.

ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതിന് തൊട്ടുപിന്നാലെ നടപ്പിൽ വരുത്തിയ ഈ തൊഴിൽ കോഡുകൾ, കുത്തകകളുടെ താല്പര്യാർത്ഥം, അധ്വാനിക്കുന്ന ജനവിഭാഗത്തിനാകെ കൈമുതലായുള്ള ട്രേഡ് യൂണിയൻ അവകാശങ്ങളുടെയും ജനാധിപത്യപരമായ അവകാശങ്ങളുടെയും അവസാന കണികപോലും തകർക്കാനുള്ള ഒരു ഫാസിസ്റ്റ് സ്വേച്ഛാധിപത്യ നീക്കമാണ്. ഈ നാല് തൊഴിൽ കോഡുകളും അടിയന്തരമായി റദ്ദാക്കണമെന്നും 29 തൊഴിൽ നിയമങ്ങൾ പുനഃസ്ഥാപിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

തൊഴിൽ കോഡുകൾ അടിച്ചേല്പിച്ചതിനെ അസന്ദിഗ്ധമായി അപലപിച്ചുകൊണ്ട്, കേന്ദ്ര സർക്കാരിന്റെ ഈ ഭീഷണമായ കടന്നാക്രമണത്തെ ചെറുക്കുന്നതിനായി ശക്തമായ, യോജിച്ച, സുദീർഘമായ പ്രക്ഷോഭങ്ങൾ കെട്ടിപ്പടുക്കാൻ എല്ലാ വിഭാഗം ജനങ്ങളോടും, പ്രത്യേകിച്ച് തൊഴിലാളിവർഗ്ഗത്തോട് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ■




ലേബർ കോഡുകൾക്കെതിരെ ആലപ്പുഴ കെഎസ്ആർടിസിക്കുമുന്നിൽ നടന്ന ധർണ എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് എം.എ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.




ലേബർ കോഡുകൾക്കെതിരെ നടന്ന കൊല്ലം ഹെഡ് പോസ്റ്റ് ഓഫീസ് മാർച്ച്, എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി ബി.വിനോദ് ഉദ്ഘാടനം ചെയ്യുന്നു.



ലേബർ കോഡുകൾക്കെതിരെ എഐയുറ്റിയുസിയുടെ നേതൃത്വത്തിൽ കണ്ണൂർ ടൗണിൽ നടന്ന പ്രകടനം.



തൊഴിലവകാശങ്ങൾ കോർപ്പറേറ്റുകൾക്ക് അടിയറവയ്ക്കുന്ന തൊഴിലാളി വിരുദ്ധ ലേബർ കോഡിന്റെ കോപ്പി കത്തിച്ചുകൊണ്ട് എഐയുറ്റിയുസിയുടെ നേതൃത്വത്തിൽ എറണാകുളത്ത് നടന്ന പ്രതിഷേധം.



തൊഴിലാളി വിരുദ്ധ ലേബർ കോഡുകൾപിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോട്ടയത്തുനടന്ന ബിഎസ്എൻഎൽ ഓഫീസ് മാർച്ച്, എഐയുറ്റിയുസി ജില്ലാപ്രസിഡന്റ് കെ.പി.വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

## സഖാവ് ജോണിക്ക് ലാൽസലാം



**ദീ**ർഘകാലമായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പ്രവർത്തകനായിരുന്ന സഖാവ് ജോണി വാർദ്ധക്യസഹജമായ അസുഖത്തെത്തുടർന്ന് നവംബർ 22ന് അന്തരിച്ചു. കുട്ടനാട്ടിലെ ജനകീയ സമരങ്ങളുടെ മുൻനിരപോരാളിയും ഊർജ്ജസ്വലനായ സംഘാടകനുമായിരുന്നു സഖാവ് ജോണി. എസി കനാൽ മാലിന്യ മുക്തമാക്കാൻ നടന്ന ജനകീയ സമരത്തിലൂടെയാണ് സഖാവ് ജോണി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)പാർട്ടിയുമായി ബന്ധപ്പെടുന്നത്. രോഗാവസ്ഥയിൽ ആശുപത്രിയിലായിരിക്കുമ്പോഴും രോഗികൾക്കും കൂട്ടിരുപ്പുകാർക്കും സഹായങ്ങൾ എത്തിച്ചിരുന്ന മനുഷ്യസ്നേഹിയുമായിരുന്ന സഖാവ് ജോണി, ദില്ലി ചലോ കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് രാമങ്കരിയിൽ ആറു മാസത്തിലേറെ പ്രവർത്തിച്ച കർഷകസമര ഐക്യദാർഢ്യ കേന്ദ്രത്തിലെ നിത്യസാന്നിദ്ധ്യവുമായിരുന്നു. സഖാവ് ജോണിക്ക് ലാൽസലാം! ■

# വൈദ്യുതി മേഖലയിലെ ആപത്ക്കരമായ പൊളിച്ചെഴുത്തുകൾ

**ആധുനിക മനുഷ്യജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത ജീവനോപാധിയാണ് വൈദ്യുതി. അതുകൊണ്ടുതന്നെ ഈ രംഗത്ത് കൊണ്ടുവരുന്ന ഏതൊരു മാറ്റവും മുഴുവൻ ജനങ്ങളെയും നേരിട്ടു ബാധിക്കുന്നു. കഴിഞ്ഞ മൂന്നുപതിറ്റാണ്ടുകളിലായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വൈദ്യുതിമേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ സാധാരണ ഉപഭോക്താക്കൾക്ക് വൈദ്യുതി അപ്രാപ്യമാക്കിയിരിക്കുകയാണ്.**

സേവനമേഖലയായിപ്രവർത്തിച്ചിരുന്ന വൈദ്യുതിരംഗം ഇന്ന് ഒരു വാണിജ്യസംരംഭമാക്കി മാറ്റിയിരിക്കുന്നു. ആഗോളവൽക്കരണകാലത്തെ വ്യവസായ-സാമ്പത്തിക നയങ്ങളുടെ ചുവടൊപ്പിച്ച് കേന്ദ്രഗവൺമെന്റ് 1991ൽ കൊണ്ടുവന്ന വൈദ്യുതി നയം ഉത്പാദന, വിതരണ രംഗത്തേക്ക് വലിയതോതിൽ കോർപ്പറേറ്റ് മൂലധനത്തിന്റെ കടന്നുവരവിന് വഴിയൊരുക്കി.

സംസ്ഥാനങ്ങളിലെ വൈദ്യുതിബോർഡുകളെ വാണിജ്യ കേന്ദ്രങ്ങളാക്കി വികേന്ദ്രീകരിക്കുന്നതിനുള്ള പദ്ധതിയായിരുന്ന വൈദ്യുതി നിയമം 2003. ഉത്പാദനം, പ്രസരണം, വിതരണം, എന്നീ മേഖലകൾ കേന്ദ്രീകൃതമായി ഒരൊറ്റ സംവിധാനമായി പ്രവർത്തിച്ചിരുന്ന സംസ്ഥാന വൈദ്യുതി ബോർഡുകളെ പല മേഖലകളായി വികേന്ദ്രീകരിച്ചു. എല്ലാവർക്കും വൈദ്യുതി, ഗുണമേന്മയുള്ള വൈദ്യുതി താങ്ങാവുന്ന വിലക്ക്, സാമ്പത്തികമായ സ്വയംപര്യാപ്തത എന്നൊക്കെയുള്ള കേൾക്കാനിമ്പമുള്ള കാര്യങ്ങൾ പറഞ്ഞു നടപ്പിലാക്കിയതാണ് വൈദ്യുതി നിയമം 2003. രണ്ടുപതിറ്റാണ്ട് കഴിയുമ്പോഴേക്കും വിതരണ മേഖലയുടെ സഞ്ചിത നഷ്ടം 6.9 ലക്ഷം കോടി കവിഞ്ഞിരിക്കുന്നു.പൊതുമേഖലയിൽ പ്രവർത്തിച്ചിരുന്ന വൈദ്യുതി ബോർഡുകളെ ശിഥിലീകരിച്ചുകൊണ്ട് വിവിധ മേഖലകളായി വിഭജിച്ച് സ്വകാര്യ മൂലധനത്തിന് വഴിയൊരുക്കുന്നതിനെതിരെ വൈദ്യുതി ഉപഭോക്താക്കളും, ഈ രംഗത്ത് പണിയെടുക്കുന്ന ജീവനക്കാരും ശക്തമായ പ്രക്ഷോഭം ഉയർത്തിയിരുന്നു.

വൈദ്യുതി നിയമം 2003ലൂടെ വലിയ ഘടനാപരമായ പരിഷ്കാരങ്ങൾ നടത്തുന്നതിലൂടെ മാത്രമെ ഈ മേഖലയെ സാമ്പത്തിക സ്വയം പര്യാപ്തയുള്ളതാക്കി മാറ്റാൻ കഴിയൂ എന്ന വാദം പൊള്ളയായിരുന്നുവെന്നാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്ന സഞ്ചിത നഷ്ടത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്.

യഥാസമയം ചാർജ്ജുകൾ വർദ്ധിപ്പിക്കുന്നതിലുണ്ടായ കാലതാമസം വൈദ്യുതി മേഖലയെ സാമ്പത്തികമായി തളർത്തിയതായും, ക്രോസ് സബ്സിഡി വഴിയുണ്ടാകുന്ന ഉയർന്ന വ്യവസായ വൈദ്യുതിനിരക്ക് വ്യവസായ മേഖലയുടെ മത്സരക്ഷമതയെയും സാമ്പത്തിക വളർച്ചയെയും ബാധിച്ചിരിക്കുന്നതായും കേന്ദ്ര ഊർജ്ജമന്ത്രാലയം വൈദ്യുതി (ഭേദഗതി) ബിൽ 2025 ബില്ലിന്റെ കരടിനോടൊപ്പം നൽകിയിരിക്കുന്ന കുറിപ്പിൽ പറഞ്ഞിരിക്കുന്നു. പുതിയൊരു വൈദ്യുതി നിയമം കൊണ്ടുവരുവാൻ ബിജെപി കേന്ദ്രസർക്കാരിനെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്ന നിലക്കാണ് ഇക്കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്. വൈദ്യുതി നിയമം 2003 സമഗ്രമായി ഭേദഗതി ചെയ്തുകൊണ്ടാണ് വൈദ്യുതി (ഭേദഗതി) ബിൽ 2025ന്റെ കരട് കേന്ദ്ര ഊർജ്ജ മന്ത്രാലയം പ്രസിദ്ധീകരിച്ചിരി ക്കുന്നത്. ഉയർന്നുവരുന്ന വ്യവസായങ്ങളുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ വൈദ്യുതി മേഖലയെ വീണ്ടും പരിഷ്കരിക്കുന്നതിനുവേണ്ടിയാണ് പുതിയ ബിൽ എന്നാണ് കേന്ദ്ര സർക്കാരിന്റെ വാദം.

ഈ ബില്ലിന്റെ പിന്നിൽ മറഞ്ഞിരിക്കുന്ന വർഗ്ഗ താത്പര്യമെന്തെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. വൈദ്യുതി (ഭേദഗതി) ബിൽ 2025 സമഗ്രമായി പരിശോധിച്ചാൽ സാധാരണ വൈദ്യുതി ഉപഭോക്താക്കളെയും, ചെറുകിട വ്യാപാര, വ്യവസായ, കർഷക താല്പര്യങ്ങളും ബലികഴിച്ചുകൊണ്ട്, വൻകിട വ്യവസായ സംരംഭങ്ങളെമാത്രം സംരക്ഷിക്കുന്ന ഒരു ബില്ലാണെന്ന് മനസ്സിലാക്കാൻ കഴിയും. ബില്ലിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് ക്രോസ് സബ്സിഡി സമ്പ്രദായം അവസാനിപ്പിക്കുകയെന്നതാണ്. കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന സമ്പന്ന വിഭാഗങ്ങൾക്ക് ഉയർന്നനിരക്കിലുള്ള വൈദ്യുതി ചാർജ്ജും, കുറഞ്ഞ ഉപഭോഗമുള്ള ദരിദ്രജനവിഭാഗങ്ങൾക്ക് സാപേക്ഷികമായി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ചാർജ്ജും തീരുമാനിക്കുന്നത് ക്രോസ് സബ്സിഡിയെന്ന സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിലാണ്. വ്യവസായങ്ങൾ ലാഭാധിഷ്ഠിതമായ സംരംഭങ്ങളായതുകൊണ്ട് അവരിൽനിന്ന് മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ ഉയർന്ന വൈദ്യുതി നിരക്ക് ഈടാക്കുന്നു. ഇത് സാധാരണ ജനങ്ങൾക്ക് സംരക്ഷണമായിരുന്നു. ഭേദഗതി ബില്ലിന്റെ സെക്ഷൻ 61 ൽ നിർദ്ദേശിക്കപ്പെടുന്നത് വൻകിട വ്യവസായ, നിർമ്മാണ സ്ഥാപനങ്ങളെ ക്രോസ് സബ്സിഡി സമ്പ്രദായ പ്രകാരം നൽകിവരുന്ന ഉയർന്ന താരിഫ് നിരക്കിൽനിന്ന് ഒഴിവാക്കികൊണ്ട് അവരുടെ വൈദ്യുതി ചാർജ് കുറയ്ക്കണമെന്നാണ്. പാവപ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്കും, കൃഷികാർക്കും ഉയർന്ന വൈദ്യുതി ചാർജ് കൊടുക്കേണ്ടിവരുമ്പോൾ കോർപ്പറേറ്റുകളുടെ താൽപര്യം മാത്രമാണ് സംരക്ഷിക്കപ്പെടുക.



കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പൊതുഖജനാവിൽനിന്നും പണംമുടക്കികൊണ്ടും രാജ്യത്തിന്റെ പൊതുവിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടും പൊതുമേഖലയിൽ പടുത്തുയർത്തിയ വൈദ്യുതിനിലയങ്ങളും പവർ ലൈനുകളും അടക്കമുള്ള വമ്പിച്ച അടിസ്ഥാന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വകാര്യവൈദ്യുതി വിതരണ കമ്പനികൾക്ക് ഇനി യഥേഷ്ടം കടന്നുവരാം. ഒരു പ്രദേശത്തുതന്നെ പ്രവർത്തിക്കുന്ന നിരവധി വൈദ്യുതി വിതരണ ഏജൻസികൾ ഉണ്ടാകും. അവരെല്ലാം ഉപയോഗിക്കുന്നത് ഒരേ അടിസ്ഥാന സംവിധാനങ്ങളായിരിക്കും. അതിനുള്ള നിയമപരമായ അവകാശം സ്വകാര്യ കമ്പനികൾക്ക് ഉണ്ടായിരിക്കും. പക്ഷേ, ഇലക്ട്രിക് ലൈനുകളുടെയും മറ്റും അറ്റകുറ്റപണികൾ, സിസ്റ്റം ശക്തിപ്പെടുത്താനുള്ള മൂലധനനിക്ഷേപം തുടങ്ങിയ ബാധ്യതകളെല്ലാം സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ കമ്പനികൾക്ക് വന്നുചേരും. വ്യാവസായിക കമ്പനികൾക്ക് സബ്സിഡികൾ ഒന്നും ബാധകമല്ലാത്തതിനാൽ പല വ്യവസായ സംരംഭങ്ങളും ഉയർന്ന താരിഫ് നിരക്കുള്ള ഉപഭോക്താക്കളും സ്വകാര്യ വിതരണ കമ്പനികളുടെ കീഴിലേക്ക് വരും. പൊതുമേഖലയിൽ പ്രവർത്തിച്ചു വരുന്ന വൈദ്യുതി കമ്പനികളുടെ വലിയ വരുമാന സ്രോതസ്സായ വൻകിട വൈദ്യുത ഉപഭോക്താക്കളെ നഷ്ടപ്പെടുകവഴി, പൊതുമേഖല വൈദ്യുതി വിതരണ കമ്പനികൾ/ബോർഡുകൾ എല്ലാം തന്നെ സാമ്പത്തിക പ്രതിസന്ധിയിലാകും. പൊതുമേഖല വിതരണ കമ്പനികൾ നിർവ്വഹിച്ചുപോരുന്ന സാമൂഹ്യ ഉത്തരവാദിത്വമായ ക്രോസ്-സബ്സിഡികൾ നിലനിർത്താനാകാതെ വൈദ്യുതി വിതരണത്തിനാവിശ്യമായ മുഴുവൻ ചെലവും ഇടാക്കാനാവുന്ന ഉൽപാദനച്ചെലവ് പ്രതിഫലിക്കുന്ന വൈദ്യുതി നിരക്ക്-അത് വളരെ വലിയ നിരക്കായിരിക്കും-പാവപ്പെട്ട ജനങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ടിവരും. ഇത്തരം വലിയ പ്രതിസന്ധികളാണ് ഈ ബില്ല് നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകാൻ പോകുന്നത്.

സ്വകാര്യ മുതലാളിമാർക്ക് യാതൊരു ബാദ്ധ്യതയുമില്ലാതെ വൈദ്യുതി വിതരണത്തിലൂടെ ലാഭം ഉറപ്പാക്കാനും, ക്രോസ് സബ്സിഡിയൊന്നും ബാധകമാക്കാതെ വ്യവസായങ്ങൾക്ക് നേരിട്ട് വൈദ്യുതി നൽകാൻ കഴിയുന്ന സ്വകാര്യ ഏജൻസികൾക്ക് സുഗമമായി പ്രവർത്തിക്കാൻ കഴിയുന്ന നിയമ ഭേദഗതിയാണ് വൈദ്യുതി (ഭേദഗതി) ബിൽ 2025ൽ ഉള്ളത്.

വൈദ്യുതി മേഖല ഭരണഘടനാപരമായി കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുപ്രകാരം സംസ്ഥാനങ്ങൾക്കും, കേന്ദ്രസർക്കാരിനും ഒരുപോലെ അധികാര അവകാശങ്ങളുള്ള മേഖലയാണ് വൈദ്യുതിരംഗം. പുതിയ നിയമ ഭേദഗതി സംസ്ഥാനങ്ങളുടെ ഈ മേഖലയിലുള്ള അധികാരത്തെ കവർന്നെടുക്കുന്നതാണ്. ബില്ലിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഇലക്ട്രിസിറ്റി കൗൺസിൽ സംസ്ഥാനങ്ങൾക്ക് നയപരമായി തീരുമാനമെടുക്കാനുള്ള അധികാരത്തെ അപ്രസക്തമാക്കുന്നു. ഇലക്ട്രിസിറ്റി കൗൺസിൽ കേന്ദ്ര ഊർജ്ജ മന്ത്രി ചെയർമാനും, സംസ്ഥാന ഊർജ്ജ മന്ത്രിമാർ അംഗങ്ങളും, കേന്ദ്ര ഊർജ്ജസെക്രട്ടറി കൺവീനറുമായുള്ള സമിതിയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഊർജ്ജ നയവും ഈ രംഗത്ത് കൊണ്ടുവരുന്ന പരിഷ്കാരങ്ങളുടെ നടത്തിപ്പും ഏകോപനവും തീരുമാനിക്കുന്നതും ഈ നിർദ്ദിഷ്ട കൗൺസിൽ വഴിയായിരിക്കും. നിലവിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക സമാഹരണത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്ന കേന്ദ്ര ജിഎസ്റ്റി കൗൺസിൽപോലെയുള്ള ഒരു സംവിധാനമായിരിക്കും ഇത്.

നിലവിലുള്ള വൈദ്യുതി ബോർഡിന്റെ വിതരണ ശൃംഖലകൾ മുഴുവൻ ഉപയോഗിക്കാൻ സ്വകാര്യ മൂലധന ഏജൻസികളെ അനുവദിക്കുന്നതിലൂടെ വൈദ്യുതി മേഖലയുടെ സമ്പൂർണ്ണമായ സ്വകാര്യവൽക്കരണമാണ് ഉണ്ടാകാൻ പോകുന്നത്. ഇപ്പോൾ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന സ്മാർട്ട് മീറ്റർ പദ്ധതി, പൊതുമേഖലയിൽ പ്രവർത്തിക്കുന്ന വൈദ്യുതി ബോർഡുകളുടെ സ്വകാര്യവൽക്കരണം ലക്ഷ്യംവെച്ചുകൊണ്ട് തന്നെയാണ് നടപ്പിലാക്കി വരുന്നത്. സ്മാർട്ട് മീറ്ററിംഗ് നടപ്പിലാക്കുന്നത് പൊതുമേഖലയിലൂടെയായാലും സ്വകാര്യ ഏജൻസികൾ വഴിയായാലും ഫലം ഒന്നുതന്നെയായിരിക്കും. സ്മാർട്ട് മീറ്ററിംഗ് ഭാവിയിൽ സ്വകാര്യവൽക്കരണ പ്രക്രിയയെ സുഗമമാക്കും. ഭേദഗതി ബില്ലിലൂടെ കേന്ദ്ര ബിജെപി സർക്കാർ ലക്ഷ്യംവെക്കുന്നത് വൻതോതിലുള്ള സ്വകാര്യവൽക്കരണമാണ്. ഇതിന്റെ പ്രത്യക്ഷഫലം സാധാരണക്കാരായ ജനങ്ങൾക്ക് വൈദ്യുതി താങ്ങാനാവാത്ത ഒരു ഉല്പന്നമായി മാറും എന്നു മാത്രമല്ല, ഈ മേഖലയിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ വൻതോതിൽ ഇല്ലായ്മചെയ്യപ്പെടും. നിലവിലുള്ള പതിനായിരക്കണക്കിനു പെൻഷൻകാരെയും പ്രതികൂലമായി ബാധിക്കും. സമ്പൂർണ്ണമായ സ്വകാര്യവൽക്കരണം, ക്രോസ് സബ്സിഡികൾ നിർത്തലാക്കൽ, സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നു കയറ്റം മുതലായ പരിഷ്കാരനടപടികളിലൂടെ ജനജീവിതത്തിന്റെ അടിസ്ഥാന ഉപാധിയായ വൈദ്യുതി സാധാരണ ജനങ്ങൾക്ക് താങ്ങാനാവാത്ത ഒരു വാണിജ്യ ഉല്പന്നമായി മാറും. കേന്ദ്ര ഗവൺമെന്റ് വിഭാവന ചെയ്യുന്ന' 2047 വികസിത ഭാരത'ത്തിലേക്ക് മുന്നേറുന്നതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്ന ഈ ബില്ല് യഥാർത്ഥത്തിൽ ആരുടെ വികസിത ഭാരതത്തെയാണ് ലക്ഷ്യംവെക്കുന്നതെന്ന്, ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന ഒരോ ഭേദഗതിയിലും വ്യക്തമാകും. ഏറ്റവും കുറഞ്ഞ ചെലവിൽ വൈദ്യുതി വൻകിട മുതലാളിമാർക്ക് ലഭ്യമാക്കാനും, അടിസ്ഥാന വ്യവസായ മേഖലയായ വൈദ്യുതിരംഗത്തേക്ക് സ്വദേശത്തും വിദേശത്തുമുള്ള വൻകിട മുതലാളിമാരെ ആനയിക്കുന്നതിനും വേണ്ടിയുള്ള, നിയമപരവും ഘടനാപരവുമായ പൊളിച്ചെഴുത്താണ് ഈ ഭേദഗതി ബിൽ. മനുഷ്യരാശിയുടെ സുപ്രധാന കണ്ടെത്തലായ വൈദ്യുതി സാധാരണക്കാർക്ക് അപ്രാപ്യമാവുന്നതോടെ സാധാരണ ജനങ്ങളുടെ ജീവിതം കൂടുതൽ ഇരുളടഞ്ഞതാവും.

ജനവിരുദ്ധവും, കോർപ്പറേറ്റ് അനുകൂലവുമായ നിർദ്ദിഷ്ട വൈദ്യുതി (ഭേദഗതി) ബിൽ 2025നെതിരെ ജനങ്ങൾ ശക്തമായി പ്രതിഷേധിക്കേണ്ടതുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ എല്ലാവരും യൂണിയൻ ഭേദം മറന്ന് ഇതിനെതിരെ സമരരംഗത്ത് അണിനിരക്കണം. ബിൽ പിൻവലിക്കും വരെ സാധാരണ ജനങ്ങളും, തൊഴിലാളികളും ഒറ്റക്കെട്ടായി സമരരംഗത്ത് അണിനിരക്കണം. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2025 December
Price: ₹ 10.00

## വൈദ്യുതി നിയമ(ഭേദഗതി) ബിൽ 2025 പിൻവലിക്കുക

# യോജിച്ച പ്രക്ഷോഭത്തിന് ആഹ്വാനം ചെയ്ത് എഐപിഎഫ് സെമിനാർ




വൈദ്യുതി (ഭേദഗതി) ബിൽ–2025 എന്ത്, എന്തിന്? എന്ന വിഷയത്തെ മുൻനിർത്തി, ആൾ ഇന്ത്യ പവർമെൻസ് ഫെഡറേഷൻ കോട്ടയത്ത് സംഘടിപ്പിച്ച സെമിനാർ ജോസഫ് സി.മാത്യു ഉദ്ഘാടനം ചെയ്യുന്നു.

**വൈ**ദ്യുതി നിയമ(ഭേദഗതി) ബിൽ 2025 എന്ത്, എന്തിന്? എന്ന വിഷയത്തിൽ ആൾ ഇന്ത്യ പവർമെൻസ് ഫെഡറേഷൻ(എഐപിഎഫ്) കോട്ടയം, തിരുനക്കര എൻഎസ്എസ് ശതാബ്ദി ഹാളിൽ സംഘടിപ്പിച്ച സെമിനാർ വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിനെതിരെ യോജിച്ച പ്രക്ഷോഭത്തിന്റെ ആഹ്വാനമുയർത്തി.

ജോസഫ് സി.മാത്യു സെമിനാർ ഉദ്ഘാടനം ചെയ്തു. വൈദ്യുതി ഭേദഗതി ബിൽ–2025 വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന്റെ ബ്ലൂപ്രിന്റാണെന്നും സാധാരണക്കാരന് വൈദ്യുതി നിഷേധിക്കുന്ന ഈ ബിൽ തള്ളിക്കളയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വൈദ്യുതി മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ തൊഴിലാളി സംഘടനാ നേതാക്കളും സെമിനറിൽ പങ്കെടുത്തു.

എഐപിഎഫിന്റെ 3-ാം അഖിലേന്ത്യാ സമ്മേളനത്തിന്റെ ഭാഗമായാണ് സെമിനാർ സംഘടിപ്പിച്ചത്. സാധാരണക്കാർക്കും ചെറുകിട കച്ചവടക്കാർക്കും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ക്രോസ് സബ്സിഡി എന്ന സൗജന്യ നിരക്കിലുള്ള വൈദ്യുതി ഇല്ലാതാകുമെന്നും ഉയർന്ന നിരക്കിലുള്ള വൈദ്യുതി വാങ്ങാൻ കഴിയാതെ സാധാരണക്കാരൻ ഇരുട്ടിലാകുമെന്നും വിവിധ സംഘടനാ നേതാക്കൾ ചൂണ്ടിക്കാട്ടി.

എഐപിഎഫ് സംസ്ഥാന പ്രസിഡണ്ട് എസ്.സീതിലാൽ അധ്യക്ഷത വഹിച്ച സെമിനാറിൽ പ്രദീപ് ശ്രീധരൻ(കെഎസ്ഇബി വർക്കേഴ്സ് അസ്സോസിയേഷൻ–സിഐറ്റിയു), സിബി കുട്ടി ഫ്രാൻസിസ്(കെഇഇസി–ഐഎൻറ്റിയുസി), പ്രദീപ് നെയ്യാറ്റിൻകര (ഐഎൻറ്റിയുസി ജനറൽ സെക്രട്ടറി, കെപിഡബ്ല്യുസി), വി.കെ.സദാനന്ദൻ(കെഎസ്ഇവർക്കേഴ്സ് യൂണിയൻ), വിജി പ്രഭാകരൻ (കെഎസ്ഇബിഎംപ്ലോയിസ് അസ്സോസിയേഷൻ), ഗിരീഷ് കുളത്തൂർ (കെവിഎംഎസ്–ബിഎംഎസ്), സജി ജോസഫ്(കെഇഎസ്ഒ), പി.എം.ദിനേശൻ(പിസിസി–ലൈൻ വർക്കേഴ്സ് യൂണിയൻ) എന്നിവർ പ്രസംഗിച്ചു. ബോണിഫസ് ബെന്നി സ്വാഗതവും പി.കെ.സജി നന്ദിയും പറഞ്ഞു. ■

## ദില്ലി ചലോ കർഷകസമര വാർഷികം




ദില്ലി ചലോ കർഷക സമരത്തിന്റെ വാർഷികാചരണം, ആറുമാസം ഐക്യദാർഢ്യ സമരകേന്ദ്രം നിലനിന്ന രാമങ്കരിയിൽ നടന്നു. എഐകെകെഎംഎസ് സംസ്ഥാന കമ്മറ്റിയംഗം ബി.ഭദ്രൻ ഉദ്ഘാടനം ചെയ്തു. എഐയുറ്റിയുസി ദേശീയ വർക്കിംഗ് കമ്മറ്റിയംഗവും ആശാ സമരനേതാവുമായ എം.എ.ബിന്ദു, ഐക്യദാർഢ്യ സമിതിയുടെ ചെയർമാനായിരുന്ന പി.ആർ.സതീശൻ, സമരകേന്ദ്രത്തിന്റെ കൺവീനറായിരുന്ന റ്റി.മുരളി, പ്രണീഷ് വള്ളക്കാലി, അനീഷ് തകഴി, റ്റി.ശശി കാവാലം, ബിജു സേവ്യർ, എം.എം.പൊന്നപ്പൻ, ഗണേഷ് ബാബു, വി.ആർ.അനിൽ തുടങ്ങിയവർ പ്രസംഗിച്ചു.




ദില്ലി ചലോ കർഷക സമരവാർഷിക ദിനത്തിൽ തൊടുപുഴ ബിഎസ്എൻഎൽ ഓഫീസിനു മുന്നിൽ എഐകെകെഎംഎസും എഐയുറ്റിയുസിയും സംയുക്തമായി ധർണ്ണ സംഘടിപ്പിച്ചു. എഐകെകെഎംഎസ് സംസ്ഥാന സെക്രട്ടറി എൻ.വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി എം.ബി.രാജശേഖരൻ അദ്ധ്യക്ഷതവഹിച്ചു. എഐയുറ്റിയുസി ജില്ലാ പ്രസിഡന്റ് എം.എൻ.അനിൽ, ജില്ലാ സെക്രട്ടറി സിബി സി.മാത്യു, കർഷക സമര ഐക്യദാർഢ്യ സമിതി നേതാവ് ടി.ജെ.പീറ്റർ, പി.സി. ജോളി, പ്രൊഫ. ജോയ് മൈക്കിൾ, നിഷ ജിമ്മി, ജോയി പുളിയുംമാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

### ഒഴിവുകളിൽ സ്ഥിരനിയമനം നടത്തുക

# എഐഡിവൈഒ റെയിൽവേ സ്റ്റേഷൻ മാർച്ച്

**റെ**യിൽവേ ടിക്കറ്റ് കൗണ്ടറുകൾ നിർത്തലാക്കരുത്, പാർക്കിംഗ് ഫീസിന്റെ പേരിലുള്ള കൊള്ള അവസാനിപ്പിക്കുക, റെയിൽവേയിൽ നിലനിൽക്കുന്ന ഒഴിവുകളിൽ സ്ഥിരനിയമനം നടത്തുക, റെയിൽവേ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷ(എഐഡിവൈഒ)ന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. ടിക്കറ്റ് കൗണ്ടറിന് മുൻപിൽ മാർച്ച് പോലീസ് തടഞ്ഞു. തുടർന്ന് നടന്ന പ്രതിഷേധയോഗം എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്തു. ടിക്കറ്റ് കൗണ്ടറുകൾ സ്വകാര്യവൽക്കരിക്കുന്നതും പാർക്കിംഗ് ഫീസ് എന്ന പേരിൽ കൊള്ള ചാർജ് ഏർപ്പെടുത്തുന്നതും സമ്പൂർണ്ണ റെയിൽവേ സ്വകാര്യവൽക്കരണത്തിനു മുന്നോടിയാണെന്നും അപകടകരമായ ഈ നീക്കത്തെ ചെറുക്കാൻ യാത്രക്കാരും ബഹുജനങ്ങളും രംഗത്തുവരണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

എഐഡിവൈഒ ഓഫീസ് സെക്രട്ടറി എ.ഷൈജു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ്, സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ബിമൽജി, ജോ.സെക്രട്ടറി ടി.ഷിജിൻ എന്നിവർ സംസാരിച്ചു. സ്റ്റേഷൻ മാനേജർക്ക് നിവേദനവും സമർപ്പിച്ചു. ■




ഒഴിവുകളിൽ സ്ഥിരനിയമനം നടത്തണമെന്നാവശ്യപ്പെട്ട് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനുമുന്നിൽ നടന്ന ധർണ എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.

# വന്യജീവി ആക്രമണത്തിന് പരിഹാരം തേടി കർഷകരുടെ സെക്രട്ടേറിയറ്റ് മാർച്ച്

**വ**ന്യജീവി ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുക, ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവർക്ക് ഒരു കോടി രൂപ നഷ്ടപരിഹാരം നൽകുക, എല്ലാ കാർഷിക വിളകൾക്കും ഉൽപ്പാദന ചിലവിന്റെ ഒന്നരമടങ്ങ് (C2 + 50 %) താങ്ങുവില ഉറപ്പാക്കുക, കർഷകരുടെയും തൊഴിലാളികളുടെയും കടങ്ങൾ എഴുതിത്തള്ളുക, നെല്ലിന്റെ സംഭരണവില 40 രൂപയാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ ഇന്ത്യ കിസാൻ ഖേത് മസ്ദൂർ സംഘടന(എഐകെകെഎംഎസ്)യുടെ ആഭിമുഖ്യത്തിൽ കർഷകർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി.

ജപ്തിനടപടികൾ അവസാനിപ്പിക്കുക, നാണ്യവിളകളുടെ വിലതകർച്ചക്ക് പരിഹാരം ഉണ്ടാക്കുക, റബറിന്റെ താങ്ങുവില 250 രൂപയാക്കുക, വിത്ത്, വളം, കീടനാശിനികൾ എന്നിവയുടെ വിലക്കയറ്റവും ക്ഷാമവും തടയുക, കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക, കർഷകർക്കും കർഷക തൊഴിലാളികൾക്കും 10,000 രൂപ പെൻഷൻ നൽകുക, കൃഷിക്ക് സൗജന്യ വൈദ്യുതി നിഷേധിക്കുന്ന സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുക, കർഷകരുടെ മേൽ സർഫാസി ആക്ട് നടപ്പിലാക്കരുത് തുടങ്ങിയ ആവശ്യങ്ങളും സമരത്തിനാധാരമായി സംഘടന ഉന്നയിച്ചു.




വന്യജീവി ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം ആവശ്യപ്പെട്ട് എഐകെകെഎംഎസിന്റെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച്.

സംസ്ഥാന പ്രസിഡന്റ് കെ.അബ്ദുൾ അസീസ് അദ്ധ്യക്ഷത വഹിച്ച മാർച്ച്, കെ റെയിൽ വിരുദ്ധ ജനകീയ സമരസമിതി ജനറൽ കൺവീനറും എഐകെകെഎംഎസ് സംസ്ഥാന വൈസ് പ്രസിഡന്റുമായ എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. വന്യമൃഗങ്ങളുടെ ആക്രമണം മൂലം കേരളത്തിലെ മലയോര മേഖല കടുത്ത പ്രതിസന്ധി നേരിടുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് 1 കോടി രൂപയും ഗുരുതരപരിക്കിന് 25ലക്ഷം രൂപയും നഷ്ടപരിഹാരം നൽകണം. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില വർദ്ധനക്ക് ആനുപാതികമായി സംസ്ഥാനം നൽകുന്ന പ്രൊഡക്ഷൻ ഇൻസെന്റീവിൽ കുറവു വരുത്തുന്ന സമീപനമാണ് കഴിഞ്ഞ നാലഞ്ചു വർഷമായി തുടരുന്നത് അദ്ദേഹം ചൂണ്ടിക്കാട്ടി.

സംസ്ഥാന സെക്രട്ടറി എൻ.വിനോദ് കുമാർ, ട്രഷറർ പി.പി.അബ്രഹാം, വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് പി.ആർ.സതീശൻ, പി.ഭദ്രൻ (ആലപ്പുഴ), എൽ.ഹരിറാം(തിരുവനന്തപുരം), എ.ജി.അജയകുമാർ(കോട്ടയം), ജോർജ് മാത്യു കൊടുമൺ(പത്തനംതിട്ട), ജി.ധ്രുവകുമാർ (കൊല്ലം), പി.സി.ജോളി (എറണാകുളം), എം.കെ.രാജൻ(കോഴിക്കോട്), പി.കെ.ഭഗത് (വയനാട്) എന്നിവർ പ്രസംഗിച്ചു. തുടർന്ന് മുഖ്യമന്ത്രിക്ക് ഭീമഹർജിയും സമർപ്പിച്ചു. ■

Volume: 52 No:9 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Web : kerala.sucicommunist.org Phone: 0471-3557684. Editor: Jaison Joseph.